# സോഷ്യലിസം

385/610.

NATIONAL BOOK ST

# സോഷ്യലിസം

ഗ്രന്ഥകർത്താ:

സി. ജെ. തോമസ്

ബി. എ., ബി. എൽ.

15442

15442/18

നാഷനൽ ബുക്ക് സ്റ്റാൾ

കളരിക്കൽബസാർ .. കോട്ടയം.

1 ക. 4 ണ.

ഒന്നാംപതിപ്പ്

1948 ജൂൺ

വി. ജി. പ്രസ്സ്

കോട്ടയം.

385
610

കമ്യൂണിസ്റ്റ് പാർട്ടിക്ക്

വോട്ടുപിടിച്ച

# എന്റെ അമ്മയ്ക്കു്

# സോഷ്യലിസം

നിങ്ങൾക്കു് സോഷ്യലിസം എന്താണെന്നറിയണം അല്ലേ? അതിനായിരിക്കണമല്ലോ നിങ്ങൾ ഈ പുസ്തകം വായിക്കുന്നതു്.

ആകട്ടെ, ആദ്യമായി നമുക്കു തമ്മിൽ ഒന്നു് പരിചയപ്പെട്ടാം. നിങ്ങൾ ആരാണു്? പിരിച്ചുവിടപ്പെട്ട ഒരു പട്ടാളക്കാരനാണോ? അതോ ഒരു എൻ. ജി. ഓ. ആണോ? അല്ലെങ്കിൽ നിങ്ങൾ ഒരു തൊഴിലാളിയോ കൃഷിക്കാരനോ ആയിരുന്നേക്കാം. ഇനി ചിലപ്പോൾ ഒരു ചെറിയ കച്ചവടക്കാരനാണു്, ഇപ്പുസ്തകം വായിക്കുന്നതെന്നും വരാം. നിങ്ങൾ ആരുതന്നെയും ആയിക്കൊള്ളട്ടെ, നിങ്ങൾക്കു് ചില ജീവിതപ്രശ്നങ്ങൾ ഉണ്ടു്. നിങ്ങൾ പട്ടാളസേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ യുദ്ധത്തിന്റെ ഭീകരസ്വഭാവം അനുഭവത്തിൽനിന്നു് മനസ്സിലാക്കിയിട്ടുണ്ടു്. മനുഷ്യശരീരങ്ങൾ ബോംബേറുകൊണ്ടു് ചിതറുന്നതും വിലതീരാത്ത മന്ദിരങ്ങൾ വെന്തു ചാമ്പലാകുന്നതും നഗരങ്ങളും രാജ്യങ്ങളും നശിക്കുന്നതും നിങ്ങൾ കണ്ടറിഞ്ഞതാണു്. സമരരംഗത്തെ കഥയങ്ങനെ. ഇവിടെ, നാട്ടിൽ, അന്നു് വിലവർദ്ധനവും, ഭയങ്കരമായ പട്ടിണിയും അതിദുസ്സഹമായ പൗരസ്വാതന്ത്ര്യമർദ്ദനവുമാണു് ഉണ്ടായതു്. ഈ ദുരദൃഷ്ടങ്ങൾ ഇന്നും ഏതാണ്ടു് അങ്ങിനെ തന്നെ തുടരുന്നു. ഇത്രമാത്രം മനുഷ്യദ്രോഹപരമായ ഒരേർപ്പാടു്, യുദ്ധം, അതു് എങ്ങിനെയുണ്ടായി, എന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടു്. അതെന്തിനുവേണ്ടി നടത്തുന്നു എന്നു് നിങ്ങൾ അത്ഭുതപ്പെടാറുണ്ടു്. എല്ലാത്തിലുമുപരിയായി ഇതെന്നെങ്കിലും ഇല്ലാതായിത്തീരുമോ എന്നു് നിങ്ങൾ സ്വയം ചോദിക്കുകയും ചെയ്യുന്നുണ്ടു്. യുദ്ധം കഴിഞ്ഞിട്ടു് പിന്നെയും നിങ്ങൾ ഓരോ പ്രശ്നങ്ങളെ നേരിടുകയാണു്. നിങ്ങൾ പട്ടാളത്തിൽനിന്നു് പിരിഞ്ഞിട്ടു്

കാലം കുറെയായി. ഇതുവരെയും നിങ്ങൾക്കൊരു ജോലി കിട്ടിയിട്ടില്ല. ജോലിചെയ്യാൻ നിങ്ങൾ തയ്യാറാണു്; പക്ഷെ എന്തുജോലിയാണു് കിട്ടാനുള്ളതു്. അങ്ങിനെ നിങ്ങൾ ക്രമേണ പട്ടിണിയിലേക്കു് നീങ്ങിക്കൊണ്ടിരിക്കുകയാണു്.

ഇനി നിങ്ങൾ ഒരു എൻ. ജി. ഒ. ആണെന്നു് വിചാരിക്കുക. ഒരു നീണ്ടകാലമായി തുഛമായ ഒരു ശമ്പളത്തിനുവേണ്ടി നിങ്ങൾ പണിയെടുത്തുകൊണ്ടിരിക്കുകയാണു്. കിട്ടുന്ന ശമ്പളം ജീവിതാവശ്യങ്ങൾക്കു് തികയുന്നില്ല. എങ്കിലും ജോലി ഉപേക്ഷിച്ചുപോകുവാൻ നിവൃത്തിയില്ല. ഈ പരിതസ്ഥിതിയിൽ ക്രുനിന്മേൽ കുരുവെന്നതുപോലെ യുദ്ധവും ആരംഭിച്ചു. നിത്യോപയോഗസാധനങ്ങളുടെ വില പത്തിരട്ടിയായി വർദ്ധിച്ചു. ശമ്പളമാണെങ്കിൽ അതനുസരിച്ചു് ഉയർന്നതുമില്ല. ഭൂരിപക്ഷം എൻ. ജി. ഒ മാർക്കും റേഷൻ വാങ്ങുവാൻപോലും തികയാത്ത ശമ്പളമാണു്, കിട്ടുന്നതു്. അതുകൊണ്ടു് അരിഷ്ടിച്ചു സമ്പാദിച്ചുവച്ചിരുന്ന ചെറിയ തുകകൾ നിങ്ങൾ ചെലവാക്കേണ്ടിവന്നു. അതുകൊണ്ടും തികയാതെ വന്നപ്പോൾ ആഭരണങ്ങളും തട്ടുമുട്ടുസാമാനങ്ങളും വിററു. എന്നിട്ടും യുദ്ധമവസാനിച്ചില്ല, വിലയും കുറഞ്ഞില്ല. പിന്നീടു് കിട്ടാവുന്നിടത്തു നിന്നെല്ലാം കടം വാങ്ങിച്ചു ഇതെല്ലാമായിട്ടും വയറുനിറച്ചു് ഒരു നേരം ഉണ്ണാനുള്ള വകയുണ്ടായില്ല. കുട്ടികളെ പഠിപ്പിക്കുന്ന കാര്യമാണെങ്കിൽ പറയാനുമില്ല. ഭാവിയിൽ ഈ കുട്ടികളെ എങ്ങിനെ വളർത്തുമെന്നോർക്കുമ്പോൾ നിങ്ങൾ ഭയംകൊണ്ടു് വിറയ്ക്കുകയാണു്. പോരെങ്കിൽ കുട്ടികൾ പിന്നെയും ഉണ്ടാവുന്നുണ്ടു്. നിങ്ങളുടെ ആരോഗ്യം അദ്ധ്വാനംകൊണ്ടും ആയുസ്സു് വർദ്ധിക്കുന്നതുകൊണ്ടും ക്ഷയിച്ചുവരുകയും ചെയ്യുന്നു. ഇരുളടഞ്ഞ ഒരു ഭാവിയാണു്, നിങ്ങളെ തുറിച്ചുനോക്കുന്നതു്. ഇതുവരെ നിങ്ങൾ ഇതെല്ലാം കർമ്മഫലമെന്നു് ഗണിച്ചു്, മുണ്ടു വരിഞ്ഞുടുത്തു കിടന്നുറങ്ങി. ഒരു രക്ഷയുമില്ലാതെ നട്ടംകറങ്ങിത്തുടങ്ങിയപ്പോൾ നിങ്ങൾ,

തൊഴിലാളികളിൽനിന്ന് ഒരു പാഠം പഠിച്ചു. സംഘടിച്ച് കൂലിക്കൂടുതൽ ചോദിക്കുന്ന സമ്പ്രദായം ആരംഭിച്ചു. പക്ഷേ അപ്പോൾ നിങ്ങൾക്ക് പൊതുയോഗം കൂടാൻ പാടില്ല, സംഘടിക്കയും ചെയ്തുകൂടാ. സമുദായത്തിലെ ഏററവും മർദ്ദിതനായ തൊഴിലാളിക്കു കൂടിയുള്ള ആ ആയുധം, പണിമുടക്ക്, പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യവും നിങ്ങൾക്ക് നിഷേധിച്ചിരിക്കുന്നു.

നമ്മുടെ നാട്ടിലെ ലക്ഷോപലക്ഷം ജനങ്ങളുടെ അവസ്ഥ ഇതാണ്. യുദ്ധത്തിനുശേഷം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മകൊണ്ട് എഴുപത്തഞ്ച് ശതമാനം തൊഴിലാളികൾക്കും പണിയില്ലാതായിത്തീർന്നിരിക്കുന്നു. ജോലി കിട്ടിയാൽത്തന്നെ കിട്ടുന്ന കൂലി ഒട്ടും മതിയാകാത്തതുമാണ്. കർഷകന്റെ കഥയും ഒട്ടും മെച്ചമല്ല. കൃഷിചെയ്യുവാൻ വേണ്ടത്ര സ്ഥലമില്ലാത്ത നമ്മുടെ കർഷകൻ ഇന്ന് ഇരുപത്തെട്ടേകാദശിയും, രണ്ട് പട്ടിണിയുമായിട്ടാണ് കഴിയുന്നത്. മററാരുടെയെങ്കിലും സ്ഥലത്തു കൃഷിചെയ്താൽ ഉണ്ടാവുന്നതിന്റെ സിംഹഭാഗവും ജന്മിഭാഗമായി കൊടുക്കണം. അവന്റെയും കുടുംബം വർദ്ധിക്കുന്നുണ്ട്. അതോടൊപ്പം പട്ടിണിയും. ചെറുകൃഷിക്കാരന്റെ കഥ ഇതാണെങ്കിൽ കർഷകതൊഴിലാളയുടെ കഥ പ്രത്യേകം എടുത്ത് പറയേണ്ട ആവശ്യമില്ലല്ലോ. എട്ടുരൂപാ ശമ്പളംകിട്ടുന്ന ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്റെയും, ചെറിയ കച്ചവടക്കാരന്റെയും, എന്നുവേണ്ട സമുദായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും കഥ ഇതുതന്നെയാണ്.

ഒററവാക്കിൽ പറഞ്ഞാൽ ഇന്നത്തെ സമുദായവ്യവസ്ഥിതിയിൽ ഒരാൾക്കും സുരക്ഷിതത്വമില്ല. താരതമ്യേന ധനവാന്മാരായവർക്കുപോലും അവരുടെ ധനം നഷ്ടപ്പെട്ടുമെന്ന ആശങ്ക നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഓരോരുത്തനും അവനവന്റെ ജീവിതമാർഗ്ഗം സുരക്ഷിതപ്പെടുത്തുവാൻവേണ്ടി വിരണ്ടോടി നടക്കുകയാണ്. ഈ ബഹളത്തിൽ അവർ പരസ്പരം കലഹിക്കുന്നു, ചതിക്കുന്നു, മോഷ്ടിക്കുന്നു, കൊലപാതകം

നടത്തുന്നു. ഇതുകൊണ്ടൊന്നും അവർ വിജയിക്കുന്നുമില്ല. പട്ടിണി, രോഗം, കലഹം, തൊഴിലില്ലായ്മ, യുദ്ധം മുതലായ സാമൂഹ്യരോഗങ്ങൾ കൊടുമ്പിരിക്കൊള്ളുകയാണ്. നിങ്ങളും ഈ ചുഴിയിൽപെട്ട് വട്ടംകറങ്ങുന്നു.

ഈ ദുസ്ഥിതിയിൽ നിന്നൊരു പരിഹാരം നേടാൻ എന്തുമാർഗ്ഗവും സ്വീകരിക്കാൻ നിങ്ങൾ തയാറാണ്. അതുകൊണ്ടാണ് നിങ്ങൾ സോഷ്യലിസത്തെപറ്റി പഠിക്കുന്നത്. നിങ്ങൾ സോഷ്യലിസത്തെപററി ഒട്ടുവളരെ ആരോപണങ്ങൾ കേട്ടിട്ടുണ്ട്. എങ്കിലും ഏതെങ്കിലും ഒരു പോംവഴി വേണമല്ലോ എന്നു നിങ്ങൾ ചിന്തിക്കുകയാണ്. വിമർശകന്മാരാകട്ടെ മറെറാരു വഴിയും നിർദ്ദേശിക്കുന്നുമില്ല. അതുകൊണ്ട് സോഷ്യലിസത്തിൽ എന്തെങ്കിലും കണ്ടേക്കും എന്നൊരാശയും ഉണ്ട്. സോഷ്യലിസം അല്ലാതെ ഇതിനൊന്നിനും പരിഹാരമില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷെ നിങ്ങൾക്കുംകൂടി ആ ബോധം ഉണ്ടാകണമല്ലോ. അതിന് സഹായിക്കുകയാണ് എൻെറ ചുമതല.

മുൻകൂട്ടി ഒന്നു പറയേണ്ടതുണ്ട്. അർത്ഥസത്യങ്ങളുടെയും അബദ്ധജടിലങ്ങളായ ആരോപണങ്ങളുടെയും ദൂഷിച്ചുനാറിയ ഒരന്തരീക്ഷത്തിൽ നിന്നുകൊണ്ടാണ് നാം ഈ പരിശോധന നടത്തുന്നത്. സോഷ്യലിസമാണെങ്കിൽ ഒരു ശാസ്ത്രമാണ്. സാധാരണ ശാസ്ത്രങ്ങൾ പഠിക്കാനുള്ള ബുദ്ധിമുട്ടുകൾ ഇതിനുമുണ്ടാകും. പോരെങ്കിൽ സോഷ്യലിസമെന്നപേരിൽ പല വ്യാജച്ചരക്കുകളും ഇന്ന് മാർക്കററിൽ കടന്നുകൂടിയിട്ടുണ്ട്. അതുകൊണ്ട് അല്പം നിഷ്കൃഷ്ടയായി പഠിക്കാതെ ഈ വിഷയം സുഗ്രഹമാകുന്നതല്ല. ഇനി നമുക്ക് നിർവ്വചനങ്ങളിലേക്കും വ്യാഖ്യാനങ്ങളിലേക്കും ഒന്ന് കടന്നുനോക്കാം.

# ഒരു സ്വപ്നം.

എന്താണ്, സോഷ്യലിസം എന്നാണല്ലോ ആദ്യത്തെ പ്രശ്നം. ഒററവാക്കിൽ അതു് നിർവചിച്ചുകളയാവുന്നതല്ല, സോഷ്യലിസം. എങ്കിലും, മാതൃകാപരമായ ഒരു സാമ്പത്തിക—സാമൂഹ്യ—രാഷ്ട്രീയസമുദായവ്യവസ്ഥിതിയുണ്ട് സോഷ്യലിസമെന്ന് സാമാന്യമായി പറയാം അതു് ഇന്നത്തെ സമുദായവ്യവസ്ഥിതിയിൽ നിന്ന് മൗലികമായി ഭിന്നമായിരിക്കണമെന്നതു് നിസ്സംശയമാണല്ലോ. തൽക്കാലത്തേയ്ക്ക് ദുരിതം നിറഞ്ഞ ഈ ലോകത്തെ മറന്നുകളയാം. നമ്മുടെ ആദർശലോകം എങ്ങിനെയിരിക്കും, എന്നൊന്ന് വിഭാവനം ചെയ്യാം.

ആ സങ്കല്പലോകത്തിൽ പട്ടിണിയില്ല, അർദ്ധപട്ടിണിയില്ല, രോഗവുമില്ല.

അവിടെ തൊഴിലില്ലായ്മയില്ല. കഴിവുള്ളവരെല്ലാം ജോലി ചെയ്യുന്നുണ്ടു്. ദിവസം ആറുമണിക്കൂർ മാത്രമെ ജോലി ചെയ്യേണ്ടതുള്ളൂ. സമൃദ്ധിയായി ജീവിക്കാൻവേണ്ട കൂലി ഓരോരുത്തനും ലഭിക്കുന്നുണ്ടു്. ഓരോരുത്തൻെറയും വാസന അനുസരിച്ചുള്ള ജോലി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടു്

അവിടെ, കഴിയുന്നിടത്തോളം എല്ലാകാര്യങ്ങളും യന്ത്രങ്ങളെക്കൊണ്ടു് ചെയ്യിച്ച് ജോലി ലഘൂകരിക്കുന്നു. ഉല്പാദനത്തിൻെറ എല്ലാവശങ്ങളും ശാസ്ത്രീയമായിട്ടാണ് നടത്തപ്പെടുന്നതു്

അവിടെ ചരക്കുകൾ ഉല്പാദിപ്പിക്കപ്പെടുന്നതു് ജനതയുടെ പൊതുആവശ്യങ്ങളെ പരിഗണിച്ചാണ്; വ്യക്തികളുടെ ലാഭത്തിന് വേണ്ടിയല്ല. അതുകൊണ്ടു് അവിടെ വിലമാററങ്ങളും മത്സരങ്ങളും ഇല്ല. ഇത്തരത്തിൽ ഉല്പാദനം നടത്തുവാൻ ഉല്പാദനോപകരണങ്ങൾ പൊതുമുതലായിരിക്കേണ്ടതുകൊണ്ടു്, സ്ഥലം, ഫാക്ടറികൾ. യന്ത്രങ്ങൾ മുതലായവയെല്ലാം അവിടെ ജനതയുടേതാക്കിത്തീർത്തിരിക്കുന്നു.

അവിടെ സാമൂഹ്യജീവിതം പരസ്പര സഹകരണത്തിലും സ്നേഹത്തിലും അടിയുറച്ചതാണ്. അവിടെ കുട്ടികൾക്കും, വാർദ്ധക്യം ചെന്നവർക്കും സ്ത്രീകൾക്കും പ്രത്യേക രക്ഷാവ്യവസ്ഥകൾ ഉണ്ട്. കലഹത്തിനും യുദ്ധത്തിനും അവിടെ സ്ഥാനമില്ല.

അവിടെ രാജാവില്ല, റൗഡിയില്ല, യാചകനില്ല, മോഷ്ടാവില്ല, വേശ്യയില്ല: എല്ലാവരും ജോലിചെയ്ത് ജീവിക്കുന്ന പൗരന്മാർ.

അവിടെ ജോലികഴിഞ്ഞ് ലഭിക്കുന്ന വിശ്രമാവസരം രസകരമായി വിനിയോഗിക്കുന്നതിന് വേണ്ട എല്ലാ ഏർപ്പാടുകളുമുണ്ട്. അവിടെ അക്ഷരാഭ്യാസമില്ലാത്തവരില്ല. കലയും സാഹിത്യവും ജനങ്ങൾക്കുവേണ്ടിയാണ്. ജനങ്ങൾ കലയിൽ രസിക്കുകയും കലാസൃഷ്ടി നടത്തുകയും ചെയ്യുന്നു.

ഇതെല്ലാം നിയന്ത്രിക്കാനും നടത്താനും വേണ്ടി പരിപൂർണ്ണജനാധിപത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ജനകീയസംഘടന മാത്രമാണ് അവിടെയുള്ള ഭരണക്രമം.

സ്വപ്നമവിടെ നിൽക്കട്ടെ. എന്താ നിങ്ങൾക്ക് ഈ സ്വപ്നലോകം ഇഷ്ടമാണോ? അത് പറയേണ്ട ആവശ്യമില്ല. "പക്ഷേ", നിങ്ങൾ ചോദിക്കും, "ഇത് സാധ്യമാണോ, ഇത് വെറും ഭാവനയല്ലേ, സ്വപ്നമല്ലേ? അതെ. ഇപ്പറഞ്ഞത് സ്വപ്നമാണ്. പക്ഷേ മനുഷ്യവർഗ്ഗചരിത്രത്തിൽ പല സ്വപ്നങ്ങളും യഥാർത്ഥമായി തീർന്നിട്ടുണ്ട്. തീവണ്ടിയും ജ്യോതിശ്ശാസ്ത്രവും; വിമാനവും, ശാകുന്തളവും; റേഡിയോയും, സോവിയററു യൂണിയനും, എല്ലാം ഒരുകാലത്ത് സ്വപ്നങ്ങളായിരുന്നു. സ്വപ്നങ്ങൾ യഥാർത്ഥമായിത്തീരുവാൻ കുറെ കണ്ണീരും കാലവും, രക്തവും വിയർപ്പും എല്ലാം വേണ്ടിവന്നുവെന്നു മാത്രം.

ഈ സ്വപ്നം യഥാർത്ഥമായിത്തീരുന്നതാണ് സോഷ്യലിസം.

# സ്വപ്നത്തിന്റെ കഥ

## പ്ലേറ്റോ, ക്രിസ്തു, മൂർ.

ഈ സ്വപ്നത്തിനൊരു നീണ്ട കഥയുണ്ടു്. പല കാലങ്ങളിൽ, പല രാജ്യങ്ങളിൽ പലരും ഈ സ്വപ്നം കണ്ടിട്ടുണ്ടു്. ഇവയിൽ ഏററവും പ്രാചീനമായതു് യവനതത്വജ്ഞാനിയായ പ്ലേററായുടേതാണു്. ക്രിസ്തുവിനു് മുമ്പു് ജീവിച്ചിരുന്ന ഇദ്ദേഹം 'റിപ്പബ്ലിക്കു്' എന്നൊരു പുസ്തകമെഴുതി, അതിൽ ഒരു മാതൃകാജനാധിപത്യരാഷ്ട്രത്തെയാണു് ചിത്രീകരിച്ചിരിക്കുന്നതു്. ക്രിസ്തു വിഭാവനം ചെയ്ത സ്വർഗ്ഗരാജ്യവും ഏതാണ്ടിങ്ങിനെ ഒന്നായിരുന്നു. അദ്ദേഹം മരണാനന്തരജീവിതത്തെപ്പററി മാത്രമല്ല ചിന്തിച്ചതെന്നുള്ളതു് നിർവ്വിവാദമാണു്. അതുകൊണ്ടായിരിക്കണമല്ലോ, അദ്ദേഹത്തിന്റെ ശിഷ്യന്മാർ സർവ്വവും പൊതുമുതലാക്കുന്ന കമ്യൂണുകൾ സ്ഥാപിച്ചതു്. അതിനു് ശേഷം, തോമസ് മൂർ എന്ന ഇംഗ്ലീഷ് ചിന്തകൻ 'യൂട്ടോപ്പിയാ' എന്നൊരു സാങ്കല്പികരാജ്യത്തെ ചിത്രീകരിച്ചു. * പിന്നീടു് വില്യം മോറിസ് മുതലായ സാഹിത്യകാരന്മാർ ഇങ്ങിനെയുള്ള ആദർശലോകങ്ങളെ വിഭാവനം ചെയ്തിട്ടുണ്ടു്. പക്ഷെ ഈ ആദർശങ്ങളൊക്കെ പുസ്തകത്തിലെ പശുവായി ശേഷിച്ചതേയുള്ളൂ. ഇവർ ആരുംതന്നെ ഈ ആദർശമനുസരിച്ചുള്ള ഒരു സമുദായം കെട്ടിപ്പടുക്കുന്നതിനു് പരിശ്രമിച്ചില്ല അതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള കഴിവും അവർക്കില്ലായിരുന്നു. അ

---

* മൂറിന്റെ 'യൂട്ടോപ്പിയാ'യിൽനിന്നു് സാങ്കല്പികസോഷ്യലിസത്തിനു് യൂട്ടോപ്പിയൻ സോഷ്യലിസം എന്ന പേർ സിദ്ധിച്ചു.

ന്നു് അതിന്നു് കാലംതികഞ്ഞിട്ടുണ്ടായിരുന്നുമില്ല. ക്രിസ്തുവിന്റെ പരിശ്രമങ്ങൾക്കു് പുരോഹിതന്മാരും അജ്ഞരായ ഒരു ജനതയും നല്കിയ പ്രതിഫലം സുവിദിതമാണല്ലോ. അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ പരിശ്രമം, സ്വാർത്ഥമതികളായ അനന്യാസിന്റെയും സഫീറായുടെയും വഞ്ചനകൊണ്ടു് തകരുകയും ചെയ്തു. ഇങ്ങിനെ പ്രഥമപരീക്ഷണങ്ങൾ എല്ലാം പരാജയപ്പെട്ടു.

•

## സൈമൺ, ഫൂറിയർ, ഓവൻ.

പതിനെട്ടാംശതകത്തിന്റെ അവസാനത്തിലും പത്തൊമ്പതാംശതകത്തിന്റെ ആരംഭത്തിലുമായി ചില ചിന്തകന്മാർ ഈ ആദർശം പ്രായോഗികമാക്കുവാൻ പരിശ്രമിച്ചിട്ടുണ്ടു്. ഇവരിൽ പ്രഥമഗണനീയൻ, ഫ്രഞ്ചുകാരനായ സെയിൻറു് സൈമണായിരുന്നു. സൈമൺ ഫ്രഞ്ചു് വിപ്ലവത്തിന്റെ സന്താനമായിരുന്നു. മടിയന്മാരും പണിയെടുക്കുന്നവരും തമ്മിലുള്ള ഒരു സമരമായിട്ടാണു് സൈമൺ ഫ്രഞ്ചു് വിപ്ലവത്തെ കണ്ടതു്. അങ്ങിനെ മനുഷ്യസമുദായത്തിലെ വർഗ്ഗസമരത്തെ ആദ്യമായി വ്യാഖ്യാനിച്ചതും അദ്ദേഹമായിരുന്നു. ഫ്രഞ്ചുവിപ്ലവത്തിൽ സാധാരണക്കാരും വ്യവസായികളും കൂടിച്ചേർന്നു് രാജാധികാരത്തെ തകിടം മറിച്ചു. അഥവാ മുതലാളിത്തത്തിന്റെ ശക്തികൾ ജന്മിത്വത്തിന്റെ ശക്തികളെ തോല്പിച്ചു ബാങ്കറന്മാരും വ്യവസായികളും കച്ചവടക്കാരും എല്ലാം ജോലിചെയ്യുന്നവരായതുകൊണ്ടു് പുരോഗമനവിഭാഗത്തിൽ പെടുന്നവെന്നു് സൈമൺ കണ്ടു. അങ്ങിനെ ജന്മിത്വത്തിൽനിന്നു് മുതലാളിത്തത്തിലേക്കുള്ള പരിവർത്തനത്തെ സൈമൺ മനസ്സിലാക്കുകയും നീതീകരിക്കുകയും ചെയ്തു. സമുദായത്തിൽ നടക്കുന്ന വർഗ്ഗസമരങ്ങളാണു് പരിവർത്തനത്തിന്റെ അടിസ്ഥാനം എന്നു് അദ്ദേഹം അനുമാനി

ച്ചു "എല്ലാവരും പണിയെടുക്കണം" എന്നതായിരുന്നു, അദ്ദേഹത്തിൻെറ മുദ്രാവാക്യം. പക്ഷേ ഫ്രഞ്ചുവിപ്ലവത്തിനുശേഷം, വിപ്ലവത്തിൽ പ്രധാന പങ്കു വഹിച്ച സാധാരണ ജനങ്ങൾക്ക് റിപ്പബ്ലിക്കിൽ സ്ഥാനം ലഭിക്കാത്തതു് സൈമൺ മനസ്സിലാക്കി. മുതലാളിത്തത്തിൻെറ സ്ഥാപനംകൊണ്ടു് സാദ്ധ്യമാകാതിരുന്ന ലക്ഷ്യം, മുതലാളിത്തരീതിയിൽ നിന്നുള്ള പരിവർത്തനംകൊണ്ടു് സാധിക്കുമെന്നദ്ദേഹം ഗണിച്ചു. ഈ പരിവർത്തനത്തിനു് അദ്ദേഹം ഉപാധിയായി കണ്ടതു് വർഗ്ഗസമരത്തെത്തന്നെയായിരുന്നു. ഫ്രഞ്ചുവിപ്ലവത്തിൻെറ ലക്ഷ്യങ്ങളായിരുന്ന "സമത്വം; സ്വാതന്ത്ര്യം; സാഹോദര്യം" എന്നിവ തന്നെയായിരുന്നു, സൈമൺ ആവശ്യപ്പെട്ട പരിവർത്തനത്തിൻെറയും ആദർശം. ഈ പുതിയ സ്വാതന്ത്ര്യസമരത്തെ അപഗ്രഥിച്ചുനോക്കിയപ്പോൾ മനുഷ്യസമുദായചരിത്രത്തെപ്പററി സൈമണു് ചില പുതിയ അറിവുകൾ ലഭിച്ചു. ജന്മിത്വത്തിലും മുതലാളിത്തത്തിലും, വർഗ്ഗങ്ങളെ സൃഷ്ടിക്കുന്നതും, അവ തമ്മിൽ സമരമുണ്ടാക്കുന്നതും, ഈ സമരങ്ങളുടെ ഗതി നിർണ്ണയിക്കുന്നതും എല്ലാം മനുഷ്യൻെറ ഉല്പാദനപ്രവർത്തനങ്ങളാണെന്നു് അദ്ദേഹം കണ്ടു. മനുഷ്യൻെറ ഓരോ പ്രവർത്തിയുടെയും അന്തിമലക്ഷ്യം ജീവിതാവശ്യങ്ങൾ സമ്പാദിക്കുകയാണെന്നും, സാമൂഹ്യജീവിതത്തിൻെറ അടിസ്ഥാനം ഉല്പാദനപ്രവർത്തനമാണെന്നും, സൈമൺ സമർത്ഥിച്ചു. രാഷ്ട്രീയപ്രവർത്തനങ്ങൾ സാമ്പത്തികതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മാത്രമാണു്. നിലവിലിരിക്കുന്ന ഭരണകൂടം അന്നു് അധികാരത്തിലിരിക്കുന്ന വർഗ്ഗത്തിൻെറ സ്ഥാപിതതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഉപാധിയാണെന്നു്, ഇതിൽനിന്നു് തെളിയുന്നു. ഇതാണു് സാമൂഹ്യശാസ്ത്രത്തിനു് സെയിൻറു് സൈമൻെറ സംഭാവന.

മുതലാളിത്തവ്യവസ്ഥയെ ഏററവും നിശിതമായി വിമർശിച്ചു് സമത്വസുന്ദരമായ ഒരു ലോകത്തിനുവേണ്ടി പ്രവർത്തിച്ച മററൊരു മഹാൻ സൈമൻെറ പിൻ

ഗാമിയായ ഫൂറിയർ എന്ന ഫ്രഞ്ചുകാരനായിരുന്നു. ഫൂറിയർ ഒരു യുക്തിവാദിയായിരുന്നു. വിപ്ലവാനന്തരഫ്രാൻസിൽ വിപ്ലവത്തിന്റെ ഉന്നതാദർശങ്ങൾ പരാജയപ്പെട്ടതിന്റെ കാരണമെന്താണെന്നു് അദ്ദേഹം ശാസ്ത്രീയമായി പരിശോധിച്ചുനോക്കി. പഴയ ജന്മിമാരുടെ സ്ഥാനത്തു് കയറിക്കൂടിയ മുതലാളിമാർ സ്വാർത്ഥലാഭത്തിനുവേണ്ടി എന്തും പ്രവർത്തിക്കുന്നുവെന്നു് അദ്ദേഹം കണ്ടു. വിപ്ലവത്തിനുവേണ്ടി അളവില്ലാത്ത യാതനകൾ അനുഭവിച്ചു് ധീരമായി സമരം ചെയ്ത സാധാരണ ജനതയെ, മുതലാളിവർഗ്ഗവും, അവരുടെ ദാസന്മാരായ രാഷ്ട്രീയാധികാരികളും കൂടി അടിച്ചമർത്തുന്നതും അദ്ദേഹം മനസ്സിലാക്കി. ഇതുകൊണ്ടൊന്നും നിരാശനാകാതെ, ഫൂറിയർ പ്രതിവിധികളന്വേഷിക്കുകയാണു് ചെയ്തതു്. രാഷ്ട്രീയജനാധിപത്യവും സാമ്പത്തിക ജനാധിപത്യവും തമ്മിലുള്ള വ്യത്യാസമാണു് ഇതിനെല്ലാം കാരണം എന്നാണു് ഫൂറിയർ അനുമാനിച്ചതു്. സാമ്പത്തികാടിമത്വത്തിൽ കിടക്കുന്ന ഒരു ജനതയ്ക്കു് രാഷ്ട്രീയരംഗത്തു് നിയമപരമായി എത്ര സമത്വമുണ്ടെങ്കിലെന്താണു് പ്രയോജനം. പക്ഷെ രാഷ്ട്രീയ സ്വാതന്ത്ര്യമെങ്കിലുമുള്ള വ്യവസ്ഥ അതിനു് മുമ്പുള്ളതിനെക്കാൾ ഭേദമാണല്ലോ. അങ്ങിനെ ചരിത്രത്തിന്റെ താളുകൾ ഓരോന്നായി പുറകോട്ടു മറിച്ചുനോക്കിയപ്പോൾ ഫൂറിയർ മനുഷ്യവർഗ്ഗത്തിന്റെ നിരന്തരമായ പുരോഗതി മനസ്സിലാക്കി. കിരാതത്വത്തിൽ നിന്നു മനുഷ്യൻ യുഗങ്ങളിൽ കൂടി സംസ്കാരത്തിലേക്കു് പുരോഗമിക്കുന്നതു് അദ്ദേഹത്തിനു് കാണുവാൻ കഴിഞ്ഞു. മനുഷ്യവർഗ്ഗചരിത്രത്തെ അദ്ദേഹം നാലു ഘട്ടങ്ങളാക്കി തിരിച്ചു. മൃഗങ്ങളിൽ നിന്നു് വളരെ ഭിന്നമല്ലാത്ത ഒരു കാലമാണു് ഒന്നാമത്തെ ഘട്ടം. രണ്ടാമത്തേതു് കിരാതത്വത്തിൽ നിന്നു് പുരോഗമിച്ചു് കൃഷിയും, അല്പാല്പമായി സാമൂഹ്യജീവിതവും ആരംഭിച്ച അപരിഷ്കൃത കാലഘട്ടമാണു്. കുടുംബത്തിലെ കാരണവർ സർവ്വാധികാരിയായി ഭരിച്ചിരുന്ന കാലമാണു്

ഫൂറിയറുടെ മൂന്നാം ഘട്ടം. ഈ ഘട്ടം ഏതാണ്ട് ജന്മിത്വ കാലത്തോട്ട് സമമാണ്. ഫൂറിയർ പരിഷ്കൃത കാലമെന്ന് നാമകരണം ചെയ്തതു് ഫ്രഞ്ച് വിപ്ലവത്തിന് ശേഷമുള്ള മുതലാളിത്ത കാലഘട്ടത്തെയാണ്. ഇങ്ങിനെ സമുദായത്തെ ഇടയ്ക്കിടയ്ക്ക് വിപ്ലവപരമായ മാററങ്ങളോടുകൂടി നിരന്തരം പുരോഗമിക്കുന്ന ഒരു പ്രവാഹമായിക്കാണുന്ന രീതിയാണ് ചരിത്രപരമായ ഭൗതികവാദം. ഫൂറിയരുടെ അനുമാനങ്ങളിൽ പല മാറ്റങ്ങളും ആധുനികശാസ്ത്രജ്ഞന്മാർ വരുത്തിയിട്ടുണ്ട്. പക്ഷെ ചരിത്രപരമായ ഭൗതികവാദത്തിൻെറ അടിത്തറ പണിതതു് ഫൂറിയറാണെന്ന് വ്യക്തമായിക്കഴിഞ്ഞല്ലൊ.

സൈമൻെറയും, ഫൂറിയറുടെയും ആദർശങ്ങളെ കുറെക്കൂടി വളർത്തുകയും, കുറെയൊക്കെ പ്രായോഗികമാക്കിത്തീർക്കുവാൻ പരിശ്രമിക്കുകയും ചെയ്തതു് ഇംഗ്ലീഷുകാരനായ റോബർട്ട് ഓവനായിരുന്നു. ഇംഗ്ലണ്ടിലെ വ്യവസായപരിവർത്തനത്തിൻെറ കാലത്താണ് ഓവൻ ജീവിച്ചിരുന്നതു്. അക്കാലത്തു് ഇംഗ്ലണ്ടിലെ മുതലാളിയും തൊഴിലാളിയും സാന്മാർഗ്ഗികമായി വളരെ അധഃപതിച്ചാണിരുന്നതു്. ലാഭമുണ്ടാക്കുവാൻവേണ്ടി എന്തും ചെയ്യുവാൻ മുതലാളികൾ അന്നു മടിച്ചിരുന്നില്ല. തൊഴിലാളികളെ ഞെക്കിപ്പിഴിയുന്നതിന് ഒരു അതിരും ഇല്ലായിരുന്നു. വ്യവസായകാര്യങ്ങളിൽ ഗവമ്മെൻറു് കൈകടത്തുന്നതിനെ അവർ എതിർത്തു. ഓവനും ഒരു തുണിമില്ലിൻെറ മാനേജരായിരുന്നു. പക്ഷെ ലാഭം മാത്രമായിരുന്നില്ല അദ്ദേഹത്തിൻെറ ജീവിതോദ്ദേശ്യം. അന്ന് നിലവിലിരുന്ന അസാന്മാർഗ്ഗികതയെ അദ്ദേഹം ഹൃദയപൂർവ്വം വെറുത്തു. അതിന് ഒരു നിവാരണമുണ്ടാക്കുക ജീവിതലക്ഷ്യമായി സ്വീകരിച്ചു. ഈ ലക്ഷ്യത്തോടുകൂടി അദ്ദേഹം നടത്തിയ പഠനങ്ങളിൽനിന്ന്, മനുഷ്യസ്വഭാവം, ജന്മവാസനയുടെയും സാഹചര്യങ്ങളുടെയും പൊതുഫലമാണെന്ന് അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു സാഹചര്യം

നന്നാക്കി മനുഷ്യനെ നന്നാക്കുക എന്ന ആദർശത്തിനു വേണ്ടിയാണു് തനിക്കു ലഭിച്ച അവസരത്തെ ഓവൻ ഉപയോഗിച്ചതു്. മാഞ്ചെസ്റ്ററിലെ ഒരു മില്ലിൽ അദ്ദേഹം പല പരീക്ഷണങ്ങളും നടത്തി വിജയിച്ചു. 1800-ാമാണ്ടിൽ അദ്ദേഹം സ്കോട്ട്ലണ്ടിലെ "ന്യൂലാനാർക്കു്" എന്ന മില്ലിലെ പങ്കുകാരനായി. അതിന്റെ നടത്തിപ്പുകാരനും അദ്ദേഹമായിരുന്നു. അവിടെ അദ്ദേഹം 29 വർഷം ജോലി ചെയ്തു. ഇതിനിടയിൽ പല തരം ആളുകളെയും അദ്ദേഹം അവിടെ തൊഴിലാളികളായി കൊണ്ടുവന്നു "ന്യൂലാനാർക്കു്" ഒരു മാതൃകാകോളണിയായി ഉയർന്നുവന്നു 2500 ആളുകളെ അദ്ദേഹം ഉത്തമസാമൂഹ്യജീവികളാക്കിത്തീർത്തു. അവിടെ മദ്യപാനമോ, പോലീസോ, ന്യായാധിപന്മാരോ, വ്യവഹാരങ്ങളോ, ധർമ്മസ്ഥാപനങ്ങളോ, പിച്ചക്കാരോ ഉണ്ടായിരുന്നില്ല. മറ്റു തുണിമില്ലുകളിൽ പ്രവൃത്തിസമയം പതിമൂന്നും പതിന്നാലും മണിക്കൂറുകളായിരുന്നപ്പോൾ ന്യൂലാനാർക്കിൽ പത്തരമണിക്കൂർ മാത്രമായിരുന്നു. നാലുമാസത്തേക്കു് മില്ലു് പൂട്ടിയിട്ടിട്ടും തൊഴിലാളികൾക്കു് കൂലികൊടുത്തുകൊണ്ടിരുന്നു. രണ്ടുവയസ്സിനു മേലുള്ള കുട്ടികൾക്കുവേണ്ടി അദ്ദേഹം സ്കൂളുകൾ ഏർപ്പെടുത്തി. ഇങ്ങിനെ എല്ലാം ചെലവുചെയ്തിട്ടും മുടക്കുമുതലിനു് 5 ശതമാനം പലിശയും 3,00,000 പവൻ ലാഭവും കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതുകൂടാതെ മില്ലിന്റെ വില ഇരട്ടിയായി വർദ്ധിക്കുകയും ചെയ്തു. ഇതുകൊണ്ടൊന്നും ഓവൻ സംതൃപ്തനായില്ല. തൊഴിലാളികൾ അദ്ദേഹത്തിന്റെ അടിമകൾ മാത്രമായിരുന്നു എന്നദ്ദേഹം പരാതിപ്പെട്ടു. പോരെങ്കിൽ ഈ പ്രവർത്തനങ്ങൾ തന്നെ മറ്റു മില്ലുകളുടെ മത്സരം വർദ്ധിച്ചുവരുകയോ സാമ്പത്തികാധഃപതനമുണ്ടാവുകയോ ചെയ്യുമ്പോൾ സാധ്യമല്ലാതായിത്തീരും എന്നദ്ദേഹം അനുഭവത്തിൽനിന്നു് മനസ്സിലാക്കി. ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾകൊണ്ടുമാത്രം തൊഴിലാളിവർഗ്ഗത്തെ രക്ഷിക്കാൻ കഴിയുകയില്ലെന്നു് അ

ദ്ദേഹത്തിന്നു് ബോദ്ധ്യമായി. തൊഴിലാളിയുടെ സഹ
ചര്യം നന്നാക്കാൻ പുറപ്പെട്ട അദ്ദേഹത്തിന്ന് സഹച
ര്യമെന്നതു് സമുദായഘടനയെ മുഴുവനും ഉൾക്കൊള്ളു
ന്നുവെന്നു് മനസ്സിലാക്കി. സഹചര്യം നന്നാക്കുകയെ
ന്നുവച്ചാൽ സമുദായഘടന പാടെ ഉടച്ചുവാർക്കുകയാ
ണെന്നദ്ദേഹം കണ്ടു. സമുദായത്തിന്റെ സാമ്പത്തിക
ഘടനയിൽ തന്നെ എന്തോ അടിസ്ഥാനപരമായ തെററു
ണ്ടെന്നു് അദ്ദേഹത്തിന്നു തോന്നി. ഒരു നല്ല ധനശാസ്ത്ര
ജ്ഞനായിരുന്നതുകൊണ്ടു് ഈ തെററെന്താണെന്നു് ക
ണ്ടുപിടിക്കാൻ ഓവന്നു് വലിയ പ്രയാസമുണ്ടായില്ല.
2500 തൊഴിലാളികളുടെ പ്രയത്നഫലമായ ഉണ്ടായി
ക്കൊണ്ടിരുന്ന ചരക്കു് ഉല്പാദിപ്പിക്കുവാൻ, അമ്പതു് വ
ർഷങ്ങൾക്കു മുമ്പാണെങ്കിൽ 6,00,000 തൊഴിലാളികൾ
പണിയെടുക്കണമെന്നു് അദ്ദേഹം കണ്ടുപിടിച്ചു. ആറു
ലക്ഷം തൊഴിലാളികൾക്കു കൊടുക്കേണ്ടിയിരുന്ന കൂലി
യിൽ നിന്നാണു് 2500 തൊഴിലാളികൾക്കു് കൂലി കൊ
ടുത്തുകൊണ്ടിരുന്നതു്. അപ്പോൾ ഒരു വലിയ മിച്ചമു
ണ്ടായിരിക്കണം. ഈ മിച്ചമെവിടെ? ഈ മിച്ചമാണു്
മില്ലുടമസ്ഥന്മാർക്കു് കൊടുത്തുകൊണ്ടിരുന്ന പലിശയും
ലാഭവും. യന്ത്രങ്ങളുടെ സഹായംകൊണ്ടാണു് ഇത്രയും
ചുരുങ്ങിയ സംഖ്യ ആളുകൾക്കു് ഇത്രയധികം ചരക്കു്
ഉല്പാദിപ്പിക്കാൻ കഴിഞ്ഞതു്. യന്ത്രമാണെങ്കിൽ, അതു്
ആരെങ്കിലും ഒരാൾ ഉണ്ടാക്കിയതല്ല. അതു് സമുദായ
ത്തിന്റെ പൊതുജ്ഞാനത്തിന്റെയും പ്രയത്നത്തിന്റെ
യും ഫലമാണു്. അങ്ങിനെ സമുദായത്തിന്നു് പൊതു
വായി ലഭിക്കേണ്ട സമ്പത്താണു് കുറച്ചുപേർ പ്രതിഫ
ലമായി പററിയതു് എന്നു് ഓവൻ മനസ്സിലാക്കി. ഇ
ങ്ങിനെ തൊഴിലാളിയെ പററിച്ചു് കൊള്ളലാഭമടിക്കാ
നുള്ള ഏർപ്പാടാണു് മത്സരത്തിൽ അടിസ്ഥാനപ്പെട്ടതായ
ഉല്പാദനസമ്പ്രദായം. ഉല്പാദനച്ചെലവു് കുറയുന്തോറും
ലാഭം വർദ്ധിക്കുന്നു. അതുകൊണ്ടാണു് "ന്യൂലാനാർ
ക്കി"ലെ പോലെ മററു മില്ലുകളിൽ കൂലി കൂട്ടിക്കൊടു
ക്കാത്തതു്. സ്വാർത്ഥലാഭം മാത്രം ജീവിതലക്ഷ്യമാക്കി

യാലത്തെ അനിഷ്ടഫലങ്ങൾ ഓവൻ മനസ്സിലാക്കുകയും അതിനെ വിമർശിക്കുകയും ചെയ്തു, ലാഭത്തിനുവേണ്ടി നടത്തുന്ന എല്ലാവിധ ചൂഷണത്തെയും; വഞ്ചന, മോഷണം, കള്ളഅളവുകളും തൂക്കങ്ങളും അന്യായപലിശ മുതലായവയെയും ലാഭക്കൊതി നീതീകരിക്കുന്നു. മത്സരത്തിന്റെ ഫലമായി ധനവാന്മാർ കൂടുതൽ ധനവാന്മാരാവുകയും, ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. ഉല്പാദനത്തിൽ മത്സരമുണ്ടാവുന്നതുകൊണ്ട് കൂലി കുറഞ്ഞുവരുന്നു. മനുഷ്യാവശ്യങ്ങളെ പരിഗണിക്കാതെ ലാഭത്തിനുവേണ്ടിമാത്രം നടത്തപ്പെടുന്ന ഉല്പാദനപ്രവർത്തനം ആവശ്യമുള്ള സാധനങ്ങൾക്ക് ദുർഭിക്ഷവും, മററുള്ളവസ്തു ആവശ്യത്തിലധികമുള്ള ഉല്പാദനവും ഉണ്ടാക്കിത്തീർക്കുന്നു. ഇതു് വിലയിടിവു്, സാമ്പത്തികാധഃപതനം, തൊഴിലില്ലായ്മ, പട്ടിണി എന്നിവയിലേയ്ക്കാണു് നയിക്കുന്നതു്. പൊതുവേ പറഞ്ഞാൽ ലാഭത്തെ മാത്രം ലക്ഷ്യമാക്കി നടത്തുന്ന വ്യവസായികോല്പാദനം അസാന്മാർഗ്ഗികമായ ഒരു സമ്പ്രദായമാണെന്നു് ഓവൻ മനസ്സിലാക്കി. മത്സരത്തിന്റെ സ്ഥാനത്തു് സഹകരണം ലക്ഷ്യമായിത്തീരുന്ന ഉല്പാദനരീതിയിൽ മാത്രമേ രക്ഷയുള്ളുവെന്നദ്ദേഹം കാണുകയും അതിനുവേണ്ടി ചില പരിശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതു് സ്വകാര്യസ്വത്തവകാശത്തിൽ കൈകടത്താതെ ചെയ്യുക സാധ്യമായിരുന്നില്ല. സ്വകാര്യസ്വത്തിനെ പൂജിക്കുന്ന മുതലാളിത്വം, അതിനെ അനുഗ്രഹിക്കുന്ന സംഘടിതമതവും അദ്ദേഹത്തെ എതിർക്കുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. എങ്കിലും അദ്ദേഹം പിൻവാങ്ങിയില്ല. പല സ്ഥലങ്ങളിലും അദ്ദേഹം ചെറിയ കമ്യൂണിസ്റ്റ് കോളണികൾ സ്ഥാപിച്ചു ഈ പരിശ്രമം സമാരംഭിച്ചതോടുകൂടി മുതലാളി അദ്ദേഹത്തെ വളഞ്ഞു് യുദ്ധം തുടങ്ങി. മത്സരംകൊണ്ടു് അവർ ഓവന്റെ കോളണികളെ പൊളിച്ചു. അദ്ദേഹം നിർദ്ധനനായി. സമുദായഭ്രഷ്ടനുമായി. ഔദാര്യം മാത്രമായി കഴിഞ്ഞുകൂടിയിരുന്നപ്പോൾ അദ്ദേഹം പ്രസിദ്ധനായിരുന്നു; ജനസമ്മത

നായിരുന്നു. ചക്രവർത്തിമാർ അദ്ദേഹത്തെ അഭിമുഖസംഭാഷണത്തിനു് ക്ഷണിച്ചിരുന്നു. മുതലാളിമാർ ഓവനെ മുതലാളിവർഗ്ഗത്തിന്റെ സ്ഥാനാപതിയായി വാഴ്ത്തിയിരുന്നു. പക്ഷെ വിപ്ലവപരമായ പ്രവർത്തനം തുടങ്ങിയതോടുകൂടി അദ്ദേഹം നിഷിദ്ധനായി. ഈ അനുഭവം ഇപ്പോഴും പല വിപ്ലവകാരികൾക്കും വരാറുണ്ടു്. വിപ്ലവം സംസാരിക്കുക മാത്രമാണെങ്കിൽ അധികാരിവർഗ്ഗം നിങ്ങളെ താലോലിക്കും. പക്ഷെ പ്രവർത്തിപഥത്തിലേക്കിറങ്ങുമ്പോൾ നിങ്ങൾക്കു് ചുററും ഭൂമികുലുക്കങ്ങൾ തന്നെ നേരിടേണ്ടിവരും. * ഇതെല്ലാമായിട്ടും ഓവൻ പിൻവാങ്ങിയില്ല, നിരാശപ്പെട്ടുമില്ല. ജീവിതകാലം മുഴുവനും അദ്ദേഹം തൊഴിലാളികൾക്കായി പ്രവർത്തിച്ചു. 1819-ൽ സ്ത്രീകളുടെയും കുട്ടികളുടെയും പ്രവർത്തിസമയം ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയമം ബ്രിട്ടീഷ് പാർലമെൻറിൽ പാസ്സാക്കിയതും ഓവന്റെ അഞ്ചുവർഷത്തെ പരിശ്രമഫലമായിട്ടാണു്. 1834-ൽ നടന്ന ഒന്നാമത്തെ ബ്രിട്ടീഷ് ട്രേഡ്യൂണിയൻ കോൺഗ്രസ്സിൽ ഓവൻ അദ്ധ്യക്ഷനായിരുന്നു. ഇതിൽ നിന്നെല്ലാം അദ്ദേഹം തെളിയിച്ചതു് തൊഴിലാളിവർഗ്ഗത്തിന്റെ ദൈനംദിനജീവിതസമരങ്ങളിൽ ഏർപ്പെടാത്ത, വിപ്ലവാത്മകത്വം പൊള്ളയാണെന്നാണു്. സഹകരണപ്രസ്ഥാനവും ഓവന്റെ സംഭാവനയാണു്. മുതലാളിത്തത്തിനും സോഷ്യലിസത്തിനും ഇടക്കുള്ള അന്തരാളഘട്ടത്തിൽ കുറെയൊക്കെ സാമൂഹ്യനീതി നടത്തുവാൻ സഹകരണപ്രസ്ഥാനത്തിനു് കഴിവുണ്ടു്. ഇന്നു് ഇംഗ്ലണ്ടിലെ സഹകരണപ്രസ്ഥാനത്തിനു് 90,00,000 അംഗങ്ങൾ ഉണ്ടു്. ഇത്ര മഹനീയമായ സേവനങ്ങൾ എല്ലാം ചെയ്തെങ്കിലും ഓവൻ പരാജയപ്പെടുകയാണു് ചെയ്തതു്. ഒരു വ്യക്തി

---

* ജയപ്രകാശിന്റെ സോഷ്യലിസമാണെങ്കിൽ സ്വീകാര്യമാണെന്നു് തിരുവിതാംകൂറിലെ ഒരു നേതാവു് പറഞ്ഞതു് ഓർമ്മിക്കുക.

അയാൾ എത്ര തന്നെ പ്രതിഭാശാലിയായിരുന്നാലും സമുദായത്തെ മാററി തീർക്കാൻ ശക്തനല്ലെന്നു് ഓവൻെറ ജീവിതം തെളിയിച്ചു. സ്വകാര്യസ്വത്തുടമ നിലനില്ക്കുന്ന കാലത്തോളം യഥാർത്ഥമായ സാമൂഹ്യപുരോഗതി സാദ്ധ്യമല്ലെന്നും മുതലാളിവർഗ്ഗം എന്തായുധമെടുത്തും സ്വന്തം താല്പര്യത്തിനുവേണ്ടി പോരാടുമെന്നും ലോകത്തിനു് കാണിച്ചുകൊടുത്തതു് ഓവനാണു്. സമുദായ വ്യവസ്ഥിതിയെ സമൂലം ഉടച്ചുവാർക്കുന്ന ഒരു വിപ്ലവത്തിനു മാത്രമേ ലോകം നന്നാക്കാൻ കഴിയൂ എന്നു് ഓവൻെറ പരാജയം കാണിച്ചുതന്നു. ഓവൻ പരാജയപ്പെട്ടു. പക്ഷെ ആ പരാജയം വിജയത്തിലേക്കുള്ള ഒരു ചവിട്ടുപടിയായിരുന്നു. ഓവനോടുകൂടി സോഷ്യലിസമെന്ന സ്വപ്നം ശാസ്ത്രത്തോട്ടു് ഏററവും അടുത്തുവന്നു. അടുത്ത കാലഘട്ടത്തിലെ ശാസ്ത്രീയ സോഷ്യലിസത്തിനു് അടിസ്ഥാനം ഓവൻെറ അനുമാനങ്ങളും, അനുഭവങ്ങളുമായിരുന്നു. ഓവൻ ലോകത്തിലെ അവസാനത്തെ സാങ്കല്പിക സോഷ്യലിസ്റ്റായിരുന്നു.

# സ്വപ്നത്തിനപ്പുറം.

## മാർക്സ്, എംഗൽസ്.

ഓവന്റെ പിൻഗാമികളിൽ ഏററവും പ്രധാനപ്പെട്ടവർ മാർക്സ്, എംഗൽസ് എന്ന രണ്ടു് ജമ്മൻ തത്വശാസ്ത്രജ്ഞന്മാരായിരുന്നു. അവരും ഒരു മാതൃകാസമുദായ വ്യവസ്ഥിതിയെ സ്വപ്നം കണ്ടു. പക്ഷെ, പ്ലേറേറായും മററും കണ്ട സ്വപ്നത്തെ അപേക്ഷിച്ച് സൈമണിന്റെയും മററും സ്വപ്നം കുറെ കൂടി യഥാത്ഥമായിരുന്നതുപോലെ തന്നെ ഓവന്റെയും മററും സ്വപ്നത്തെ അപേക്ഷിച്ച് മാർക്സിന്റെയും മററും സ്വപ്നം കുറെക്കൂടി ശാസ്ത്രീയമായിരുന്നു. അതിന് അവർക്കു് കൂടുതൽ സൌകര്യങ്ങളും ലഭിച്ചു. ഒന്നാമതായി, അവർ തത്വശാസ്ത്രത്തിൽ അഗാധപണ്ഡിതന്മാരായിരുന്നു. അയഥാത്ഥ വാദപ്രതിവാദങ്ങളിൽ കിടന്നു നട്ടംതിരിഞ്ഞിരുന്ന പാശ്ചാത്യ ഫിലോസഫിയെ ആധുനിക ശാസ്ത്രീയതത്വത്തിലേക്കുയത്തിയതു് അവരായിരുന്നു. അതുകൊണ്ടു് പ്രപഞ്ചത്തെയാകെ അവർക്ക് ശാസ്ത്രീയമായി വീക്ഷിക്കുവാനും പഠിക്കാനും കൃത്യമായ അനുമാനങ്ങളെടുക്കുവാനും കഴിഞ്ഞു. രണ്ടാമതായി അവർ ഇംഗ്ലണ്ടിൽ ആഡംസ്മിത്തു് മുതലായവർ വളത്തിക്കൊണ്ടുവന്ന ധനതത്വശാസ്ത്രത്തിൽ പണ്ഡിതന്മാരായിരുന്നു. അതുകൊണ്ടു് ഉല്പാദനത്തെ സംബന്ധിച്ചും മററും അവരുടെ അന്വേഷണങ്ങൾ ശാസ്ത്രീയമായിരുന്നു. ഈ പശ്ചാത്തലത്തോടുകൂടിയാണു് മാർക്സും എംഗൽസും ഓവന്റെയും മററും പരീക്ഷണങ്ങളെ പരിശോധിച്ചതു്. ഓവനും മററും നേരിട്ട പ്രതിബന്ധങ്ങളെ അവർക്കു മനസ്സിലാക്കുവാനും, അതിന് പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും കഴിഞ്ഞു അങ്ങിനെ ജർമ്മൻ

തത്വശാസ്ത്രവും, ബ്രിട്ടീഷ് ധനതത്വശാസ്ത്രവും ഫ്രഞ്ച് സോഷ്യലിസവും കൂട്ടി പിരിച്ചുണ്ടാക്കിയ ഒരു വലിയ ചരടാണ് ശാസ്ത്രീയ സോഷ്യലിസം. സൈമണും മററും കണ്ടുപിടിച്ച പല തത്വങ്ങളും ഈ പ്രസ്ഥാനത്തിൽ മാർക്സിനെയും എംഗൽസിനെയും സഹായിച്ചിട്ടുണ്ട്.

## വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദം.

വ്യക്തിയുടെയും സമുദായത്തിന്റെയും നിലനില്പിന്റെ അടിസ്ഥാനം ഭൗതികമാണെന്നാണ് തത്വശാസ്ത്രപരമായി മാർക്സ് സിദ്ധാന്തിച്ചത്. ഈ ലോകം ഭൗതികമാണെന്നും (അതായത് ചിന്തയിൽമാത്രം നിലനിൽക്കുന്നതല്ലെന്നും) അത് യഥാർത്ഥമാണെന്നും മററു പലരും മാർക്സിനു മുമ്പുതന്നെ സിദ്ധാന്തിച്ചിട്ടുണ്ടായിരുന്നു. ഈ ചിന്താഗതിയാണ് ഭൗതികവാദം എന്നറിയപ്പെടുന്നത്. സയൻസിന്റെ വളർച്ചയോടുകൂടി അത്ഭുതകരമെന്ന് ഗണിക്കപ്പെട്ടിരുന്ന പല കാര്യങ്ങൾക്കും ശാസ്ത്രീയവ്യാഖ്യാനങ്ങൾ ഉണ്ടായി. ഇത് ഭൗതികവാദത്തെ വളരെ ശക്തിപ്പെടുത്തി. എന്നാൽ ലോകത്തെ, പുരോഗതിയില്ലാത്ത ഒരു യന്ത്രത്തോടുപമിക്കുന്നതിന് ചില ചിന്തകന്മാർ പരിശ്രമിച്ചതുകൊണ്ട് യാന്ത്രികഭൗതികവാദം എന്നൊരു ചിന്താഗതി ഉയർന്നുവന്നു. ഈ ചിന്താഗതി ശാസ്ത്രീയമല്ലാതിരുന്നതിനാൽ കുറെ ഭൗതികവാദികൾ ആശയവാദത്തിലേക്ക് തിരിച്ചുപോകാനിടയായി. മാർക്സ് ഇരുവശത്തെയും തെററുകളെ തിരുത്തി ഒരു പുതിയ ഭൗതികസിദ്ധാന്തം സ്ഥാപിച്ചു. വൈരുദ്ധ്യവാദത്തിന്റെ സഹായംകൊണ്ടാണ് മാർക്സിനു് ഇക്കാര്യം ചെയ്യാൻ കഴിഞ്ഞതു. വൈരുദ്ധ്യവാദമനുസരിച്ച് പ്രപഞ്ചത്തിൽ വിരുദ്ധശക്തി

കൾ പ്രവർത്തിക്കുന്നു. ഈ വിരുദ്ധശക്തികളുടെ സംഘട്ടനത്തിൽനിന്നു് പുതിയതോരോന്നുണ്ടാകുന്നു. ഈ തത്വമനുസരിച്ച മാത്രമേ ഭൗതികവാദവും പുരോഗതിയും യോജിക്കുകയുള്ളൂ. മാർക്സും എംഗൽസും കൂടി സ്ഥാപിച്ച ഈ തത്വത്തിനു് വൈരുദ്ധ്യാതിഷ്ഠിതമായ ഭൗതികവാദം എന്നു് പേരുപറയുന്നു.

## ചരിത്രപരമായ ഭൗതികവാദം.

ഈ തത്വം പ്രപഞ്ചത്തിനൊട്ടാകയും ഓരോ ഘടകങ്ങൾക്കു പ്രത്യേകിച്ചും ബാധകമാണു്. അതുകൊണ്ടു് മനുഷ്യവർഗ്ഗചരിത്രത്തിന്റെ കാര്യത്തിലും ഈ തത്വം പ്രയോഗിക്കേണ്ടതാണു്. അങ്ങിനെ ചെയ്താൽ ലഭിക്കുന്ന ഫലമെന്താണു്. ഇതുവരെ ചരിത്രം കുറെ വീരന്മാരുടെ കഥകളായിരുന്നെങ്കിൽ ഭൗതികവാദത്തിന്റെ കണ്ണിൽ അതു് ഒരു സമുദായത്തിന്റെ വളർച്ചയുടെ കണക്കായിത്തീരുന്നു. മനുഷ്യവർഗ്ഗചരിത്രത്തെ നമുക്കൊന്നു പരിശോധിക്കാം.

അതൊരു നീണ്ട കഥയാണു്. പണ്ടു് പണ്ടു്, എന്നു് വച്ചാൽ വളരെ പണ്ടു് മനുഷ്യൻ കാട്ടാളനായിരുന്നു. അന്നു് ഒരു വസ്ത്രവും ഉണ്ടായിരുന്നില്ല. അതിനു് ആവശ്യവും ഇല്ലായിരുന്നു. മനുഷ്യൻ നഗ്നനായി നടന്നിരുന്നു. കായ്കനികൾ പറിച്ചുതിന്നും മൃഗങ്ങളെ വേട്ടയാടിയും ആണവർ ജീവിച്ചിരുന്നതു്. അവനു് വീടുണ്ടായിരുന്നില്ല. ഗുഹകളിലും മരക്കൊമ്പുകളിലും രാത്രികഴിച്ചുകൂട്ടുകയായിരുന്നു പതിവു്. അന്നു് രാജ്യവുമില്ല, മുതലാളിയുമില്ല, വിവാഹവുമില്ല മതവുമില്ല. ഭാഷയും സംഗീതവുമൊന്നും അന്നു് ഉണ്ടായിരുന്നില്ല. അന്നു് പ്രകൃതിശക്തികളുടെ വൈപരീത്യമല്ലാതെ മനുഷ്യനു് പ്രശ്നങ്ങളുണ്ടായിരുന്നില്ല. ഏതാണ്ടു് ഈ കാലഘട്ടത്തെയാണു് ഫൂറിയർ കിരാതത്വമെന്നു് വിളിച്ചതു്.

കാലക്രമത്തിൽ മനുഷ്യൻെറ അറിവു് വർദ്ധിച്ചു. ജീവിതാവശ്യങ്ങളും കൂടുതലായി. മൃഗങ്ങളെ കൊല്ലാൻ ആയുധങ്ങൾ കണ്ടുപിടിച്ചു ഭക്ഷണം പാകംചെയ്യുവാൻ അഗ്നിയും. അനേകസഹസ്രാബ്ദങ്ങളിലെ വളർച്ചയ്ക്കുശേഷം മനുഷ്യൻ കുറെക്കൂടി ഫലവത്തായ ഉല്പാദനസമ്പ്രദായങ്ങൾ കണ്ടുപിടിച്ചു. മതം, വിവാഹം, കുടുംബം, ഭാഷ, കല എന്നിവയുടെയെല്ലാം ആരംഭവും ആയി. ഈ കാലഘട്ടത്തിൻെറ അവസാനത്തോടുകൂടിയായിരിക്കണം മനുഷ്യൻ കൃഷി കണ്ടുപിടിച്ചതു്. ഇതുവരെ ഒരു രൂപത്തിലുള്ള രാഷ്ട്രീയസംഘടനയും ലോകത്തിലുണ്ടായിരുന്നില്ല. രാഷ്ട്രീയസംഘടന (അഥവാ ഭരണകൂടം) സമുദായത്തിലെ നിയമങ്ങൾ വ്യക്തിയെകൊണ്ടു് അനുസരിപ്പിക്കുന്നതിനുള്ള ഉപകരണമാണല്ലോ. മനുഷ്യൻ സാമുദായികമായി സംഘടിച്ചിട്ടില്ലാതിരുന്ന ഒരു കാലത്തു് ഭരണകൂടത്തിൻെറ ആവശ്യം ഇല്ലായിരുന്നു. പക്ഷെ അന്നും വ്യക്തികൾ തമ്മിൽ പരസ്പരസംഘട്ടനങ്ങൾ ഉണ്ടായിരുന്നു. എയ്തുകൊല്ലപ്പെട്ട ഒരു മൃഗത്തിനുവേണ്ടിയോ ഒരു പെണ്ണിനുവേണ്ടിയോ കലഹിക്കുക സാധാരണമായിരുന്നു. ഈ കലഹങ്ങൾ അവസാനിപ്പിക്കുന്നതിനായിരിക്കണം ആദ്യമായി നിയമങ്ങളും നിയമപാലകന്മാരും ഉണ്ടായതു്. മനുഷ്യൻെറ സാമൂഹ്യസംഘടനയുടെ ആരംഭം കുടുംബത്തിൽനിന്നായിരിക്കണം. വിവാഹം (ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ സ്ഥിരമായ വേഴ്ച) ആരംഭിച്ചതോടുകൂടി കുടുംബവും ആരംഭിച്ചു. ഈ കുടുംബങ്ങൾ വർദ്ധിച്ചു വലുതായിത്തീർന്നുണ്ടായവയാണു് വംശങ്ങളും വർഗ്ഗങ്ങളും.

ഈ കാലത്തു് പ്രകൃതിവിഭവങ്ങൾ മനുഷ്യനു് വേണ്ടതിലധികമായിരുന്നു. പരസ്പരം മത്സരിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതുകൊണ്ടു് ചില സ്ഥലങ്ങളിൽ ഈ പുരാതനകാലത്തു് യാതൊരു കലഹവുമില്ലാതെ പരസ്പരം സഹകരിച്ചു് ജീവിക്കുന്ന ചില മനുഷ്യസംഘങ്ങൾ ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു.

ഇത്തരം സമുദായവ്യവസ്ഥിതിയ്ക്കു് "പ്രാകൃതകമ്യൂണിസം" എന്നു് ശാസ്ത്രജ്ഞന്മാർ പേരുകൊടുത്തിരിക്കുന്നു.

ജനസംഖ്യയുടെ വർദ്ധനവു് ഈ മാതൃകാവ്യവസ്ഥിതിയെ തകർത്തുകളഞ്ഞു. മനുഷ്യർ വർദ്ധിക്കുന്നതനുസരിച്ചു് വാസയോഗ്യമായ സ്ഥലം വർദ്ധിക്കുന്നില്ലല്ലോ. അങ്ങിനെ ജീവിതമാർഗ്ഗങ്ങൾ കുറഞ്ഞതോടുകൂടി മനുഷ്യർ പരസ്പരം കലഹിച്ചുതുടങ്ങി. ഉല്പാദനരീതികൾ പിന്നെയും വളർന്നുവെങ്കിലും ജീവിതം ഒരു പ്രശ്നമായിത്തന്നെ അവശേഷിച്ചു. സ്വന്തതാല്പര്യങ്ങൾക്കുവേണ്ടി പടവെട്ടുന്ന സമ്പ്രദായം വന്നതോടുകൂടി മനുഷ്യൻ ആത്മരക്ഷക്കുവേണ്ടി സംഘങ്ങളായി സംഘടിക്കാൻ തുടങ്ങി. ഈ സംഘങ്ങൾക്കു് കൂട്ടത്തിലെ കാരണവരോ, മന്ത്രവാദികളോ, സേനാനായകനോ നേതൃത്വം കൊടുത്തുകൊണ്ടിരുന്നു. ശത്രുവിനോടു പടവെട്ടാൻവേണ്ടി ഉണ്ടാക്കിയ ഈ സംഘടനയ്ക്കകത്തു് പാലിക്കേണ്ട നിയമങ്ങൾ സൃഷ്ടിച്ചതും ഈ നായകന്മാരായിരുന്നു. അതു ചിലപ്പോൾ പൊതുസമ്മതത്തോടെയായിരിക്കും, ചിലപ്പോൾ അങ്ങിനെയായിരിക്കയില്ല. ഈ പ്രമാണി തന്റെ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നു നോക്കുവാൻവേണ്ടിയും സ്വന്തം അംഗരക്ഷകന്മാരായിട്ടും ചിലരെ നിയമിച്ചു. പ്രമാണിക്കും അംഗരക്ഷകന്മാർക്കും സമരം തൊഴിലായിരുന്നതുകൊണ്ടും, അധികാരമുണ്ടായിരുന്നതുകൊണ്ടും ഉല്പാദനപ്രവർത്തി ചെയ്യേണ്ടിവന്നില്ല. മററു ജനങ്ങളുടെ ചുമതലയായിരുന്നു അവരെ പോററുകയെന്നതു്. അതു് അവർക്കു് കിട്ടുന്ന സംരക്ഷണത്തിന്റെ കൂലിയായിട്ടാണു് കണക്കാക്കപ്പെട്ടിരുന്നതു്. കാലക്രമത്തിൽ ഈ പ്രമാണിയാണു് രാജാവായതു്. അംഗരക്ഷകന്മാർ ജന്മിപ്രഭുക്കന്മാരും. ഇവർക്കുവേണ്ടി ഉല്പാദനം നടത്തുന്ന പൊതുജനങ്ങൾ അവരുടെ അടിമത്വത്തിലും. ഇതാണു് ഫ്യൂഡലിസ്റ്റ് സമുദായസംഘടന. ഈ സമ്പ്രദായത്തിന്റെയും അടിസ്ഥാനം ഉല്പാദനരീതിയാണു്. സമുദായത്തിലെ പ്രധാന തൊഴിൽ കൃഷിയാണു്. അതു് ഏററവും പ്രാകൃത

മായ ഒരു രീതിയിലാണ് നടത്തിപ്പോരുന്നതു്. വസ്ത്രം മുതലായ മററാവശ്യങ്ങളെല്ലാം കൈത്തൊഴിൽ കൊണ്ടാണുണ്ടാക്കുന്നതു്. ഒരുതരം പ്രകൃതിശക്തിയും (ആവി, വെള്ളം, വിദ്യുത്) ഉല്പാദനത്തിനുപയോഗിക്കപ്പെടുന്നില്ല. യന്ത്രങ്ങൾ തന്നെ വളരെ ചുരുക്കമാണ്. ഓരോ ഉല്പാദകരും സ്വന്തമായി മുഴുവൻ ജോലിയും നടത്തി ഉല്പാദിപ്പിക്കുകയാണ്. കച്ചവടമോ കയററുമതിയോ ഒന്നും ഇല്ല. ഇതാണ് സാമ്പത്തികജീവിതത്തിന്റെ പൊതുസ്വഭാവം ഉല്പാദനബന്ധങ്ങളാണെങ്കിൽ ഇതാണ്. രാജ്യത്തെ ഭൂമി മുഴുവനും രാജാവിന്റേതാണെന്നാണ് വയ്പ്. അതെല്ലാം ഓരോ വലിയ ഭാഗങ്ങളായി പ്രഭുക്കന്മാർക്കു് കൊടുക്കപ്പെടുന്നു. ഈ സമലത്തു് അടിമകളായോ, വസ്തുവിൽനിന്നു് വിട്ടുപോകാൻ അവകാശമില്ലാത്ത (അർദ്ധഅടിമ-അർദ്ധകുടിയാൻ) കൃഷിക്കാരനായിട്ടോ സാധാരണക്കാർ ഉല്പാദനം നടത്തുന്നു. കഷ്ടിച്ചു ജീവിക്കാൻവേണ്ടത്ര അവനു് പ്രതിഫലം ലഭിക്കും. നാട്ടുകാരന്റെ ജന്മിയും, ന്യായാധിപനും, എല്ലാം പ്രഭു തന്നെയാണ്. ഈ സമ്പ്രദായത്തിൽ സ്വകാര്യസ്വത്തവകാശമില്ലെന്നു് വ്യക്തമാണ്. ഈ സമ്പ്രദായം വ്യക്തമാകണമെങ്കിൽ നമ്മുടെ നാട്ടിലെ നാടുവാഴിപ്രഭുത്വത്തെത്തന്നെ ഉദാഹരണമായിട്ടെടുക്കണം.

കേരളത്തിലെ നാടുവാഴിപ്രഭുത്വത്തിനു് രണ്ടു് ഉല്പത്തിസ്ഥാനങ്ങളാണുള്ളതു്. ഒന്നു് ഇവിടെത്തന്നെയുണ്ടായിരുന്ന ചെറുരാജാക്കന്മാരുടെ അധികാരാവകാശങ്ങൾ. ഇവർ പൊതുവേ അബ്രാഹ്മണരാണ്. എണ്ണത്തിൽ കൂടുതലുള്ളതു് ബ്രാഹ്മണജന്മിമാരാണ്. അവരെ ഇന്നാട്ടുകാരെ മർദ്ദിക്കുവാൻവേണ്ടി ഈ രാജ്യം പിടിച്ചടക്കിയ രാജാക്കന്മാർ ഇവിടെ ഇറക്കുമതി ചെയ്തതാണ്. അവരുടെ അധികാരത്തിനു് ദൈവികസാക്ഷിപത്രം കൊടുക്കുന്നതിനുവേണ്ടി പറഞ്ഞുപരത്തിയ കഥയാണ് പരശുരാമന്റെ കഥ. ഈ ജന്മികളെല്ലാം ഒട്ടധികം ഭൂമിയുടെ ഉടമസ്ഥരാണ്. സാധാരണ ജന

ങ്ങൾ ഈ ഭൂമി കൃഷിചെയ്തു് ഒരു വലിയ പങ്കു് ജന്മിഭോഗമായി കൊടുക്കുന്നു. കേരളം മുഴുവനും ഇങ്ങിനെയായിരുന്നു ഇതാണു് കേരളത്തിലെ ഫ്യൂഡലിസ്റ്റു് രീതി. ഈ സമ്പ്രദായത്തിൽ ഒന്നുമാത്രമാണു് പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. ഈ സമ്പ്രദായത്തിൽ എവിടെയുണ്ടു് സ്വകാര്യസ്വത്തുടമസ്ഥാവകാശം. ഫ്യൂഡലിസത്തിൽ 99 ശതമാനക്കാരനായ സാധാരണക്കാരനു് ഈ അവകാശമേ ഇല്ലായിരുന്നു. അതു മുതലാളിത്തത്തിന്റെ സൃഷ്ടിയാണു്. അതു് അനശ്വരമായ ഒരു ഏർപ്പാടല്ല. അതു് മുതലാളിത്തത്തോടെ തകരുകയും ചെയ്യും.

ജന്മിത്വ കാലത്തെ ഉല്പാദനം വളരെ എളുപ്പമുള്ളതായിരുന്നു ഓരോ തൊഴിൽകാരനും സ്വന്തം പണിയായുധങ്ങൾ ഉപയോഗിച്ചു് ഉല്പാദനം നടത്തിയിരുന്നു. എന്നാൽ കാലക്രമത്തിൽ മനുഷ്യന്റെ അറിവുവർദ്ധിച്ചു് ശാസ്ത്രം ഉണ്ടായി. ഇങ്ങനെ ലഭിച്ച അറിവു് സ്വാഭാവികമായി ഉല്പാദനത്തിലാണല്ലോ മനുഷ്യൻ പ്രയോഗിക്കുക. മനുഷ്യന്റെ കൈകൊണ്ടു് ചെയ്യുന്നതിനു പകരം യന്ത്രങ്ങൾ കൊണ്ടു് ഉല്പാദനം നടത്താവുന്നതാണെന്നു് കണ്ടുപിടിച്ചു. ചർക്കായിൽ നൂല്പു് നൂററു് കൈത്തറിയിൽ വസ്ത്രം നെയ്തു് ഗ്രാമത്തിൽ വിററുകൊണ്ടിരുന്ന രീതി മാറി. നൂലു നൂല്ക്കുന്നതിനും, നെയ്യുന്നതിനും വലിയ യന്ത്രങ്ങൾ ഉണ്ടായി. യന്ത്രങ്ങളെ ഒഴുകുന്ന വെള്ളത്തിന്റെ ശക്തികൊണ്ടും കൽക്കരി കൊണ്ടും നടത്താമെന്നും ആയിത്തീർന്നു ഇങ്ങനെ ഉല്പാദനം വർദ്ധിക്കുകയും ചിലവു് കുറയുകയും ചെയ്തപ്പോൾ ഉല്പന്നങ്ങൾ വിൽക്കേണ്ട ആവശ്യവും അതിനുള്ള കഴിവും ഉണ്ടായി. ഈ രീതിയിലാണു് വ്യവസായവും വാണിജ്യവും വളർന്നതു്. ഇതിന്റെ ഫലം ഒരു പുതിയ വർഗ്ഗത്തിന്റെ ഉത്ഭവമായിരുന്നു. ജന്മിത്വകാലത്തു് കൈത്തൊഴിൽ ചെയ്തിരുന്നവർ കച്ചവടത്തിനുവേണ്ടി യന്ത്രങ്ങൾ മൂലം ഉല്പാദനം നടത്തി വളരെ ലാഭം സമ്പാദിച്ചു ഉല്പാദനം വർദ്ധിച്ചതോടെ തൊഴിലാളികളുടെ ആവശ്യവും ഉണ്ടായി. ജന്മിയുടെ അർദ്ധ അടിമത്വത്തെക്കാളും കൂലി

പ്പണി ഭേദമായി തോന്നിയതുകൊണ്ടു് പലരും ഫാക്ടറികളിലെ പണിയ്ക്കു് പോയിത്തുടങ്ങി. പക്ഷെ ഈ സാമ്പത്തിക മാററങ്ങളനുസരിച്ചു് ജന്മി മാറിയില്ല. കുറെ കാലം കഴിഞ്ഞപ്പോൾ ഇടത്തരക്കാരനായിരുന്ന വ്യവസായി ജന്മിയെക്കാൾ ധനവാനായിത്തീർന്നു. അവൻെറ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു് രാഷ്ട്രീയാധികാരം ആവശ്യമായിവന്നു. ഈ ലക്ഷ്യത്തോടുകൂടി അവൻ ജന്മിക്കെതിരായ ഒരു സമരത്തിനു് ഒരുക്കം കൂട്ടി. തൊഴിലാളിയും അവൻെറ കൂടെ നിന്നു. അങ്ങിനെ നടത്തിയ സമരമാണു് ഫ്രഞ്ചു് വിപ്ലവം കുറിയ്ക്കുന്നതു്. ഈ സമരത്തിൻെറ അവസാനത്തിൽ ജന്മിത്വം തകർന്നു, മുതലാളിത്തം, (അതായതു് വ്യവസായിയുടെ രാഷ്ട്രീയാധികാരം) നിലവിൽ വന്നു.

ഇതുപോലെ വ്യക്തമായ ഒരു വിപ്ലവം ഇന്ത്യയിൽ നടന്നില്ല. ഇവിടെ കുറെക്കൂടെ ക്രമേണയാണു് ഈ മാററങ്ങളുണ്ടായതു്. ഇവിടെ നിലവിലുണ്ടായിരുന്ന ജന്മിസമ്പ്രദായം സെമിന്ദാരി ഏർപ്പാടാണു്. ഇന്ത്യയിൽ കൈത്തൊഴിൽ വളരെ പുരോഗമിച്ചിട്ടുണ്ടായിരുന്നു. നൂൽനൂല്പു്, നെയ്ത്തു്, ലോഹങ്ങളിലെ വേല ഇങ്ങനെ പല തൊഴിലുകളും ഇവിടെ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടായിരുന്നു. എങ്കിലും യന്ത്രസഹായത്തോടെ വൻതോതിൽ ഉല്പാദനം നടത്തുന്ന രീതി ഇവിടെയുണ്ടായിരുന്നില്ല. ഫാക്ടറികളില്ലാതെ മുതലാളിത്തമുണ്ടാവുകയില്ലല്ലോ. യൂറോപ്പിലെ ബൂർഷ്വാസി (ഇടത്തരക്കാരായ വ്യവസായികൾ) കളെപ്പോലെ ഇവിടെ ഒരു വർഗ്ഗം ഉയർന്നുവന്നതുമില്ല. ഇന്ത്യയിൽ മുതലാളിത്തം വിദേശികളുടെ ആക്രമണത്തോടുകൂടിയാണു് ആരംഭിക്കുന്നതു്. പോർട്ടുഗീസുകാരും, ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും കച്ചവടത്തിനായി ഇന്ത്യയിൽവന്നു. അവരുടെ വരവും യൂറോപ്പിലെ വ്യവസായവിപ്ലവവും ഏതാണ്ടൊരു കാലത്താണുണ്ടായതു്. ഇതിൻെറ ഫലമായി ഡാക്കാമസലിൻ വാങ്ങിക്കാൻവന്ന ഇംഗ്ലീഷുകാർ അധികകാലം കഴിയുന്നതിനുമുമ്പ് ഇ

ന്ത്യൻ പഞ്ഞി വാങ്ങിക്കുകയും ലങ്കാഷയറിലുണ്ടാകുന്ന തുണിച്ചരക്ക് ഇന്ത്യയിൽ വിററഴിക്കുകയും ചെയ്തുതുങ്ങി. അടുത്ത കാലഘട്ടത്തിൽ ഇന്ത്യയിൽ തന്നെ അവർ ഫാക്ടററികൾ സ്ഥാപിച്ചു. അങ്ങനെ ഇന്ത്യയിലാദ്യമായി മുതലാളിത്തം ആവിർഭവിച്ചു. അന്ന് ഇന്ത്യയിലെ മുതലാളിവർഗ്ഗം വിദേശീയമായിരുന്നു. അനന്തരകാലങ്ങളിൽ ഇന്ത്യാക്കാരും വ്യവസായത്തിലേർപ്പെട്ടെങ്കിലും ഇന്നും ഇന്ത്യൻ മുതലാളിത്തത്തിൻെറ പ്രധാന പങ്ക് വിദേശീയമാണ്. ഈ ഫലം വരുന്നതിനു വേണ്ടിത്തന്നെയാണ് ഇംഗ്ലീഷുകാർ ആദ്യം മുതലേ പരിശ്രമിച്ചിരുന്നതു്. മുതലാളിയുടെ സാമ്പത്തിക ചൂഷണത്തിനൊരു കോട്ടയായി രാഷ്ട്രീയാധികാരം പിടിച്ചെടുക്കണമെന്ന തത്വം അവർ നടപ്പിൽ വരുത്തി. അവർ ഇന്ത്യൻ ചക്രവർത്തിയേയും, രാജാക്കന്മാരേയും പരാജയപ്പെടുത്തി. എന്നാൽ മുതലാളിത്ത വിപ്ലവത്തിൻെറ ഫലമായി യൂറോപ്പിൽ ഉണ്ടായ ജനാധിപത്യ സ്ഥാപനം ഇന്ത്യയിൽ നടന്നില്ല. അതും സാമ്രാജ്യത്വത്തിൻെറ താല്പര്യങ്ങൾക്കുവേണ്ടിത്തന്നെയായിരുന്നു. ഇന്ത്യപോലെ ഭീമമായ ഒരു രാജ്യത്തെ അടക്കി ഭരിക്കുന്നതിന്നു് നാട്ടുകാരിൽ ഒരു വിഭാഗത്തിൻെറ സഹായം ആവശ്യമായിരുന്നു. അവർക്കു് കൊള്ളയിൽ ഒരു പങ്ക് കൊടുക്കാനും ബ്രിട്ടീഷുകാർ സന്നദ്ധരായിരുന്നു. ഈ ലക്ഷ്യത്തോടുകൂടി അവർ സൃഷ്ടിക്കയും നിലനിറുത്തുകയും ചെയ്ത വർഗ്ഗമാണ് ഇന്ത്യൻ നാട്ടുരാജാക്കന്മാരും സെമിന്ദാരന്മാരും. ഇങ്ങിനെയാണ് ഇന്ത്യയിൽ ജന്മിത്വം പാടെ പൊളിയാതെ നിലനിന്നതും, ഇന്നും നിലനിൽക്കുന്നതും. ഏതായാലും ലോകത്തെ പൊതുവെ ഗണിച്ചാൽ മുതലാളിത്തം സ്ഥാപിതമായിക്കഴിഞ്ഞു. പോരാ, അതിൻെറ വളർച്ച നിന്നു, നശിച്ചു തുടങ്ങിയിരിക്കുന്നു.

ഇനി അടുത്ത പടിയായി ലോകചരിത്രത്തിൽ സംഭവിക്കേണ്ടതു് മുതലാളിത്തത്തിൽ നിന്നു് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമാണ്. ലോകചരിത്രം

വർഗ്ഗസമരങ്ങളുടെ ചരിത്രമാണെന്ന് മാർക്സിസം ഗണിക്കുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു. ജന്മിത്വത്തിന്റെ തകർച്ചയോടുകൂടി അന്നത്തെ വർഗ്ഗഭിന്നതയും അവസാനിച്ചു പക്ഷെ വർഗ്ഗങ്ങൾ അവസാനിച്ചില്ല. പുതിയതായി ഉയർന്നുവന്ന സാമൂഹ്യവ്യവസ്ഥിതിയിലും വർഗ്ഗങ്ങൾ ഉണ്ടായിരുന്നു. ജന്മിയും കുടിയാനുമെന്ന രീതി പോയി. പക്ഷെ മുതലാളിയും തൊഴിലാളിയും ഉണ്ടായി. ഈ രണ്ടുവർഗ്ഗങ്ങളുടെയും താല്പര്യങ്ങൾ പരസ്പരവിരുദ്ധമായതുകൊണ്ടു' അവർ തമ്മിലും സമരം നടക്കാതെ ഗത്യന്തരമില്ല. മാർക്സ് ജീവിച്ചിരുന്ന കാലത്തുതന്നെ ഇംഗ്ലണ്ടിലെ തൊഴിലാളികൾ അവരുടെ അവകാശങ്ങൾ നിയമപരമായി അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടി നടത്തിയ സമരം (ചാർട്ടിസ്റ്റ് സമരം) ആയിരുന്നു മുതലാളിത്തത്തിലെ വർഗ്ഗസമരത്തിന്റെ നാന്ദി. ഈ സമരത്തിന്റെ മൂർദ്ധന്യത്തിൽ തൊഴിലാളിവർഗ്ഗം ജയിക്കുകയും, വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപടുക്കുകയും ചെയ്യുമെന്ന് മാർക്സ് പ്രവചിച്ചു. മാർക്സിന്റെ ഈ പ്രവചനവും; അതിന് അദ്ദേഹം ഉന്നയിക്കുന്ന ന്യായങ്ങളും ഉൾപ്പെട്ട ലഘുലേഖയാണ് 1848 മാർച്ചിൽ പ്രസിദ്ധീകരിക്കപ്പെട്ട കമ്യൂണിസ്റ്റ് "മാനിഫെസ്റ്റോ" അതുകഴിഞ്ഞിട്ട് ഒരു ശതവർഷം കഴിഞ്ഞിരിക്കുന്നു. അങ്ങിനെ, അങ്ങിനെ, യുഗയുഗാന്തരങ്ങളായി മനുഷ്യൻ കണ്ടുകൊണ്ടിരുന്ന ഒരു മോഹനസ്വപ്നം പടിപടിയായി യഥാർത്ഥമായിത്തീരുകയാണ്.

പക്ഷേ..........

പക്ഷേ, പിന്നെയും ആ പ്രശ്നം അവശേഷിക്കുകയാണ്, പ്രവചിക്കപ്പെട്ടിരിക്കുന്ന ഈ പരിവർത്തനം അനിവ്വാര്യമാണോ. സ്വപ്നം യഥാർത്ഥമാകുമോ.

# ഒന്നു് കണ്ണു തുറന്നു നോക്കാം.

മാർക്സിന്റെ പ്രവചനം നടക്കണമെന്നു് നിർബന്ധമുണ്ടോ എന്നതാണു് അടുത്ത പ്രശ്നം. ഈ ചോദ്യത്തിനു് നിർണ്ണായകമായ ഒരുത്തരം കൊടുക്കണമെങ്കിൽ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയെയും അതിന്റെ പ്രത്യേക സ്വഭാവങ്ങളെയും ശാസ്ത്രീയമായി പരിശോധിക്കേണ്ടതുണ്ടു്.

ഇന്നു് നിലവിലിരിക്കുന്ന ഉല്പാദന രീതിയ്ക്കു് മുതലാളിത്തം എന്നു പറയുന്നു. എന്താണു് മുതലാളിത്തം?

നിങ്ങൾക്കറിയാം, ജോലിചെയ്യാതെ ജീവിക്കാൻ സാദ്ധ്യമല്ലെന്നു്. നിങ്ങൾക്കു് ഭക്ഷണം, വസ്ത്രം, വീടു്, മരുന്നുകൾ, തോക്കുകൾ, നാടകങ്ങൾ ഇങ്ങിനെ പലതും ജീവിതത്തിനാവശ്യമായിട്ടുണ്ടു്. ഇവയൊന്നും പ്രയത്നം കൂടാതെ ലഭിക്കുകയില്ല ഒരാൾ ജോലിചെയ്തു് മറ്റൊരാളെ ഊട്ടിയെന്നു വരാം. പക്ഷെ ആരെങ്കിലും ജോലിചെയ്യാതെ ഊണു് ഉണ്ടാകുന്നതല്ല. കൃഷിക്കാരനും, പലചരക്കു് കടക്കാരനും, അടുക്കളക്കാരിയും എല്ലാം ചേർന്നാലേ ഊണുണ്ടാകയുള്ളു. ഇങ്ങനെ ജോലിചെയ്തു് സാധനങ്ങൾ ഉണ്ടാക്കുന്ന സമ്പ്രദായത്തിനു് ധനശാസ്ത്രജ്ഞന്മാർ ഉല്പാദനം എന്നു പറയുന്നു. ഉല്പാദനത്തിനു് പ്രയത്നം മാത്രം പോരാ കൃഷിയാണെങ്കിൽ ഭൂമി, വ്യവസായത്തിനാണെങ്കിൽ ഫാക്റ്ററി, യന്ത്രം, അസംസ്കൃത സാധനങ്ങൾ മുതലായവ. പക്ഷെ ഇതിൽ ഏറ്റവും പ്രധാനം പ്രയത്നമാണു് ഒരു പാട്ടു പാടുന്നതു് ഉല്പാദനമാണെങ്കിലും അതിനു് പ്രയത്നം മാത്രം മതിയാകുമല്ലോ. വസ്തുക്കളുടെ ഉല്പാദനത്തിൽ ഒരു പ്രത്യേകതയുണ്ടു്. മനുഷ്യനു് സൃഷ്ടിക്കുള്ള ശക്തി

യില്ല. ഒരു വസ്തുവിനെ രൂപാന്തരപ്പെടുത്തുന്നതാണു്
സാധാരണയായി ഉല്പാദനം എന്ന പേരുകൊണ്ടറിയ
പ്പെടുന്നതു്. ഉദാഹരണമായി വിത്തും വളവും കൊണ്ടു്
ഭൂമിയിൽ കൃഷിചെയ്യുമ്പോൾ നെല്ലുണ്ടാകുന്നു. ഈ പ്ര
വൎത്തനത്തിൽ വസ്തുക്കളും പ്രയത്നവും ആവശ്യമാണു്.
വസ്തുക്കൾ ആരും സൃഷ്ടിക്കുന്നതല്ല; പ്രകൃതിയുടെ സംഭാ
വനയാണു്. അതുകൊണ്ടു് ഉല്പാദനത്തിനായി മനു
ഷ്യൻ പ്രയത്നിക്കുക മാത്രം ചെയ്താൽ മതിയാകണ
മല്ലോ. ഇതു ശരിയാണെങ്കിൽ പ്രയത്നിക്കാൻ തയ്യാറു
ള്ളവനു് ഉല്പാദിക്കുവാൻ കഴിയണ്ടേ. ഒന്നു് പരീക്ഷി
ച്ചു നോക്കുക. ചില കാൎയ്യങ്ങളിൽ അതു സാധിച്ചെന്നു
വരും. നിരത്തിൽ കൂടി നടന്നു് ഒരു പാട്ടു് ആലാപി
ച്ചുണ്ടാക്കുന്നതിനു് ഒരു പ്രതിബന്ധവും ഇല്ല. മറ്റു ചി
ല കാൎയ്യങ്ങളിൽ ഇതു് സാദ്ധ്യമല്ല. നിങ്ങൾ പട്ടിണി
യാണെന്നിരിക്കട്ടെ. ജോലി ചെയ്‌വാൻ നിങ്ങൾ
തയ്യാറുമാണു്, അതുകൊണ്ടു് കൃഷിചെയ്തു് ജീവിക്കാ
മെന്നു് തീരുമാനിക്കുന്നു. അതു് സ്ഥലത്തിന്റെ ഉടമ
സ്ഥൻ സമ്മതിക്കുകയില്ല. ആൎക്കെങ്കിലും ഉടമസ്ഥാവ
കാശമില്ലാത്ത സൂചി കുത്താൻ സ്ഥലം ഭൂമുഖത്തില്ല.
ലോകത്തിലെ ഭൂരിപക്ഷം ജനങ്ങളും സൂചികുത്താൻ
സ്ഥലം സ്വന്തമായിട്ടില്ലാത്തവരുമാണു്. പിന്നെയെ
ന്താണു് ചെയ്യുക. മറ്റാരുടെയെങ്കിലും സ്ഥലത്തു് അയാ
ളുടെ അനുവാദത്തോടുകൂടി കൃഷി ചെയ്യുക. അങ്ങി
നെയായാൽ ഉല്പാദനത്തിൽ ഭൂരിഭാഗവും പാട്ടം എന്ന
പേരിൽ ഈ അനുവാദത്തിനു് പ്രതിഫലമായി അ
യാൾക്കു് കൊടുക്കണം. അല്ലെങ്കിൽ ഭൂമിയുടമസ്ഥന്റെ
ഉത്തരവനുസരിച്ചു് ജോലി ചെയ്യുക, അയാൾ തരുന്ന
കൂലി വാങ്ങിക്കുക. ഇതു തന്നെയാണു് ഫാക്‌ററി വ്യ
വസായത്തിന്റെയും കഥ ഇവിടെ രണ്ടുതരം ആളു
കളെ കാണാം. ഉടമസ്ഥാവകാശംകൊണ്ടു് ആദായം
ലഭിക്കുന്ന ഒരാൾ. സ്വന്തം പ്രയത്നംകൊണ്ടു് ഒരു
ചെറിയ പ്രതിഫലം സമ്പാദിക്കുന്ന മറ്റൊരാൾ. ഇ
വർ ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിലെ രണ്ടു വൎഗ്ഗങ്ങ

ളുടെ പ്രതിനിധികളാണ്. ആദ്യത്തെയാൾ മുതലാളിയെന്നറിയപ്പെടുന്നു രണ്ടാമത്തെയാൾ തൊഴിലാളിയെന്നും. ഇവർ തമ്മിൽ ഉള്ള ബന്ധത്തിനാണ് ഉല്പാദന ബന്ധം എന്നു പറയുന്നത്. ഈ വ്യവസ്ഥയ്ക്ക് മുതലാളിത്തം എന്നാണ് പേര്. അങ്ങിനെ മുതലാളിത്തത്തിലെ സ്വകാര്യ സ്വത്തുടമ നിർബാധമായ ഉല്പാദനത്തെ തടയുന്നു

ഈ സമ്പ്രദായത്തിൽ അതിതീവ്രമായ വൈരുദ്ധ്യങ്ങളും അക്ഷന്തവ്യമായ അനീതികളും കടന്നുകൂടാതിരിക്കാൻ സാദ്ധ്യമല്ല. ഈ അനീതികൊണ്ട് ഈ വ്യവസ്ഥിതി മാറണമെന്നുള്ളത് ഒരാവശ്യമായിത്തീരുന്നു. അതിലെ വൈരുദ്ധ്യങ്ങൾ മാറാത്ത അനിവ്വാര്യമാക്കിത്തീർക്കയും ചെയ്യുന്നു മുതലാളിത്തത്തെ തന്നെ വൈരുദ്ധ്യങ്ങളില്ലാതെ നീതിപരമായി നിലനിർത്തിക്കൂടേ എന്നൊരു പ്രശ്നം ഇവിടെ ഉത്ഭവിക്കാം. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വൈരുദ്ധ്യം (വർഗ്ഗ സമരം) കൂടാതെ കഴിക്കാമെന്ന് വ്യാമോഹിക്കുന്നവരുണ്ട്. മുതലാളിയുടെ മനഃപരിവർത്തനംകൊണ്ട് സാമ്പത്തിക നീതി സ്ഥാപിക്കാമെന്ന് ധരിച്ചിരിക്കുന്നവരും ഉണ്ട്. ഇതെല്ലാം പരമാബദ്ധമാണ്. എത്ര പരിശുദ്ധനായാലും ഒരു മുതലാളിക്ക് തൊഴിലാളിയെ ചൂഷണം ചെയ്യാതെ ഉല്പാദനം നടത്തുക സാദ്ധ്യമല്ല. ഉദാ- ഓവൻ. അത് ഈ വ്യവസ്ഥിതിയുടെ അടിസ്ഥാനസ്വഭാവമാണ്. ഉല്പാദനരീതി തന്നെ മാറുകയും സ്വകാര്യസ്വത്തില്ലാതാക്കി വർഗ്ഗഭിന്നത അവസാനിപ്പിക്കുകയും ചെയ്യുകയല്ലാതെ ഗത്യന്തരമില്ലെന്ന് മുതലാളിത്തത്തെ ഒന്ന് പരിശോധിച്ചാൽ തെളിയും.

എന്തിനു വേണ്ടിയാണ് മുതലാളി വ്യവസായം നടത്തുന്നത്. ഒരു തുണിമില്ല് ഉദാഹരണമായിട്ടെടുക്കുക. അവിടെ 1000 തൊഴിലാളികൾ പണിയെടുക്കുന്നു. അവർക്ക് ദിവസം രണ്ടു രൂപാ വച്ച് 2000 രൂപാ കൂലി കൊടുക്കുന്നു. പഞ്ഞിയുടെ വില 4000 രൂപായായി എന്ന് വയ്ക്കുക. ഒരു ദിവസമുണ്ടാകുന്ന തുണിക്ക് 10,000

രൂപാ വില കിട്ടുന്നു. അങ്ങിനെയാണെങ്കിൽ അയാൾ ആകെ 2000+4000=6000 രൂപാ ചെലവാക്കുന്നു. 10,000 രൂപാ ലഭിക്കുന്നു. 4000 രൂപാ അയാളുടെ ലാഭമാണു്. ഈ ലാഭത്തിനു് മിച്ചവില എന്നു് പറയുന്നു. ഇതു് ലഭിക്കുന്നതിനുവേണ്ടിയാണു് അയാൾ വ്യവസായം നടത്തുന്നതു്. അതു് കിട്ടിയില്ലെങ്കിൽ മുതലാളി വ്യവസായം നടത്തുകയേയില്ല. 1000 തൊഴിലാളികൾക്കു് ജോലികൊടുക്കാനോ, സമുദായത്തിനു് തുണി ലഭിക്കാനോ വേണ്ടിയല്ല മുതലാളി വ്യവസായം നടത്തുന്നതു്. അവന്റെ ലാഭത്തിനു് മാത്രം വേണ്ടിയാണു്. ലാഭത്തിനുവേണ്ടി അവൻ എന്തു കടുംകൈയും ചെയ്യുകയും ചെയ്യും.

നാം എടുത്ത ഉദാഹരണത്തിൽ തുണിയുടെ വിലയായി 6000 രൂപാ മാത്രമേ ലഭിക്കുന്നുള്ളുവെന്നു് വിചാരിക്കുക. അപ്പോൾ മുതലാളിക്കു് ഒരു ലാഭവുമില്ല. 10000 രൂപാ ലഭിക്കുമ്പോൾ 4000 രൂപാ ലാഭം കിട്ടുന്നു. 12000 ലഭിച്ചാൽ 6000 രൂപാ ലാഭം കിട്ടും. അതുകൊണ്ടു് മുതലാളി സാധനങ്ങൾ വില്ക്കുന്നതു് കിട്ടാവുന്നതിൽ ഏററവും കൂടിയ വിലയ്ക്കു് മാത്രമാണു്. യുദ്ധകാലത്തു് തുണിയുടെ വില നോക്കുക. വില്പാനുള്ള വസ്തുക്കൾ സ്വകാര്യസ്വത്തായിരുന്നാൽ ഇതുതന്നെയാണു് അനുഭവം. 1942, 43-ൽ ബങ്കാളിൽ 36 ലക്ഷം ആളുകൾ പട്ടിണികൊണ്ടു് മരിച്ചതു് ഉടമസ്ഥൻ ചോദിച്ച വിലകൊടുത്തു് അരിവാങ്ങാൻ നാട്ടുകാർക്കു് നിവൃത്തിയില്ലാതെ വന്നതുകൊണ്ടാണു്. അല്പം വല്ല സ്വത്തും ഉണ്ടെങ്കിൽ നിങ്ങൾ അതുവിററു് കൂടിയവിലയ്ക്കു് സാധനങ്ങൾ വാങ്ങുന്നു. പിന്നീടു് നിങ്ങളുടെ അദ്ധ്വാനശക്തി മാത്രമാണു് വില്ക്കുവാനുള്ളതു്.

ഇങ്ങിനെ നിസ്സഹായനായിത്തീർന്ന തൊഴിലാളിയുടെ പ്രയത്നത്തെ ഏററവും കുറഞ്ഞവിലക്കു് വാങ്ങുകയാണു് മുതലാളിയുടെ മറെറാരു ലാഭമാർഗ്ഗം. ആദ്യം എടുത്ത ഉദാഹരണത്തിൽ 2 രൂപാക്കൂലി $1\frac{1}{2}$ യായി കുറയുന്നുവെന്നിരിക്കട്ടെ. മുതലാളിക്കു് 800 രൂപാ അ

തിൽ നിന്നു ലാഭമുണ്ടാകും. നിങ്ങൾക്കാണെങ്കിൽ മററു മാർഗ്ഗമൊന്നുമില്ല. അതുകൊണ്ടു് പ്രതിഷേധിക്കുവാനും കഴിവില്ല. കൂടുതൽ കൂലി ചോദിച്ചാൽ നിങ്ങളെ പിരിച്ചുവിട്ടു് മററു തൊഴിലാളികളെ തൽസ്ഥാനത്തു് നിയമിക്കും. അർദ്ധപട്ടിണി മുഴുപട്ടിണിയെക്കാൾ ഭേദമെന്നു വിചാരിച്ചു് നിങ്ങൾ കുറഞ്ഞ കൂലി സ്വീകരിക്കും. ഇങ്ങിനെയാണു് മുതലാളിത്തം കൂലി കുറയ്ക്കുകയും, ലാഭം വർദ്ധിപ്പിക്കുകയും ചെയ്യുന്നതു്. ഈ ഏർപ്പാടു് നിർവ്വിഘ്നം നടക്കണമെങ്കിൽ ജോലിക്കുവേണ്ടി മത്സരിക്കാൻ ഒട്ടേറെ തൊഴിലാളികൾ അതായതു് തൊഴിലില്ലാത്ത പട്ടിണിക്കാർ സമുദായത്തിൽ ഉണ്ടായിരിക്കണം. മുതലാളിത്തം, എങ്ങിനെയെങ്കിലും ഇങ്ങിനെ ഒരു വിഭാഗത്തെ സൃഷ്ടിച്ചുകൊണ്ടിരിക്കും. ഇതുകൊണ്ടാണു് മുതലാളിത്തത്തിനു് തൊഴിലില്ലായ്മ കൂടാതെ നിലനില്പാൻ കഴിയുകയില്ലെന്നു് പറയുന്നതു്. ഇതിന്റെ ഫലമായി, ഈ തൊഴിലില്ലാത്ത സ്വത്തിൽ നിന്നു് മോഷ്ടാവും, വ്യഭിചാരിണിയും, യാചകനും ഉണ്ടാകുന്നു. തൊഴിൽ കിട്ടുന്നവർക്കാണെങ്കിൽ അനിർവ്വാഹ്യമായ കൂലിക്കുറവുകൊണ്ടു് അർദ്ധപട്ടിണിയും. രോഗം, അജ്ഞത, അകാലമരണം മുതലായവയാണു് നിരന്തരമായ വിഷഫലം.

മുതലാളിത്തത്തിന്റെ ഭവിഷ്യൽഫലങ്ങൾ തൊഴിലാളിമാത്രമല്ല അനുഭവിക്കേണ്ടതു്. ഉപഭോക്താക്കൾ എല്ലാവരും അനുഭവിക്കണം. ജനസാമാന്യത്തിനു് അത്യന്താപേക്ഷിതമായ പല ചരക്കുകളും ഉണ്ടു്. അവയാണോ മുതലാളി ഉല്പാദിപ്പിക്കുന്നതു്. അല്ല. ലാഭമാണല്ലോ മുതലാളിയുടെ ലക്ഷ്യം. അതുകൊണ്ടു് ഏററവും അധികം ലാഭം കിട്ടുന്ന ചരക്കുകൾ ഉല്പാദിപ്പിക്കാനായിരിക്കും മുതലാളിയുടെ ശ്രമം. അവ എത്ര മനുഷ്യദ്രോഹപരമായിരുന്നാലും മുതലാളി അവ ഉണ്ടാക്കും. തോക്കും, വിഷദ്രവ്യങ്ങളും ഉണ്ടാക്കാനുള്ള പരിശ്രമം ഭക്ഷണസാധനങ്ങൾ ഉണ്ടാക്കാനുള്ളതിനെക്കാൾ എത്ര

യോ കൂടുതലാണു്. കൃഷിചെയ്യാനോ കള്ളുഷാപ്പു നടത്താനോ, എന്തിനാണു് ഒരു സാധാരണക്കാരൻ ഇഷ്ടപ്പെടുന്നതു്? ഇങ്ങിനെ മുതലാളിത്ത രീതിയിലുള്ള ഉല്പാദനം മനുഷ്യനു് അത്യാവശ്യമായ പല ചരക്കുകളുടെയും ഉല്പാദനം അവഗണിച്ചുകളയുന്നു.

വിലവർദ്ധനവും, സാമ്പത്തികാധഃപതനവും മുതലാളിത്തത്തിന്റെ മറ്റു് ഫലങ്ങളാണു്. ലാഭം കുറവുള്ള വ്യവസായങ്ങളിൽ ഉല്പാദനം മന്ദീഭവിക്കുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്യുന്നു. കൂടാതെ ആവശ്യത്തിനു് സാധനങ്ങൾ ലഭിക്കാതെ വരുകയും ചെയ്യുന്നു അതോടുകൂടി വില കയറുകയായി. വർദ്ധിച്ച ലാഭം കണ്ടു് എല്ലാ വ്യവസായികളും അങ്ങോട്ടു് ഓടിക്കൂടുന്നു. പിന്നെയും ഉല്പാദനം. കണക്കിലധികമായി വില താഴുന്നു. ഇങ്ങിനെ ലാഭം കൂടുതൽ ലഭിക്കുന്ന ചരക്കുകൾ ഉണ്ടാക്കുക എന്ന മുതലാളിത്തരീതികൊണ്ടു് എപ്പോഴും ഒരു ചരക്കിന്റെ ഉല്പാദനം, ആവശ്യത്തിലധികമോ, ആവശ്യത്തിൽ വളരെ കുറവോ ആയിരിക്കും. അതുകൊണ്ടു് വിലയിടിവും വിലവർദ്ധനവും മാറിമാറി സംഭവിച്ചുകൊണ്ടിരിക്കും. ഇതു് ജനങ്ങൾക്കു് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. പക്ഷെ മുതലാളിത്തത്തിനു് ഇങ്ങിനെയല്ലാതെ പ്രവർത്തിക്കുവാൻ നിവൃത്തിയില്ല.

ഈ കൊള്ളലാഭത്തെ സംരക്ഷിക്കുവാൻ രാഷ്ട്രീയാധികാരം കൂടിയേ തീരൂ. അതുകൊണ്ടു് മുതലാളവർഗ്ഗം ഭരണകൂടം കൈക്കലാക്കാൻ ശ്രമിക്കുന്നു. അവരുടെ ധനത്തിന്റെ ശക്തികൊണ്ടും കുതന്ത്രം കൊണ്ടും, അവർ സാഹിത്യം, റേഡിയോ മുതലായ പ്രചരണമാർഗ്ഗങ്ങളെയും മതം മുതലായവയെയും സ്വാധീനപ്പെടുത്തുകയും ജനാധിപത്യത്തെ പരാജയപ്പെടുത്തുകയും ചെയ്യുന്നു. ഇക്കാരണംകൊണ്ടാണു് ഇംഗ്ലണ്ടു് മുതലായ ജനാധിപത്യരാഷ്ട്രങ്ങൾ ഇന്നും ജനങ്ങൾക്കു് പ്രയോജനകരമായ ഭരണം ഇല്ലാതെയിരിക്കുന്നതു്.

ഇനി മറെറാന്നു് കൂടിയുണ്ടു്. ഒരു രാജ്യത്തു് ഒരു മുതലാളി മാത്രമല്ലല്ലോ ഉള്ളതു്. എല്ലാവരുടെയും ലക്ഷ്യം ലാഭവുമാണു്. മാർക്കറ്റു് ഏതാണ്ടു് ഒരു നിലയിൽതന്നെ നില്ക്കുമ്പോൾ ഒരു മുതലാളിക്കു് മറെറാരാളെക്കാൾ കൂടുതൽ ലാഭമുണ്ടാക്കാനുള്ള മാർഗ്ഗം തൊഴിലാളിയെ കൂടുതൽ ഞെക്കിപ്പിഴിയുകയാണു്. ഈ മത്സരം വിവിധ രാഷ്ട്രങ്ങൾ തമ്മിലുണ്ടു്. ചരക്കുകൾ വാങ്ങാനുള്ള ആളുകളുടെ എണ്ണം ഏതാണ്ടു് പരിമിതമാണു്. അതുകൊണ്ടു് സ്വന്തം ചരക്കുകൾ നിശ്ചയമായി വിററഴിയുന്ന മാർക്കറ്റുകൾ ഏതു രാഷ്ട്രത്തിനും ഒഴിച്ചുകൂടാത്തതാണു്. പോരെങ്കിൽ അവർക്കു വേണ്ട അസംസ്കൃതസാധനങ്ങൾ സുലഭമായി താഴ്ന്നവിലയ്ക്കു് ലഭിക്കുകയും വേണം. ഈ ആവശ്യം നിർവ്വഹിക്കുന്നതു്, ഇന്ത്യാ ചൈനാ മുതലായ കോളണിയൻ രാജ്യങ്ങളാണു്. ഈ രാജ്യങ്ങൾ പിടിച്ചടക്കുക, അങ്ങിനെ, ഒരു സാമ്പത്തികാവശ്യമായിത്തീരുന്നു. ഇതിനു് സാമ്രാജ്യത്വം എന്നു് പറയുന്നു. സാമ്രാജ്യത്വം രാഷ്ട്രീയാധികാരം മാത്രം നടത്തുന്നതിനുള്ള ഏർപ്പാടായി മാത്രം ധരിക്കുന്നവരുണ്ടു്. സാമ്രാജ്യത്വം പ്രധാനമായി രാഷ്ട്രീയമല്ല, സാമ്പത്തികമാണു്. ഇംഗ്ലീഷുകാർക്കു് ഇന്ത്യക്കാരെ ലാത്തികൊണ്ടടിക്കാൻ വേണ്ടിയല്ല ഇന്ത്യ പിടിച്ചതു്. ഇന്ത്യയിലെ പഞ്ഞി താഴ്ന്നവിലയ്ക്കു് വാങ്ങാനും, മാഞ്ചെസ്റ്റർ ചരക്കുകൾ കൂടിയവിലയ്ക്കു് ഇന്ത്യയിൽ വില്ക്കാനുമാണു്. അതുകൊണ്ടാണു് നെഹ്റു പ്രധാനമന്ത്രി ആയിട്ടും ഇന്ത്യയിൽനിന്നു് സാമ്രാജ്യത്വം പോയിട്ടില്ലെന്നു് പറയുന്നതു്. സാമ്രാജ്യത്വവും, അങ്ങിനെ മത്സരത്തിൽ അടിയുറച്ച മുതലാളിത്തസമ്പ്രദായത്തിന്റെ ഒരു അവശ്യഘടകമാണു്.

യുദ്ധങ്ങളും സാമ്രാജ്യത്വത്തിന്റെ സന്തതസഹചാരികളാണു്. പല സാമ്രാജ്യങ്ങൾ തമ്മിൽ സാമ്പത്തികാധിപത്യത്തിനുവേണ്ടി നടക്കുന്ന മത്സരങ്ങൾ യുദ്ധത്തിലല്ലാതെ അവസാനിക്കാൻ നിവൃത്തിയില്ല. കോളണി പിടിക്കണമെങ്കിൽ യുദ്ധം ചെയ്യണം. അതു് മ

റു് ശക്തികളിൽനിന്നു സംരക്ഷിക്കണമെങ്കിൽ യുദ്ധം ചെയ്യണം. അങ്ങിനെ യുദ്ധമില്ലാതെ മുതലാളിത്തത്തിനു് നിലനില്പില്ലാതായിത്തീരുന്നു. പോരെങ്കിൽ യുദ്ധം തന്നെ ഒരു നല്ല ബിസിനസ്സായിത്തീർന്നിട്ടുണ്ടു്. യുദ്ധോപകരണങ്ങളുടെ ഉല്പാദനം ഇന്നു് ലോകത്തിലെ പല രാജ്യങ്ങളിലും ഏററവും പ്രധാനപ്പെട്ട വ്യവസായമാണു്. മുതലാളിത്തം, അംഗവിഹീനരെയും, ശവങ്ങളെയും, എക്സ് സർവീസുകാരെയും സൃഷ്ടിക്കുന്നു.

ഈ ഭവിഷ്യത്തുകളിൽനിന്നു് രക്ഷപെടാൻ മുതലാളിത്തത്തിനു കഴിവില്ല. ഇവയെല്ലാം മുതലാളിത്തത്തിൻെറ അനിവാര്യഘടകങ്ങളാണു്. ചുരുക്കിപറഞ്ഞാൽ സാന്മാർഗ്ഗികമായ ഒരു ജീവിതം അസാദ്ധ്യമാക്കിത്തീർക്കുന്ന ഒരു സാമ്പത്തികവ്യവസ്ഥിതിയാണു് മുതലാളിത്തം. ലോകത്തിൽ നീതിനടക്കണമെങ്കിൽ ഈ സമ്പ്രദായം പാടെ മാറണമെന്നു് തീർച്ചയാണു്. അതെങ്ങിനെയാണു് സംഭവിക്കുന്നതെന്നു് പരിശോധിക്കാം.

## മുതലാളിത്തത്തിലെ വൈരുദ്ധ്യം.

ജന്മിത്വവ്യവസ്ഥിതിയെ തകർക്കുവാനും മുതലാളിത്തത്തെ കെട്ടിപടുക്കുവാനും ഉപയോഗിച്ച ആയുധം യന്ത്രങ്ങളായിരുന്നു. യന്ത്രങ്ങളെക്കൊണ്ടു് പണിയെടുപ്പിച്ചുകിട്ടിയ ലാഭമാണു് അനന്തരകാലങ്ങളിൽ മൂലധനമായിത്തീർന്നതു്. മുതലാളിത്തത്തിൻെറ നിലനില്പുതന്നെ മുടക്കുമുതൽ (Capital) ലിന്മേലാണല്ലൊ. അപ്പോൾ മുടക്കുമുതൽ വർദ്ധിപ്പിക്കുക, മുടക്കിയ മുതലിൻെറ ലാഭം വർദ്ധിപ്പിക്കുക എന്നതാണു് മുതലാളിയുടെ ലക്ഷ്യം. ഇതിനുവേണ്ടി കൂടുതൽ ശക്തിയും കാര്യക്ഷമതയും ഉള്ള യന്ത്രങ്ങളെ സൃഷ്ടിക്കാതെ മുതലാളിക്കു് കഴിവില്ല. ഇതു് ഉല്പാദനത്തെ ത്വരിതപ്പെടുത്തും. മുതലാളിയുടെ ലാഭം വർദ്ധിപ്പിക്കുകയും ചെയ്യും. പ

ക്ഷെ ഈ പ്രവൎത്തനം തന്നെ മുതലാളിത്തത്തിന്റെ ആത്മഹത്യയാണു്. യന്ത്രങ്ങൾ വൎദ്ധിക്കുമ്പോൾ രണ്ടു ഫലങ്ങൾ ഉണ്ടാവുന്നു. ഒന്നു്, കുറെക്കൂടി തൊഴിലാളികളെ ജോലിയില്ലാതാക്കിത്തീൎക്കുന്നു. രണ്ടു്, തൊഴിലാളിയെ അപേക്ഷിച്ചു് മുതലാളിക്കുള്ള ലാഭം പിന്നെയും വൎദ്ധിക്കുന്നു. ഇതു് രണ്ടും തൊഴിലാളിയെ ശത്രുമനോഭാവത്തിലേയ്ക്കു് തള്ളിവിടുകയും അവനെ സമരസന്നദ്ധനാക്കുകയും ചെയ്യുന്നു.

കുപിതനായ തൊഴിലാളിയ്ക്കു്, കൈവശമുള്ള സ്ഥാനവും മൎമ്മപ്രധാനമാണു്. അപരിഷ്കൃതകാലത്തെ ഒരു കാട്ടാളൻ പണിയെടുക്കാതിരുന്നാൽ അതു് അന്യരെ കാൎയ്യമായി ബാധിക്കുകയില്ല. എന്നാൽ ആവശ്യങ്ങൾ വൎദ്ധിക്കുകയും ജോലിവിഭജനം അങ്ങേ അററം ആയിത്തീരുകയും ചെയ്തിരിക്കുന്ന ഇക്കാലത്തു് സമുദായം പരിപൂൎണ്ണമായി തൊഴിലാളികളുടെ പ്രയത്നത്തിൽ ആശ്രയിച്ചാണു് നില്ക്കുന്നതു്. കൽക്കരി, ഗതാഗതം, വിദ്യുത്ശക്തി മുതലായ വ്യവസായങ്ങളിലെ തൊഴിലാളികൾക്കുള്ള ശക്തിതന്നെ ഉദാഹരണമായിട്ടെടുക്കുക. അവർ പണിയെടുക്കാതിരിക്കുകയെന്നുവച്ചാൽ രാജ്യമാകെ സ്തംഭിക്കുകയെന്നാണൎത്ഥം.

പക്ഷെ ഈ ശക്തി യഥാൎത്ഥമായിത്തീരണമെങ്കിൽ തൊഴിലാളിവൎഗ്ഗം ഇതു് മനസ്സിലാക്കുകയും, അതനുസരിച്ചു് പ്രവൎത്തിക്കുകയും വേണം. സംഘടനയുടെ ബലം ഗ്രഹിക്കുന്നതുകൊണ്ടു മാത്രമായില്ല. എങ്ങിനെയാണു് സംഘടിക്കേണ്ടതെന്നും തൊഴിലാളി ഗ്രഹിച്ചിരിക്കണം. ഇതും മുതലാളിത്തം അവനെ പഠിപ്പിക്കുന്നുണ്ടു്. ഒററയ്ക്കൊററയ്ക്കു് കൈത്തൊഴിൽ നടത്തിയിരുന്ന തൊഴിലാളിയെ മുതലാളി ഒരു ഫാക്ടറിയിൽ ഒരുമിച്ചു് കൊണ്ടുവന്നിടുന്നു. അവിടെ സംഘടിതപരിശ്രമത്തിന്റെ ശക്തി അവൻ മനസ്സിലാക്കുന്നു. കൂടാതെ എന്തെങ്കിലും ഒരു ആശയം തൊഴിലാളിവൎഗ്ഗത്തിന്റെയിടയ്ക്കു് പ്രചരിക്കുവാൻ ഫാക്ടറിയിലുള്ള സഹവാസം എത്ര സഹായകരമാണെന്നു് പറയേണ്ട ആവശ്യമില്ലല്ലോ. ച

രുക്കിപ്പറഞ്ഞാൽ മുതലാളി തന്റെ ലാഭത്തിനുവേണ്ടി പണിചെയ്യുന്ന ഫാക്റ്ററിതന്നെ മുതലാളിത്തത്തിനെതിരായ പയറ്റു് പഠിപ്പിക്കുന്ന കളരിയും കൂടിയാണു്.

തൊഴിലാളിവർഗ്ഗം സ്വന്തമായി സംഘടനയുടെ ഗുണം പഠിക്കുകയും, സംഘടിതസമരത്തിൽ പരിശീലനം നടത്തുകയും ചെയ്യുന്ന പ്രസ്ഥാനമാണു് ട്രേഡ്യൂണിയൻ. തൊഴിലാളികളുടെ പൊതുആവശ്യങ്ങൾക്കുവേണ്ടി അവർ സംഘടിക്കുന്നു ഇങ്ങിനെ സംഘടിക്കുന്നതിനുള്ള അവകാശംതന്നെ ഒരു ദീർഘസമരത്തിൽ നിന്നു് ലഭിച്ച വിജയമാണു്. പിന്നീട്ടു് ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതിനുവേണ്ടി സമരം നടത്തുകയാണു്. പണിമുടക്കുകൾ മാത്രമാണു് തൊഴിലാളിയുടെ ആയുധം. പക്ഷെ ഈ ആയുധം വളരെ ശക്തിമത്തായ ഒന്നാണു്. കാലം ചെല്ലുന്തോറും ഇതിന്റെ ശക്തിയേറിവരുന്നു. ഇങ്ങിനെ തൊഴിലാളിവർഗ്ഗം സംഘടിതമായി സമരം ചെയ്യുന്ന രീതികൾ തന്നെ മുതലാളിത്തത്താല് പഠിപ്പിക്കപ്പെടുന്നു.

സായുധവിപ്ലവത്തിനും തൊഴിലാളിയെ പരിശീലിപ്പിക്കുന്നതു് മുതലാളിത്തമാണു്. വിവിധ രാഷ്ട്രങ്ങൾ തമ്മിലുള്ളമത്സരം യുദ്ധത്തിലാണവസാനിക്കുന്നതു്. ആരാണു് ഈ യുദ്ധത്തിലെ ഭടന്മാർ. തൊഴിലാളിവർഗ്ഗത്തിൽ നിന്നു തന്നെയാണു് ആളെടുപ്പു് നടത്തുന്നതു്. ഇങ്ങിനെ സമരപരിശീലനം ലഭിച്ച തൊഴിലാളികളെ അവർക്കെതിരായിത്തന്നെ പലപ്പോഴും മുതലാളിത്തം തിരിച്ചു വിടുന്നുണ്ടു്. എങ്കിലും, എന്നെങ്കിലും തൊഴിലാളിവർഗ്ഗം മുതലാളിത്തത്തിനെതിരായ സമരം തുടങ്ങുകയാണെങ്കിൽ മുതലാളിത്തത്തിന്റെ പട്ടാളം സ്വന്തം വർഗ്ഗത്തിന്റെ വശത്തേക്കു് മാറുക എന്നതു് സഹജമാണല്ലോ. തൊഴിലാളി ആയുധമേന്തിയ കലാപം നടത്താതിരിക്കാൻ ഉള്ള ഏകമാർഗ്ഗം അവനെ യുദ്ധമുറകൾ പരിശീലിപ്പിക്കാതിരിക്കുക മാത്രമാണു്. ഇതു് കഴിയണമെങ്കിൽ യുദ്ധമില്ലാതാകണം. മുതലാളിത്തത്തിനു് യുദ്ധമില്ലാതെ കഴിവില്ല.

ഈ വിപ്ലവത്തിൽ തൊഴിലാളിയുടെ വിജയം നിശ്ചയമാക്കുന്ന മറ്റൊരു കാരണമുണ്ട്. ഇതുവരെ മനുഷ്യചരിത്രത്തിൽ നടന്നിട്ടുള്ള വിപ്ലവങ്ങളെല്ലാം തന്നെ ന്യൂനപക്ഷത്തിന്റെ വിപ്ലവങ്ങളായിരുന്നു. തൊഴിലാളിവിപ്ലവം നേരേമറിച്ച് ഭൂരിപക്ഷത്തിന്റെ വിപ്ലവമാണ് മുതലാളിത്തത്തിന്റെ സ്വഭാവം തന്നെ ധനവാന്റെ എണ്ണം കുറയുകയും, ഉള്ളവന്റെ ധനം വർദ്ധിക്കുകയും ചെയ്യുന്ന ഒന്നാണല്ലോ. സ്വത്തില്ലാത്ത വർഗ്ഗം എണ്ണത്തിൽ വർദ്ധിക്കുകയും, സാമ്പത്തികനിലയിൽ അധഃപതിക്കുകയും ചെയ്തുകൊണ്ടാണല്ലോ ഇരിക്കുന്നതു്. ഈ നില വരുന്നതിന്റെ ഫലമായി സമുദായത്തിൽ ഏതാനും വ്യക്തികൾ മാത്രം ഒരു കക്ഷിയിലും ശിഷ്ടമുള്ള 99 ശതമാനവും മറുകക്ഷിയിലും ആയിത്തീരുന്നു. ഈ നിലക്കാരുടെ അവസ്ഥ തന്നെയാണ് ഇതിനു് ഉദാഹരണം. കഴിഞ്ഞ തലമുറയിൽ ധനാഢ്യന്മാരായിരുന്ന കുടുംബങ്ങളിൽ ഭൂരിപക്ഷവും ഇന്നു് ഇടത്തരക്കാരായി താഴ്ന്നു കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ തലമുറയിൽ ഇടത്തരക്കാരായിരുന്നവർ ഭൂരിപക്ഷവും തൊഴിലാളികളായും തീർന്നിരിക്കുന്നു. ഇങ്ങിനെ നിരന്തരം മനുഷ്യനെ താഴ്ന്ന പടികളിലേക്കു് പിടിച്ചുതള്ളിക്കൊണ്ടിരിക്കുന്ന ഒരു സമ്പ്രദായമാണ് മുതലാളിത്തം. അങ്ങിനെ ബഹുഭൂരിപക്ഷത്തിനെ മർദ്ദിക്കുന്ന ഒരേർപ്പാടു് കുറെക്കാലത്തേയ്ക്കു് തൊഴിലാളിവർഗ്ഗത്തിൽ നിന്നു് പോലീസായും, ഗുണ്ടകളായും പോകുന്നവരുടെ സഹായം കൊണ്ടു് അടിച്ചമർത്താമായിരിക്കാം. പക്ഷെ അതും ശാശ്വതമായ ഒരു പരിഹാരമല്ല.

തൊഴിലാളിവർഗ്ഗത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്ന മറ്റൊരു ഘടകമാണ് തൊഴിലാളിവർഗ്ഗത്തിന്റെ സാർവ്വലൗകിക സ്വഭാവം. സ്വന്തം രാജ്യത്തു് ജീവിക്കാനാവശ്യമായ കൂലിയോ രാഷ്ട്രീയാധികാരമോ ഇല്ലാത്ത തൊഴിലാളി ആ രാജ്യത്തെപ്പറ്റി അത്ര കഥയായിട്ടൊന്നും ചിന്തിക്കയില്ല. സ്വന്തരാജ്യത്തെ സ്നേഹിക്കയല്ലാതെ ഇതരരാജ്യങ്ങളെ വെറുക്കുകയോ അവരോടു

യുദ്ധം ചെയ്യുകയോ ചെയ്യേണ്ട ആവശ്യം തൊഴിലാളിക്കില്ല. അതുകൊണ്ടു് ലോകത്തിലെ ഏററവും വലിയ കലാകാരന്നേക്കാളും, ഏററവും വലിയ ആഭ്യാസിക വാദിയെക്കാളും യഥാർത്ഥമായ സാർവ്വലൗകിക മനോഭാവം തൊഴിലാളിക്കാണുണ്ടാവുക. ഇതു് തൊഴിലാളി സമരങ്ങളിൽ പരസ്പരസഹകരണത്ത നുതകും. ഉദാഹരണമായി മുതലാളിത്തം ഇൻഡോനേഷ്യാക്കാരുടെ നേരേ സാമ്രാജ്യത്വത്തിനു് പ്രയോഗിക്കാനുള്ള ആയുധങ്ങൾ ഡച്ചുഗവർമ്മെണ്ടിനു് കച്ചവടം ചെയ്തപ്പോൾ പട്ടിണിക്കാരനായ തൊഴിലാളി ബോംബെയിലും, കൽക്കട്ടായിലും ഇൻഡോനേഷ്യയിലേക്കു് പോകുന്ന കപ്പലുകളിൽ ചരക്കുകൾ കയററാൻ വിസമ്മതിച്ചു.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ നോക്കുമ്പോൾ മുതലാളിത്തം അതിനെ നശിപ്പിക്കുവാനുള്ള ആയുധം മാത്രമല്ല സൃഷ്ടിച്ചിരുന്നതു്, അതിന്റെ ആരാച്ചാരെക്കൂടിയാണെന്നു് കാണാൻ കഴിയുന്നതാണു്. മുതലാളിത്തത്തിൽ തന്നെയുള്ള വൈരുദ്ധ്യങ്ങളാണു് മുതലാളിത്തം തകരാനും, സോഷ്യലിസ്റ്റ് വിപ്ലവം ജയിക്കാനുമുള്ള കാരണം. ഈ വൈരുദ്ധ്യങ്ങൾ കൂടാതെ മുതലാളിത്തത്തിനു് നിലനില്ക്കുവാൻ സാധ്യവുമല്ല.

# സ്വപ്നം യഥാർത്ഥമായി.

## ലെനിൻ

മാർക്സും എംഗൽസും ഈ തത്വങ്ങളെല്ലാം രൂപീകരിച്ചെങ്കിലും അവർക്ക് യഥാർത്ഥജീവിതത്തിൽ പ്രയോഗിച്ചുനോക്കുവാനുള്ള സൌകര്യം ലഭിച്ചില്ല. തൊഴിലാളിപ്രസ്ഥാനത്തിൽ അവർ കുറെയൊക്കെ പ്രവർത്തിച്ചു. ഒന്നാമത്തെ അഖിലലോകതൊഴിലാളി സംഘടന (ഒന്നാം ഇൻറർനാഷനൽ) യുടെ അദ്ധ്യക്ഷൻ മാർക്സായിരുന്നു. പക്ഷെ അന്നൊന്നും ഒരു വിപ്ലവം നടത്താൻ മാത്രം ശക്തി തൊഴിലാളിവർഗ്ഗത്തിന് ലഭിച്ചിരുന്നില്ല. ഇരുപതാംനൂററാണ്ടിലാണ് ഒരു വിപ്ലവത്തിനുള്ള സാദ്ധ്യതയുണ്ടായത്.

റഷ്യയായിരുന്നു യൂറോപ്പിലെ ഏററവും പിന്നണിയിൽനിന്ന രാജ്യം. അവിടെ മുതലാളിത്തം തന്നെ ശരിക്ക് വളർന്നുകഴിഞ്ഞിട്ടുണ്ടായിരുന്നില്ല. റഷ്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും കർഷകരായിരുന്നു. തൊഴിലാളികൾക്കുതന്നെ ഒരു വിപ്ലവം നടത്തുക എന്നത് റഷ്യയിൽ അത്ര എളുപ്പമായിരുന്നില്ല. അതുകൊണ്ട് റഷ്യയിലെ തൊഴിലാളിപ്രസ്ഥാനത്തിൻെറ നേതാവായിരുന്ന ലെനിൻ കർഷകരുടെയിടയിൽക്കൂടി വിപ്ലവപ്രസ്ഥാനം വളർത്തി. 1905-ൽ റഷ്യൻജനത ഒരു വിപ്ലവം നടത്തി. അവർ പരാജയപ്പെട്ടു. ആ പരാജയം ലെനിനെ പല പാഠങ്ങളും പഠിപ്പിച്ചു. വിപ്ലവപ്രസ്ഥാനത്തിലെ പല തെററുകളും അദ്ദേഹം തിരുത്തി. വിദേശമുതലാളിമാരുടെയും, സാർചക്രവർത്തിയുടെയും, റഷ്യൻ പ്രഭുവർഗ്ഗത്തിൻെറയും മർദ്ദനം ദുസ്സഹമായിത്തീർ

ന്നു. ജനത വിപ്ലവത്തിനുള്ള അവസരം കാത്തിരിക്കുകയായിരുന്നു. അപ്പോഴാണു് ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. ആ യുദ്ധത്തിന്റെ കാരണങ്ങളെ ലെനിൻ വിശകലനം ചെയ്തു. ബ്രിട്ടന്റെയും ജർമ്മനിയുടെയും സാമ്രാജ പ്രഭുത്വങ്ങൾ തമ്മിൽ മാർക്കറ്റുകൾക്കും കോളണികൾക്കുംവേണ്ടി നടത്തുന്ന സമരമാണതെന്നു് ലെനിൻ മനസ്സിലാക്കി. റഷ്യൻഗവർമ്മെണ്ടു് യുദ്ധത്തിൽ ചേർന്നിരുന്നുവെങ്കിലും അതു് ബ്രിട്ടന്റെ ചട്ടുകമായിരുന്നു. അതുകൊണ്ടു് ജനങ്ങൾക്കു് യുദ്ധത്തോടു് വെറുപ്പുണ്ടായിരുന്നുവെന്നു് മാത്രമല്ല, ഗവർമ്മെണ്ടിനു തന്നെ യുദ്ധത്തിൽ വേണ്ടത്ര താല്പര്യമുണ്ടായിരുന്നില്ല. സാമ്രാജ്യത്വമാണു് മുതലാളിത്തത്തിന്റെ ഏററവും ഉയർന്നരൂപം. സാമ്രാജ്യങ്ങൾ തമ്മിൽ കലഹിക്കുമ്പോൾ മുതലാളിത്തത്തിന്റെ വളർച്ച നശിച്ചുവെന്നു് തീർച്ചയാക്കാം. ലെനിൻ തന്റെ അവസരം കണ്ടു. സമാധാനത്തിനും, ഭക്ഷണത്തിനുംവേണ്ടിയുള്ള വിപ്ലവം 1917-ൽ ആരംഭിച്ചു. ചക്രവർത്തിയുടെ ഭരണക്രൂടം തകർന്നുവീണു. ഭൂമിയുടെ ആറിലൊന്നു് വരുന്ന ഒരു ഭൂവിഭാഗത്തിൽ, അന്നുമുതൽ വർഗ്ഗരഹിതമായ ഒരു സമുദായം കെട്ടിപടുക്കുവാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു. അന്നുമുതൽ ഇന്നുവരെ, മുപ്പതുവർഷക്കാലത്തെ റഷ്യയുടെ ചരിത്രം, ഇടതടവില്ലാത്ത പുരോഗമ ത്തിന്റെ കഥയാണു്. അങ്ങിനെ ചരിത്രത്തിലാദ്യമായി മാർക്സിന്റെ പ്രവചനം ശരിയാണെന്നു് തെളിയിക്കപ്പെട്ടു. സ്വപ്നം യഥാർത്ഥമായി.

1

## സോവിയററു യൂണിയൻ-

## ഒരു പുതിയ ലോകം.

ആദ്യം തന്നെ ഒന്നു് പറഞ്ഞേക്കാം. സോവിയററു് യൂണിയൻ സ്വർഗ്ഗമല്ല. പക്ഷെ സ്വർഗ്ഗമല്ലാത്തതെന്നും സ്വീകാര്യമല്ലെന്നു് നാം പ്രതിജ്ഞ ചെയ്തിട്ടില്ല

ല്ലാം. ഇന്നത്തെ സ്ഥിതിയിൽനിന്നു് ഭേദമായ എന്തിനെയും സ്വാഗതം ചെയ്യത്തക്ക സാഹചര്യങ്ങളാണു് നമുക്കുള്ളതു്. റഷ്യ ചിലതൊക്കെ സാധിച്ചിട്ടുണ്ടു്. അതിന്റെ വെളിച്ചത്തിൽ നമ്മുടെ പ്രശ്നങ്ങൾ പരിശോധിക്കുകയും സ്വീകാര്യമാണെന്നു കാണുന്ന പരിപാടികൾ അംഗീകരിക്കുകയും ചെയ്യുക എന്നതാണു് നമ്മുടെ ആവശ്യം. നാം റഷ്യയിലേക്കു് കുടിയേറിപ്പാർക്കാൻ ഉദ്ദേശിക്കുന്നില്ല. വിപ്ലവംകൊണ്ടു് റഷ്യ എന്തെല്ലാം സാധിച്ചു, അതു് എങ്ങിനെ സാധിച്ചു, ഇതു് മാത്രമാണു് നമുക്കറിയേണ്ടതു്.

—റഷ്യയെന്ന പേരുതന്നെ ശരിയല്ല. റഷ്യ ഒരു ഫെഡറേഷനിലെ പ്രധാനപ്പെട്ട രാജ്യം മാത്രമാണു്. 18 രാജ്യങ്ങൾ ഒരുമിച്ചുചേർന്നുണ്ടായതാണു് സോവിയററു് യൂണിയൻ, അഥവാ യൂണിയൻ ഓഫ് സോവിയററു് സോഷ്യലിസ്റ്റ് റിപ്പബ്ലിക്സ്. ഇത്ര ദീർഘമായ ഒരു പേരിടാൻ കാരണം രാഷ്ട്രത്തിന്റെ പൊതുസ്വഭാവത്തെ അതു് കാണിക്കണമെന്നു് കരുതിയതുകൊണ്ടാണു്. സമുദായഘടന സോഷ്യലിസ്ററും ഭരണരീതി സോവിയററും (പഞ്ചായത്തു്). സ്വതന്ത്രമായുള്ള പല രാഷ്ട്രങ്ങളുടെ യൂണിയനാണു് റഷ്യൻ ഫെഡറേഷൻ.

—ലോകത്തിൽ വർഗ്ഗരഹിതമായ ഒരു സമുദായവ്യവസ്ഥിതി ആദ്യം നടപ്പിലാക്കിയതു് സോവിയററു് യൂണിയനാണു്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന സമ്പ്രദായം അവിടെ അവസാനിച്ചിരിക്കുന്നു.

—തൊഴിലില്ലായ്മയെ പാടെ നശിപ്പിച്ച ഏകരാജ്യം സോവിയററു് യൂണിയനാണു്. അവിടെ തന്നെയാണു് ദിവസം ആറുമണിക്കൂർമാത്രം ജോലിചെയ്താൽ മതിയെന്നുള്ള നിയമവും ഉണ്ടായതു്.

അവശ്യത്തിനു തികയുന്ന കൂലിയും റഷ്യൻതൊഴിലാളിക്കു് മാത്രമാണു് ലോകത്തിൽ കിട്ടുന്നതു്. ശമ്പളത്തോടുകൂടിയ അവധി, വാർദ്ധക്യപെൻഷൻ, അപകടങ്ങൾ പററിയാൽ രക്ഷിക്കാനുള്ള വ്യവസ്ഥ, സ്ത്രീകൾക്കും പുരുഷന്മാർക്കും സമമായ കൂലി, പ്രസവകാലത്തു് മുഴുവൻ ശമ്പളത്തോടുകൂടിയ അവധി എന്നിവ മറെറാരു ഇടത്തും സ്വപ്നംകാണാൻകൂടി കഴിയാത്ത കാര്യങ്ങളാണല്ലൊ.

സോവിയററു് നിയമമനുസരിച്ചു് ഓരോ പൗരനും, (1) ജോലി (2) വിശ്രമം (3) വിദ്യാഭ്യാസം (4) വാർദ്ധക്യത്തിലും രോഗത്തിലും സംരക്ഷണം എന്നിവ ലഭിക്കുവാനുള്ള അവകാശമുണ്ടു്. സോവിയററു് നാട്ടിൽ ജനിക്കുന്ന ഏതൊരു പൗരനും ഏതു തൊഴിലിൽ പ്രവേശിക്കാനും പരിശീലനം ലഭിക്കാനുംവേണ്ട ഏർപ്പാടുണ്ടു്. ഏതു തൊഴിലും ചെയ്യാനുള്ള അവകാശവുമുണ്ടു്. മുതലാളിത്തരാജ്യങ്ങളിൽ യന്ത്രങ്ങൾ വർദ്ധിക്കുന്നതോടുകൂടി ഒരു വലിയ സംഖ്യ ആളുകൾ തൊഴിലില്ലാതായിത്തീരുന്നു. സോവിയററു് യൂണിയനിലാണെങ്കിൽ യന്ത്രങ്ങൾ വർദ്ധിക്കുമ്പോൾ തൊഴിലാളിയുടെ പ്രവൃത്തിസമയം ചുരുങ്ങുകമാത്രമെ ചെയ്യുന്നുള്ളു. മാത്രമല്ല ഇങ്ങനെ മിച്ചംകിട്ടുന്ന സമയം രസകരമായി ചെലവാക്കുന്നതിനുള്ള ഏർപ്പാടുകളും അവിടെയുണ്ടു്. സാഹിത്യം, കല മുതലായവയിൽ സോവിയററു് യൂണിയന്റെ അസൂയാവഹമായ പുരോഗതി ഇതിനു് ഉദാഹരണമാണു്. സംഗീതം, നാടകം, നൃത്തം, സിനിമാ, സർക്കസു്, കായികവിനോദങ്ങൾ മുതലായവയിൽ സോവിയററു് യൂണിയനെ കവച്ചുവെയ്ക്കുന്ന മറെറാരു രാജ്യമുണ്ടോ എന്നു് സംശയമാണു്. വിശ്രമത്തെ സംബന്ധിച്ചു് സോവിയററു് നാട്ടിലെ തത്വം, "വിശ്രമം എല്ലാവർക്കും" എന്നതാണു്. വിശ്രമം ഒരുകൂട്ടം ആളുകൾക്കു് മാത്രമല്ല.

—സാധാരണവും സാങ്കേതികവുമായ വിദ്യാഭ്യാസം സൗജന്യമായി ലഭിക്കുന്നതിനു് സോവിയററു് പൗരനു് അവകാശമുണ്ടു്. പതിനാറുവയസ്സു് തികയുന്നതുവരെ എല്ലാ കുട്ടികളും വിദ്യാഭ്യാസം ചെയ്യണമെന്നതു് നിർബന്ധമാണു്. ഇതു കഴിഞ്ഞാൽ അവരവരുടെ വാസനയനുസരിച്ചു് ഓരോ സാങ്കേതിക പഠനത്തിനു് പോകാം. വിദ്യാഭ്യാസകാലത്തു് ആവശ്യമുള്ളവർക്കെല്ലാം വേതനം ലഭിക്കുന്ന ഫാക്ററിയിൽ ജോലിചെയ്യുന്നതിന ടസ്സും പഠിത്തം തുടരുവാനുള്ള ഏർപ്പാടുകൾ ഉണ്ടു്. ഇതുകൊണ്ടാണു് ഇന്നു് അക്ഷരാഭ്യാസമില്ലാത്തവർ ഒന്നുപോലും സോവിയററു് യൂണിയനിൽ ഇല്ലാത്തതു്.

—പുരുഷന്മാർക്കുള്ള എല്ലാ അവകാശങ്ങളും സ്ത്രീകൾക്കുള്ള ഏക രാജ്യം സോവിയററു് യൂണിയനാണു്. വിപ്ലവത്തിനു് മുമ്പു് റഷ്യയിൽ സ്ത്രീകൾക്കു് മൃഗങ്ങളുടെ നിലയാണുണ്ടായിരുന്നതു്. രണ്ടാം ലോകമഹായുദ്ധത്തിലാകട്ടെ റഷ്യൻ സ്ത്രീകൾ വഹിച്ച പങ്കു് ആരെയും അത്ഭുതപ്പെടുത്തുന്നതാണു്. സോവിയററു് സമുദായം ഏററവും ശ്രദ്ധ ചെലുത്തുന്നതു് കുട്ടികളുടെ കാര്യത്തിലാണു് സ്ത്രീകളെ ഗർഭിണികളായിരിക്കുമ്പോൾതന്നെ സംരക്ഷിക്കുകയും പ്രസവസമയത്തു് ആശുപത്രിയിലാക്കുകയും ചെയ്യുന്നു. അതുകഴിഞ്ഞാൽ ശിശുപരിചരണ കേന്ദ്രങ്ങളിലും കിൻറർഗാർട്ടൻ സ്കൂളുകളിലുമായി കുട്ടികൾക്കു് വേണ്ട പരിശീലനം കൊടുക്കുന്നു.

ഇങ്ങിനെ ജീവിതത്തിൻെറ ഓരോ തുറകളിലും വ്യക്തിയുടെ ആരോഗ്യത്തെയും സംസ്കാരത്തെയും ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു വ്യവസ്ഥയാണു് സോവിയററു് യൂണിയനിലുള്ളതു്. പക്ഷെ ഇതിനൊക്കെ പണമെവിടെനിന്നുണ്ടാകും എന്നു് നിങ്ങൾ സംശയിക്കുന്നുണ്ടായിരിക്കാം.

## ജനകീയമായ ഉൽപാദനരീതി.

മുതലാളിത്തത്തിലെ ഉല്പാദനരീതിയിൽ നിന്നു് പാടെ ഭിന്നമായ ഒരു ഉല്പാദനരീതിയാണു് സോഷ്യലിസത്തിന്റേതു്. മുതലാളിയുടെ സ്വന്തം ലാഭത്തിനു് ഏററവും പാററിയ ചരക്കുകൾ ഉല്പാദിപ്പിക്കുകയാണു് മുതലാളിത്തത്തിലെ ലക്ഷ്യം. സോഷ്യലിസത്തിലാകട്ടെ ഉല്പാദനത്തിന്റെ ലക്ഷ്യം, ലാഭമല്ല, ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയെന്നതാണു്. ഇതു് സാധ്യമാകണമെങ്കിൽ ഉല്പാദനോപകരണങ്ങളിലെ സ്വകാര്യസ്വത്തുടമ നശിക്കണം. അവയെല്ലാം (യന്ത്രം, ഫാക്ററി, സ്ഥലം മുതലായവ) സമുദായത്തിന്റെ പൊതുസ്വത്തായിത്തീരണം. അതുകൊണ്ടും പോരാ. മുൻകൂട്ടി തയാറാക്കിയ ഒരു പരിപാടിയനുസരിച്ചു് ഉല്പാദനം ക്രമീകരിക്കുകയും വേണം.

## സോവിയററ് പ്ളാനിംഗ്

ഈ പരിപാടിയാണു് സോവിയററു് പ്ലാനിംഗ് എന്നു പറയുന്നതു്. സോവിയററു് നേതാക്കന്മാർ ആദ്യമായി ചെയ്തതു് രാജ്യത്തിനൊട്ടാകെ ഒരു പദ്ധതി രൂപീകരിക്കുവാൻ വിദഗ്ദ്ധന്മാരുടെ ഒരു സംഘടന രൂപീകരിക്കുകയായിരുന്നു (പ്ലാനിംഗ്കമ്മീഷൻ). അവരുടെ പ്രവത്തനത്തിന്റെ രീതി താഴെ കൊടുക്കുന്നു

ആദ്യമായി അവർ നിലവിലുള്ള ചില കണക്കുകൾ ശേഖരിച്ചു. ഇവയിൽ ഏററവും പ്രധാനമായതു്:—

1 രാജ്യത്തെ ജനങ്ങളുടെ ജീവിതാവശ്യങ്ങൾ. ഭക്ഷണം മുതൽ സംഗീതംവരെയുള്ള എല്ലാം ഇനങ്ങളും ഇതിൽ ഉൾപ്പെടുത്തി.

2 ഇവയെല്ലാം സൃഷ്ടിക്കുന്നതിനു് ആവശ്യമായ ഫാക്ററി യന്ത്രം, തൊഴിലാളികൾ മുതലായവയുടെ കണക്കു്.

3 അന്നു് നിലവിലിരുന്ന ഉല്പാദനത്തിന്റേയും ഉല്പാദനോപകരണങ്ങളുടെയും ആകെത്തുക.

4 ലഭിക്കാവുന്ന തൊഴിൽ ശക്തി എത്രമാത്രമാണു്.

ഈ കണക്കിന്റെ അടിസ്ഥാനത്തിൽ അവർ അടുത്ത അഞ്ചു വർഷംകൊണ്ടു് സാധിക്കാവുന്ന വ്യവസായ വികസനത്തിന്റെ അളവു് കണക്കു കൂട്ടുന്നു. അനാവശ്യമായ കാര്യങ്ങളിൽ നിന്നു് അത്യാവശ്യമായവയിലേക്കു് ഉല്പാദനശക്തി തിരിച്ചു വിടുന്നതും മററും അവരുടെ ചുമതലയാണു്. യുദ്ധോപകരണങ്ങൾ, ഉല്പാദനോപകരണങ്ങൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവക്കു് കാലാനുസൃതമായിട്ടുള്ള പ്രാധാന്യത്തെ പരിഗണിച്ചാണു് അവർ പരിപാടിയിടുന്നതു്. അടുത്തതായി, ഈ പരിപാടി രാജ്യത്തെല്ലാമുള്ള ഉല്പാദനകേന്ദ്രങ്ങളിലേക്കയക്കുന്നു. ഉല്പാദനപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരുടെയെല്ലാം പരിഗണനക്കു് ശേഷം അവരുടെ വിമർശനങ്ങളും നിർദ്ദേശങ്ങളും കേന്ദ്രത്തിലെത്തുന്നു. ഈ നിർദ്ദേശങ്ങളനുസരിച്ചു് പ്ലാൻ ഭേദഗതി ചെയ്തു്, സുപ്രീംസോവിയററിന്റെ (സോവിയററ് പാർലമെണ്ടു്) അനുമതിക്കു് സമർപ്പിക്കുന്നു. അനുമതി ലഭിച്ചുകഴിഞ്ഞാൽ പ്ലാൻ പരിപൂർണ്ണമായി. പിന്നീടു് അതു് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്നു. അപ്പോൾ ഓരോ ഫാക്ടറിയിലേയും തൊഴിലാളിക്കു് താൻ നിർവ്വഹിക്കേണ്ട ചുമതല എന്താണെന്നു് മനസ്സിലാകുന്നു. സോവിയററു് യൂണിയൻ ഇത്തരം മൂന്നു് പഞ്ചവത്സര പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ടു്. ഇവയിൽ ഓരോന്നിലും ആരംഭത്തിൽ കുറിച്ച ലക്ഷ്യത്തെ കവച്ചു വക്കുന്ന വിജയം സിദ്ധിക്കുകയും ചെയ്തു.

ഇതിന്റെയെല്ലാം ഫലമായിട്ടാണു് സോവിയററു യൂണിയനിൽ തൊഴിലില്ലായ്മയും പട്ടിണിയും ഇല്ലാതാക്കാൻ സാധിച്ചതു്. സോവിയററിന്റെ വിജയം ഇത്ര വലിയതാണെങ്കിൽ ഇത്രയധികം സോവിയററു് വിരോധ പ്രചാരവേല നടക്കുന്നതെന്തുകൊണ്ടാണെ

ന്നൊരു ചോദ്യമുണ്ടു്. ഇത്രയെങ്കിലും സോവിയററു് വിരോധ പ്രചാരവേലയില്ലെങ്കിലാണു് അത്ഭുതത്തിനവകാശമുള്ളതു്. മുതലാളിത്തലോകത്തിലെ എല്ലാ പ്രചരണയന്ത്രങ്ങളും (വിദ്യാഭ്യാസം, പ്രസിദ്ധീകരണം, പത്രം, റേഡിയോ, സിനിമാ) കൈയടക്കിവച്ചിരിക്കുന്നവർ അവരുടെ സ്വാർത്ഥതാല്പര്യത്തിനുവേണ്ടി സോഷ്യലിസ്റ്റ് സമുദായത്തെപ്പററി അപവാദം പരത്തുകയെന്നതു് സഹജമാണല്ലോ. സോഷ്യലിസ്റ്റെന്നു ഭാവിച്ചു് നടക്കുന്ന സോവിയററു് വിരോധികളെപ്പററി ഇത്രയേ പറയാനുള്ളു, "സോവിയററിനെ എതൃക്കുന്ന സോഷ്യലിസം സോഷ്യലിസമല്ല" ഒരു വെറും വിരോധാഭാസമാണു്. യൂദാമാരും വെള്ളിക്കാശുകളും മാത്രമല്ല ലോകത്തിലുള്ളതു്, വിയർപ്പുനാറുന്ന മീൻപിടിത്തക്കാരുമുണ്ടു്.

---

# ഇടയ്ക്കൊരു ദുസ്സ്വപ്നം

വിപ്ലവത്തിനുശേഷം മുതലാളിത്തലോകം സോവിയറ്റ് യൂണിയനെ തകർക്കാൻ അകമഴിഞ്ഞ് പരിശ്രമിച്ചിട്ടുണ്ട്. ഒന്നാംലോകമഹായുദ്ധത്തിൽ റഷ്യൻ ചക്രവർത്തി ബ്രിട്ടീഷ്കാരുടെ ഭാഗത്തായിരുന്നു. 1917-ലെ വിപ്ലവത്തിനുശേഷം റഷ്യ യുദ്ധത്തിൽ നിന്ന് മാറിയിരിക്കുന്നതായി ലെനിൻ പ്രഖ്യാപിച്ചു. ഇത് സഖ്യകക്ഷികളോടുള്ള വഞ്ചനയാണെന്ന് പറഞ്ഞ് അവർ രണ്ടുവർഷത്തോളം റഷ്യയോട് യുദ്ധം ചെയ്തു. പക്ഷേ റഷ്യ സ്വന്തം രാജ്യത്തിന്റെ സംരക്ഷണത്തിനും, വിപ്ലവത്തിന്റെ വിജയത്തിനുംവേണ്ടി സമരം മാത്രമേ നടത്തിയുള്ളു. യുദ്ധാനന്തരം, ലോകത്തിൽ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം ഉയർന്നുവരുന്നതിന്റെ അപകടം നേരത്തേ മനസ്സിലാക്കിയ ചർച്ചിൽ പ്രഭൃതികൾ സോവിയറ്റ് യൂണിയനെ തകർക്കുവാൻ പ്ലാനിട്ടു. സോവിയറ്റു യൂണിയൻ സ്വയം തകരുമെന്ന് ആശിച്ച് അവർ നാലുവർഷത്തോളം കാത്തിരുന്നു. അത് വ്യാമോഹമാണെന്ന് കണ്ടപ്പോൾ പതിനാലുരാഷ്ട്രങ്ങളുടെ സഹായത്തോടുകൂടി ചർച്ചിൽ റഷ്യക്കെതിരായി ഒരു സമരം ആരംഭിച്ചു ആ സമരത്തിലും റഷ്യ വിജയിക്കുകതന്നെ ചെയ്തു.

ഇക്കാലമെല്ലാം മുതലാളിത്തലോകത്തിൽ സാമ്പത്തിക പ്രശ്നങ്ങൾ വർദ്ധിച്ചുവന്നു. 1930-31 ലെ സാമ്പത്തികാധഃപതനത്തോടുകൂടി അത് മൂർഛിച്ചു. പഴയരീതിയിൽ മുതലാളിത്തത്തിന് നിലനില്ക്കുവാൻ കഴിവില്ലെന്ന് മുതലാളിത്തപവന്മാർക്ക് തന്നെ ബോധ്യമായി. അധഃപതനത്തിൽ നിന്ന് രക്ഷപെടുവാൻ പ്രധാനമായി രണ്ടു മാർഗ്ഗങ്ങളാണ് അവർ അവലംബിച്ചത്. ഒന്ന് രക്തസമ്മർദ്ദത്തിൽ നിന്ന് രക്ഷ നേടുവാൻ രക്തം കുത്തിക്കളയുന്നതിനോടുപമിക്കാം. പണം

മുഴുവനും മുതലാളിയുടെ കൈയിൽ ചെന്നുവീഴുകയും തൊഴിലാളിക്കു് ചരക്കുകൾ വാങ്ങാൻ കഴിവില്ലാതായിത്തീരുകയും അങ്ങിനെ ഉല്പാദനം തകരുകയും ചെയ്യുന്നതാണു് മുതലാളിത്തത്തിലെ സാമ്പത്തിക സ്തംഭനം. ഇതിനു് പരിഹാരമായി വളരെ പണം മുടക്കി ബഹുജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുക എന്നതാണു് അമേരിക്കൻ മുതലാളിമാർ സ്വീകരിച്ച തന്ത്രം. ഇതനുസരിച്ചു് രൂപീകരിക്കപ്പെട്ട പദ്ധതിയായിരുന്നു റൂസ്‌വെൽററിന്റെ "ന്യൂഡീൽ". ഇതിന്റെ അവസാനത്തിലും, പണമെല്ലാം മുതലാളിയുടെ കൈയിൽ ചെന്നുചേരും. അതു് മുതലാളിത്തത്തിന്റെ മൌലികസ്വഭാവമാണു്. അങ്ങിനെ സ്തംഭനം പിന്നെയും ആവർത്തിക്കും. രണ്ടാമത്തെ മാർഗ്ഗം, തൊഴിലാളികളെ അടിച്ചമർത്തി ജനാധിപത്യത്തെ തകർത്തു്, രാജ്യത്തിനകത്തു് ജനാധിപത്യശക്തികളോടും പുറത്തു് മററു രാഷ്ട്രങ്ങളോടും സമരംചെയ്തു് ജീവിക്കുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ കൈയിലേക്കു് രാജ്യം ഏല്പിച്ചുകൊടുക്കുക എന്നതായിരുന്നു. ഈ സമ്പ്രദായത്തെപ്പററി ഇവിടെ ഒരു വിവരണത്തിനു് സ്ഥലമില്ല. ഈ രീതിയാണു് ഫാഷിസം എന്നും, ഫാഷിസത്തിൽ മുതലാളിമാരുടെ ഏററവും രാക്ഷസീയവും നീചവുമായ ഭരണമാണു് നിലവിലുള്ളതെന്നും മാത്രം മനസ്സിലാക്കിയിരുന്നാൽ മതി. സാമ്പത്തികാധഃപതനത്തിൽനിന്നു് രക്ഷനേടാൻ ജർമ്മനിയും, ഇററലിയും, ജപ്പാനും സ്വീകരിച്ച മാർഗ്ഗം ഇതായിരുന്നു. (സാർവ്വലൌകിക സാമ്പത്തികമത്സരത്തിൽ പരാജിതരായി നില്ക്കുന്ന രാഷ്ട്രങ്ങളിലാണു് ഫാഷിസത്തിനു് കൂടുതൽ അവസരം ലഭിക്കുക എന്നും ഓർമ്മയിരിക്കേണ്ടതാണു്) ഫാഷിസത്തിനു് യുദ്ധംചെയ്യാതെ നിലനിൽക്കാനാവില്ല. ഈ പരമാർത്ഥം മനസ്സിലാക്കിയിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വം ജർമ്മൻ ഫാഷിസവുമായി സന്ധി ചെയ്തു. ഫാഷിസത്തിന്റെ സമരഭ്രാന്തു് സോവിയററുയൂണിയന്റെ നേരെ തിരിച്ചുവിടാമെന്നാണവർ ആഗ്രഹിച്ചതു്. ഈ ലക്ഷ്യത്തോടു

കൂടി 1932 മുതൽ 1939 വരെ അവർ ഹിററ്ലറെ ഉദാരമായ സംഭാവനകൾകൊണ്ടു് പ്രോത്സാഹിപ്പിച്ചു. പക്ഷെ ഈ കാര്യത്തിൽ സാമ്രാജ്യത്വത്തിനു് രണ്ടു് തെററുകൾ പററി. ഒന്നു്; മുതലാളിത്തത്തിലെ വൈരുദ്ധ്യത്തിൻെറ ഫലമായി ഹിററ്ലർ ബ്രിട്ടനെ തന്നെ തിരിഞ്ഞു കടിച്ചേക്കാമെന്നു് അവർ മറന്നു. രണ്ടു്; ഇക്കാലത്തിനിടക്കു് സോവിയററ് യൂണിയനിൽ വന്ന മാററങ്ങളെ അവർ ശരിയായി മനസ്സിലാക്കിയില്ല.

## സ്റ്റാലിൻ

1931-ൽ ലോകമൊട്ടാകെ സാമ്പത്തികാധഃപതനം ബാധിച്ചിരുന്നപ്പോൾ സോവിയററ് യൂണിയനിൽ ഒന്നാമത്തെ പഞ്ചവത്സരപദ്ധതി വിജയകരമായി പൂർത്തിയാക്കുകയായിരുന്നു അതുകഴിഞ്ഞു് രണ്ടു് പഞ്ചവത്സരപദ്ധതികൾ കൂടി സോവിയററ് യൂണിയൻ നടപ്പിൽ വരുത്തി. ഇതിനിടക്കു് ലെനിൻ മരിച്ചു. ലെനിൻെറ സഹപ്രവർത്തകനായ സ്റ്റാലിൻ രാഷ്ട്രത്തിൻെറ നേതൃത്വമേറെറടുത്തു. ഫാഷിസത്തിൻെറ ഉദ്ദേശങ്ങൾ ശരിക്കു് മനസ്സിലാക്കിയ സ്റ്റാലിൻ ഏതാക്രമണത്തെയും നേരിടുന്നതിനു് ശക്തമായ ഒരു രാഷ്ട്രത്തെ പണിതുണ്ടാക്കി. മുതലാളിത്തലോകം ആഗ്രഹിച്ചതുപോലെ സംഭവിച്ചു. 1941 ജൂൺ 22-ാംനു ഹിററ്ലർ റഷ്യായെ ആക്രമിച്ചു. പക്ഷെ നശിച്ചതു് സോവിയററ് യൂണിയനായിരുന്നില്ല. ഇരുപത്തഞ്ചു വർഷമായി റഷ്യക്കെതിരായി മുതലാളിത്തം കെട്ടിപ്പൊക്കിയ നുണക്കോട്ടകൾ ഇരുപത്തഞ്ചു ദിവസംകൊണ്ടു് തകർന്നു് നിലംപതിച്ചു.

ഹിററ്ലർ യുദ്ധം തുടങ്ങിയിട്ടു് മുപ്പത്തഞ്ചുദിവസത്തിനകം ചെക്കോസ്ലാവാക്കിയാ, പോളണ്ടു്, ഹോളണ്ടു്, ബൽജിയം, ഫ്രാൻസ് എന്നീ രാജ്യങ്ങൾ തകർന്നു. കടൽ മാത്രമാണു് ഇംഗ്ലണ്ടിനെ രക്ഷിച്ചതു്. ഇംഗ്ലണ്ടും

പരാജയത്തെ പ്രതീക്ഷിച്ച് കാത്തിരിക്കുകയായിരുന്നു. വിജയത്തിന്റെ മദത്തോടും പിടിച്ചടക്കിയ രാജ്യങ്ങളിലെ സമ്പത്തിന്റെ പിൻബലത്തോടും കൂടിയാണ് ഹിററ്ലർ റഷ്യയുടെനേരേ തിരിഞ്ഞത്. ഏതാനും ആഴ്ചകൾക്കുള്ളിൽ റഷ്യയും തകരും എന്നാണ് ഹിററ്ലർ പ്രതീക്ഷിച്ചത്. പക്ഷേ റഷ്യ തിരിച്ചടിച്ചു. 1945-ൽ ബർലിനിൽ റഷ്യൻ കൊടി പറക്കുകയും ചെയ്തു ഇതാണ് ലോകത്തെ സ്തംഭിപ്പിക്കുകയും കണ്ണു തുറപ്പിക്കുകയും ചെയ്ത വാസ്തവം. യുദ്ധത്തിലും സമാധാനത്തിലും റഷ്യ അജയ്യയാണെന്ന് ലോകം മനസ്സിലാക്കി. റഷ്യയുടെ ശക്തിയുടെ അടിസ്ഥാനമെന്താണെന്ന് ലോകം അന്വേഷിച്ചു. ആ രഹസ്യം റഷ്യയിലെ സാമൂഹ്യ വ്യവസ്ഥിതിയിലാണടങ്ങിയിരിക്കുന്നതെന്ന് ലോകം മനസ്സിലാക്കി. റഷ്യയുടെ വിജയരഹസ്യം സ്ഥിതിചെയ്യുന്നത് ആയുധശക്തിയിലല്ല; ജനതയുടെ അടിയുറച്ച ദേശാഭിമാനത്തിലാണ്. മററെല്ലാ രാജ്യത്തും അഞ്ചാംപത്തികളെ സൃഷ്ടിക്കാൻ ഹിററ്ലറിന് കഴിഞ്ഞു. റഷ്യയിൽ മാത്രം അതുണ്ടായില്ല. മററു രാജ്യങ്ങളിലും ചെറുക്കൽ പ്രസ്ഥാനമുണ്ടായിരുന്നെങ്കിലും ഹിററ്ലർ പട്ടാളത്തിന്റെ മുതുകെല്ലൊടിച്ച റഷ്യൻ ഗെറില്ലാസമരത്തിന്റെ മുമ്പിൽ അവയെല്ലാം കുട്ടിക്കളികളായിത്തീരുന്നു. ഹിററ്ലർ കൈവശപ്പെടുത്തിയ റഷ്യൻപ്രദേശങ്ങളിൽ അവിടുത്തെ തൊഴിലാളികളും കർഷകരും നടത്തിയ പ്രതിരോധമാണ് ലോകചരിത്രത്തിലെ ഏററവും വീരോചിതമായ അദ്ധ്യായം. അദ്വിതീയമായ ധീരതയോടെ റഷ്യൻജനത അക്രമിയെ ചെറുക്കുവാനുണ്ടായ കാരണം, അവർക്ക് എന്തിന്റെയോ സംരക്ഷണത്തിനുവേണ്ടി സമരം ചെയ്യുവാനുണ്ടായിരുന്നുവെന്നതാണ്. ആ അമൂല്യവസ്തുവാണ് സോഷ്യലിസം.

# നമുക്കും ഒരു സ്വപ്നം.

സോവിയററു് യൂണിയനിലേതുപോലെ ഒരു വ്യവസ്ഥിതി നമ്മുടെ നാട്ടിലും വരുന്നതു് നിങ്ങൾക്കും ഇഷ്ടമായിരിക്കുമല്ലോ. പക്ഷേ അതു് തനിയെ വന്നുചേരുകയില്ല. വിലപിടിപ്പുള്ള യാതൊന്നും പ്രയത്നം കൂടാതെ ലഭിക്കുകയില്ല

സാമ്പത്തികതാല്പര്യങ്ങളെ സംരക്ഷിക്കുവാനുള്ള ഉപകരണമാണു് ഭരണകൂടം എന്നു് നാം കണ്ടുകഴിഞ്ഞു. അതുകൊണ്ടു് ജനങ്ങൾക്കു് മുഴുവൻ സാമ്പത്തികനീതി ലഭിക്കണമെങ്കിൽ രാഷ്ട്രീയാധികാരം ജനങ്ങളുടേതായിത്തീരണം. പരിപൂർണ്ണജനാധിപത്യം സ്ഥാപിതമാകണം. ഇന്നത്തെ ഇന്ത്യയിൽ രാഷ്ട്രീയാധികാരം ജനങ്ങളുടെ കൈയിൽ വന്നിട്ടില്ല. ജനാധിപത്യസമ്പ്രദായം നിലവിലില്ലാത്ത രാജ്യങ്ങളിൽ ഈ പരിവർത്തനത്തിനു് സായുധവിപ്ലവം കൂടിയേ തീരു. ഔപചാരികമായ ജനാധിപത്യം നിലവിലിരിക്കുന്ന രാജ്യങ്ങളിലാണെങ്കിലും നിയമസഭ വഴിയായി സോഷ്യലിസം സ്ഥാപിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. താത്വികമായി നോക്കിയാൽ ഭൂരിപക്ഷം ജനങ്ങൾ ഒരു സോഷ്യലിസ്റ്റ് പരിപാടിയ്ക്കു് വോട്ടുചെയ്താൽ പരിവർത്തനമുണ്ടാകാം. എന്നാൽ സാമ്പത്തികസ്വാതന്ത്ര്യമില്ലെങ്കിൽ രാഷ്ട്രീയാവകാശങ്ങളുടെ വില എത്രമാത്രമുണ്ടെന്നു് ന്യായമായി സംശയിക്കാവുന്നതാണു്. പിന്തിരിപ്പൻ ശക്തികൾ പ്രയോഗിക്കുന്ന മർദ്ദനായുധങ്ങളെ ചെറുത്തുനിന്നു് സ്വതന്ത്രമായ തെരഞ്ഞെടുപ്പു് നടത്തുക ഏതാണ്ടു് അസാദ്ധ്യം തന്നെയാണു് കഴിഞ്ഞ തിരുവിതാംകൂർ തെരഞ്ഞെടുപ്പു്, എന്തെങ്കിലും ഒന്നു് തെളിയിച്ചിട്ടുണ്ടെങ്കിൽ അതു് സാമ്പത്തികാടിമത്വത്തിൻകീഴിലുള്ള രാഷ്ട്രീയജനാധിപത്യത്തിന്റെ പൊള്ളത്തരമാണു്. കുററിച്ചൂൽ സിദ്ധാന്തത്തിന്റെ സംരക്ഷണത്തിനുവേണ്ടി

വെറളിപിടിച്ചു പ്രവർത്തിച്ച റൗഡികളും, നാട്ടുപ്രമാണികളും, പത്രങ്ങളും, അധികാരലഹരി തലക്കുപിടിച്ച അവസരവാദി നേതാക്കന്മാരും, സുലഭമായി ദൈവത്തെയും, മതത്തെയും, രാഷ്ട്രീയായുധങ്ങളായി പ്രയോഗിച്ച വർഗ്ഗീയവാദികളും പരിശ്രമിച്ചതു് അന്ധമായ പ്രേരണകൾകൊണ്ടൊന്നുമല്ല. ജനാധിപത്യത്തെ പരാജയപ്പെടുത്തണമെന്നുള്ള ബോധപൂർവ്വകമായ തീരുമാനം കൊണ്ടാണു്. ജനാധിപത്യ കുപ്പായമണിഞ്ഞ നേതാക്കന്മാർ ജനാധിപത്യത്തിനു് എതിരാണു് എന്നു് പറയുന്നതു് തെററാണെന്നും തോന്നിയേക്കാം. അവർ ജനാധിപത്യത്തിനു് എതിരല്ല. അവരുടെ നേതൃത്വത്തെയും അധികാരത്തെയും ചോദ്യംചെയ്യുന്ന, അവരുടെ സാമ്പത്തിക, സാമൂഹ്യ അധികാരങ്ങളെ നിഷേധിക്കാത്ത, ജനാധിപത്യത്തിനു് അവർ എതിരല്ല. സ്വേച്ഛാധിപതിയുടെ കൈയിൽ നിന്നു് സമുദായത്തിന്റെ മുകൾപരപ്പിലുള്ള ചിലരുടെ കൈകളിലേക്കു് അധികാരം കൈമാറുന്നതു് അവർക്കു് സന്തോഷമാണു്. പക്ഷെ വെറും തൊഴിലാളിയുടേയും കർഷകന്റെയും കൈയിലേക്കു് അധികാരം മാറുകയെന്നു വന്നാൽ ഈ അധികാരിവർഗ്ഗം കോപിക്കും. അതിനെ തടയുവാൻ നശിച്ചുകഴിഞ്ഞ ഏതു പിന്തിരിപ്പൻ ശക്തിയോടും അവർ സന്ധിചെയ്യും. ജനാധിപത്യത്തെയെന്നു മാത്രമല്ല, പൗരസ്വാതന്ത്ര്യങ്ങളെപോലും അടിച്ചുടക്കുവാനും അവർ മടിക്കുകയില്ല. ഈ ആപത്തുകളെയെല്ലാം നേരിടുവാൻ സുസംഘടിതമായ ഒരു ജനകീയ പ്രസ്ഥാനത്തിനേ കഴിവുള്ളു. തൊഴിലാളി-കർഷകവർഗ്ഗങ്ങളുടെ വിപ്ലവബോധത്തിലാണു് രാജ്യത്തിന്റെ ഭാവി നിലനില്ക്കുന്നതു്. അവർക്കു് മാത്രമേ ഒരു സോഷ്യലിസ്റ്റു് സമുദായം കെട്ടിപ്പടുക്കുവാൻ ശക്തിയുള്ളു. അവർക്കു മാത്രമേ നാം ഈ പുസ്തകത്തിന്റെ ആദ്യം കണ്ട പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തുവാൻ കഴിയൂ. യുദ്ധത്തെയും, യുദ്ധഭീതിയെയും ഭൂമുഖത്തുനിന്നുച്ചാടനം ചെയ്യാൻ, ശാശ്വതസമാധാനം സ്ഥാപിക്കാൻ സോഷ്യലിസം കൊ

ണ്ടെ സാധിക്കുകയുള്ളു. പിരിഞ്ഞുവന്ന പട്ടാളക്കാരന് ജോലിയുണ്ടാക്കാനും കൃഷിക്കാരന്റെ ജീവിതത്തോതുയർത്തുവാനും, എൻ. ജി. ഓക്ക് ശരിയായ ശമ്പളം ലഭിക്കുവാനും, തൊഴിലാളിക്ക് കൂലി കൂടുതൽ കിട്ടുവാനും സോഷ്യലിസമല്ലാതെ മററ് മാർഗ്ഗമില്ല. ലോകജനത ഈ പരമാർത്ഥം കൂടുതൽ കൂടുതൽ മനസ്സിലാക്കി വരുകയാണ്. ഒററനോട്ടത്തിൽ തന്നെ സാർവ്വലൗകികമായി സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ശക്തി നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ആ മാർഗ്ഗത്തിൽ കൂടി പോയാൽ നാം സ്വപ്നം കണ്ട ആ ആദർശലോകം യഥാർത്ഥമായിത്തീരുകയും ചെയ്യും. അതാണ് ഭാവി നമുക്ക് വെച്ചുനീട്ടുന്ന ഉപഹാരം.

# അടിയന്തിരകടമകൾ

ഇന്ന് അടിയന്തിരമായി നാം എന്തു ചെയ്യണമെന്നതാണ് നമ്മെ തുറിച്ചുനോക്കുന്ന പരമാർത്ഥം. സോഷ്യലിസം സ്ഥാപിതമാകുന്നതുവരെ മനുഷ്യൻ ജീവിക്കണമല്ലോ. ഒരു സോഷ്യലിസ്റ്റിന് സ്വപ്നം കണ്ടുതന്നെ ജീവിക്കാൻ സാദ്ധ്യമല്ല. കഷ്കന്റെയും തൊഴിലാളിയുടെയും ദൈനംദിനപ്രശ്നങ്ങളിൽ സഹകരിക്കാനും, അവന്റെ സമരത്തെ സംഘടിപ്പിക്കാനും, നയിക്കാനും ഓരോ സോഷ്യലിസ്റ്റിനും ചുമതലയുണ്ട്. അതിൽ നിന്ന് ഒഴിഞ്ഞുമാറി നിന്ന് വിപ്ലവം പ്രസംഗിക്കുന്നവർ പ്രസ്ഥാനത്തെ സഹായിക്കുന്നില്ല.

ഈ സന്ദർഭത്തിൽ നമ്മുട ഇടത്തരക്കാരുടെ കഥയും ആലോചിക്കേണ്ടതുണ്ട്. മുതലാളിത്തത്തിന്റെ വാലിൽ തൂങ്ങി തൊഴിലാളിവർഗ്ഗത്തെ വെറുത്ത്, അങ്ങുമിങ്ങുമില്ലാതെ കഴിച്ചുകൂട്ടുന്ന ഒരു വർഗ്ഗമാണ് നമ്മുടെ ഇടത്തരക്കാർ. ഈ വർഗ്ഗത്തെയാണ് മുതലാളിത്തം വാടകക്ക് വാങ്ങി ചട്ടുകങ്ങളായി ഉപയോഗിക്കുന്നത്. തൽക്കാലത്തെ ലാഭത്തിന് ഈ പ്രവൃത്തി ലാഭകരമായിരു

ന്നേക്കാം. പക്ഷേ ഇടത്തരക്കാരിൽ തൊണ്ണൂറു ശതമാനവും അധഃപതിച്ചു് ഇന്നല്ലെങ്കിൽ നാളെ തൊഴിലാളികളായി തീരേണ്ടിവരുമെന്നതു് ധനശാസ്ത്രത്തിന്റെ ബാലപാഠമാണു്. ശാസ്ത്രീയവീക്ഷണവും, അഭിമാനബോധവും ഉള്ള ഇടത്തരക്കാരൻ തൊഴിലാളിയുടെ പക്ഷത്തു് അണിനിരക്കും. അല്ലാത്തവൻ ഭാഗ്യക്കുറികൾ സ്വപ്നം കണ്ടു് മുതലാളിത്തത്തിന്റെ അല്പക്കഷണങ്ങൾ പെറുക്കി കഴിഞ്ഞുകൂടും ഫാഷിസം വരികയാണെങ്കിൽ ചോററുപട്ടാളമായിട്ടും, പോലീസായിട്ടും രൂപാന്തരപ്പെടുകയും ചെയ്യും. രാഷ്ട്രീയപാരമ്പര്യത്തിലും, വിദ്യാഭ്യാസത്തിലും മുന്നിട്ടു് നില്ക്കുന്ന കേരളത്തിൽ ഇടത്തരക്കാർ ഈ പരമാർത്ഥം മനസ്സിലാക്കി പ്രവർത്തിക്കുമെന്നു് ആശിക്കാം.

—

# ചില ചോദ്യങ്ങൾക്കുത്തരം.

## ഒന്ന്: കമ്യൂണിസവും സോഷ്യലിസവും തമ്മിലുള്ള വ്യത്യാസമെന്ത്.

## അരാജകവാദമെന്നാലെന്ത്?

സമത്വവാദചിന്തയുടെ ആദിമ കാലങ്ങളിൽ കമ്യൂണിസമെന്നും സോഷ്യലിസമെന്നും ഉള്ള പദങ്ങൾക്ക് ഭിന്നമായ അർത്ഥങ്ങൾ ഉണ്ടായിരുന്നില്ല. പ്രാകൃതകമ്യൂണിസം (ചരിത്രകാലത്തിനു മുമ്പ് ഇന്ത്യയിലും മററും ഗ്രാമീണർ ജീവിച്ചിരുന്ന രീതി), ക്രിസ്ത്യൻ കമ്യൂണിസം (ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കൂട്ടായ പാർപ്പിടം) ഓവന്റെ കമ്യൂണിസ്റ്റ് കോളണികൾ എന്നിവയെല്ലാം ഒരു ജനസമുദായം ഒരുമിച്ച് സഹകരിച്ച് ജീവിക്കുന്ന സമ്പ്രദായത്തെ മാത്രമേ കുറിച്ചിരുന്നുള്ളൂ കാലാന്തരത്തിൽ ഓരോരുത്തനും അവനവന്റെ യുക്തിയും ആവശ്യവും അനുസരിച്ച് കമ്യൂണിസത്തിനും സോഷ്യലിസത്തിനും മററും നിർവ്വചനം കൊടുത്തുതുടങ്ങിയപ്പോൾ ഔദ്യോഗികമായ ഒരു വിശദീകരണം ആവശ്യമായിത്തീർന്നു. "ഗോഥാ പരിപാടിയുടെ വിമർശനം" എന്ന ഗ്രന്ഥത്തിൽ കാറൽമാക്സ് തന്നെ നിർവ്വചനം ചെയ്തതനുസരിച്ച്, "ഓരോരുത്തനിൽ നിന്ന് അവനവന്റെ കഴിവുപോലെയും ഓരോരുത്തനും അവനവന്റെ സംഭാവന അനുസരിച്ചും "എന്ന രീതി സോഷ്യലിസവും," "ഓരോരുത്തനിൽ നിന്നും അവനവന്റെ കഴിവുപോലെയും ഓരോരുത്തനും അവനവന്റെ ആ

വശ്യംപോലെയും" എന്ന രീതി കമ്യൂണിസമായും ഗണിക്കപ്പെടുന്നു. ഇതനുസരിച്ച് സോഷ്യലിസത്തിൽ പരിപൂർണ്ണസമത്വമില്ലെന്ന് തെളിയുന്നു. പക്ഷെ അതുകൊണ്ട് ആ സമ്പ്രദായം അനീതിപരമാകുന്നില്ല. സോഷ്യലിസത്തിൽ ജോലിയുടെ കൂടുതൽ കുറവനുസരിച്ച് കൂലി വ്യത്യാസമുണ്ടാകാം. ഏററവും കുറഞ്ഞ കൂലി ക്ലിപ്തപ്പെടുത്തിയിരിക്കുമെന്നും, മൂലധനത്തിൽനിന്ന് വ്യക്തികൾ ലാഭമുണ്ടാക്കുന്ന രീതി അനുവദിക്കുകയില്ലെന്നും ആണ് സോഷ്യലിസത്തിന്റെ സവിശേഷത. ചുരുക്കിപ്പറഞ്ഞാൽ അവസരസമത്വം മാത്രമാണ് സോഷ്യലിസത്തിൽ ഉള്ളത്. ഇതിൽനിന്ന് കുറെക്കൂടി ഉയർന്നരൂപമാണ് കമ്യൂണിസം. ആവശ്യത്തിനനുസരിച്ച് കൊടുക്കണമെങ്കിൽ വേണ്ടത്ര ധനമുണ്ടാകണം. സമൃദ്ധിയുടെ പാരമ്യത്തിലേ കമ്യൂണിസം സാധ്യമാവുകയുള്ളൂ. ഇതു കൂടാതെ, കമ്യൂണിസത്തിലെ വിതരണവ്യവസ്ഥ ജനങ്ങൾ സ്വീകരിക്കണമെങ്കിൽ വളരെ ഉയർന്നതരത്തിലുള്ള ഒരു സഹകരണബോധം അവരിൽ വളർന്നുവരണം. സോഷ്യലിസ്റ്റ് രീതിയിൽ കുറെക്കാലം ജീവിക്കുന്നതുകൊണ്ടു മാത്രമേ ഈ മനസ്ഥിതി ഉണ്ടാവുകയുള്ളൂ. ഉദാഹരണമായി, സോവിയററ് യൂണിയനിൽ ഇന്നും സോഷ്യലിസം മാത്രമാണുള്ളത്. ഇതാണ് യഥാർത്ഥത്തിൽ സോഷ്യലിസവും കമ്യൂണിസവും തമ്മിലുള്ള വ്യത്യാസം.

പക്ഷെ ഇന്നത്തെ രാഷ്ട്രീയവിവാദത്തിൽ പലരും ഈ പരമാർത്ഥം മനസ്സിലാക്കാതെ പരമാബദ്ധങ്ങൾ വിളമ്പുന്നുണ്ട്. സോഷ്യലിസത്തിൽ കുറച്ച് നിരീശ്വരത്വംകൂടി പൊടിച്ചുചേർത്താൽ കമ്യൂണിസമായി, എന്നൊരുവക. ബലംപ്രയോഗിച്ചുള്ള വിപ്ലവം കമ്യൂണിസവും നിയമസഭ മുഖാന്തിരം മാററങ്ങൾ വരുത്തുന്നതു സോഷ്യലിസവും ആണെന്ന് മറെറാരു കൂട്ടർ. (ഈ സമ്പ്രദായത്തിനു ഫേബിയൻ സോഷ്യലിസം എന്നാണ് പറയേണ്ടത്. ഒരു കാലത്ത് ബർനാർഡ് ഷാ ഇതിൽ വിശ്വസിച്ചിരുന്നു) ഈ പദങ്ങളുടെ യഥാർത്ഥമാ

യ അർത്ഥമെന്തെന്നറിയാത്തതുകൊണ്ടാണ് നാഷനൽ സോഷ്യലിസം, ഗാന്ധിയൻ സോഷ്യലിസം എന്നെല്ലാം തട്ടിമൂളിക്കുന്നതു്. നാഷനൽ സോഷ്യലിസം സോഷ്യലിസത്തിൻെറ നേരേ കടകവിരുദ്ധമായ തത്വമാണ്. അതായതു് ഫാഷിസം. ഫാക്റററി പൂട്ടിയിട്ടു് ഗ്രാമത്തിലേയ്ക്കു പോകുവാൻ ഉപദേശിക്കുന്ന, ആദ്ധ്യാത്മികപ്രധാനമായ ഗാന്ധിമാർഗ്ഗം സോഷ്യലിസമെന്നു പറഞ്ഞാൽ രണ്ടും മനസ്സിലായിട്ടില്ലെന്നു മാത്രമാണ് ഗണിക്കേണ്ടതു്. പ്രത്യേകിച്ചും സോഷ്യലിസം ഒരു ജീവകാരുണ്യപ്രസ്ഥാനമല്ല. മനുഷ്യൻെറ അവകാശങ്ങളെ പിടിച്ചുവാങ്ങുവാനുള്ള ഒരു അവകാശപത്രികയാണ്.

കമ്യൂണിസ്റ്റ് സമുദായം സ്ഥാപിതമായാലുള്ള അവസ്ഥയെയാണ് അരാജകവാദമെന്ന പദം കുറിക്കുന്നതു്. ആ പദത്തിൽ നിന്നുതന്നെ ഭരണകൂടമില്ലാത്ത ഒരവസ്ഥ എന്നു മനസ്സിലാക്കാമല്ലോ. താത്വികമായി, അരാജകാവസ്ഥ എന്നു പറഞ്ഞാൽ കുത്തഴിഞ്ഞ പുസ്തകം എന്നല്ല അർത്ഥം. ഇന്ന് ആ അർത്ഥത്തിൽ ഈ പദം പ്രയോഗിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യുന്നുണ്ടു്. അരാജകവാദത്തിൻെറ പ്രഥമതാത്വികൻ പീററർ ക്രോപ്പാട്ട്കിൻ എന്ന ഒരു റഷ്യാക്കാരനാണ്. എറുമ്പ്, തേനീച്ച മുതലായവയുടെ ജീവിതപരിശോധനയിൽനിന്നാണ് അദ്ദേഹം ഈ തത്വം രൂപീകരിച്ചതു്. ഈ ജീവികൾക്ക് കാണത്തക്ക ഒരു ഭരണകൂടമോ നിയമാവലിയോ ഇല്ലെങ്കിലും പരസ്പരസഹകരണത്തിൻെറ അടിസ്ഥാനത്തിൽ അവർ ഒരു ഒന്നാന്തരം സമുദായം കെട്ടിപ്പടുത്തിരിക്കുന്നു. മനുഷ്യനും സംസ്കാരത്തിൽ വേണ്ടിടത്തോളം പുരോഗമിക്കുമ്പോൾ അത്തരമൊരു സമുദായം ഉണ്ടാകും എന്നദ്ദേഹം വിശ്വസിച്ചു. ഭരണകൂടങ്ങൾ ഉണ്ടാവുന്നതു് സമുദായം നിയമങ്ങളെ പാലിക്കുന്നുണ്ടോ എന്നു് നോക്കുവാനായിട്ടാണ്. (ഈ നിയമങ്ങൾ മുതലാളിത്തസമുദായത്തിൽ മുതലാളിയുടെ ചൂഷണത്തെ നീതീകരിക്കുവാനും, സോഷ്യലിസ്റ്റ് സമുദായ

ത്തിൽ ചൂഷണത്തെ തടയുവാനും ആയിരിക്കും) സമുദായത്തിലെ വർഗ്ഗഭിന്നതകൾ മാറി പരസ്പരം സഹകരിച്ചു തുടങ്ങുന്ന ഒരു കാലഘട്ടത്തിൽ നിയന്ത്രണത്തിന്റെ ആവശ്യംതന്നെ നിന്നുപോകും. മനുഷ്യൻ ഭരണകൂടത്തിനുവേണ്ടിയല്ല, ഭരണകൂടം മനുഷ്യനുവേണ്ടിയാണ്. അതുകൊണ്ട് ഭരണകൂടം അനാവശ്യമായിക്കഴിഞ്ഞാൽ അത് വരണ്ടുണങ്ങിപ്പോകും എന്ന് മാർക്സ് പറഞ്ഞു. ഇതാണ് അരാജകവാദം.

## രണ്ട്: സോഷ്യലിസം റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്തതല്ലേ. അത് ഇന്ത്യയിലെ സാഹചര്യങ്ങൾക്ക് യോജിച്ചതാണോ?

ജർമ്മൻ തത്വശാസ്ത്രവും, ബ്രിട്ടീഷ് ധനതത്വവും, ഫ്രഞ്ച് സോഷ്യലിസവും കൂട്ടിപ്പിരിച്ചുണ്ടാക്കിയ ഒരു മുപ്പിരിച്ചരടാണ് സോഷ്യലിസം എന്ന് നാം കണ്ടുകഴിഞ്ഞു. അവിടെയൊന്നും റഷ്യ എത്തിനോക്കുന്നതായി നാം കാണുന്നില്ല. പിന്നെ എന്തുകൊണ്ടാണ് സോഷ്യലിസം റഷ്യൻ ചരക്കാണെന്ന ആക്ഷേപം ഉണ്ടായത്. മുതലാളിത്തം 1917 വരെ സോഷ്യലിസം ഒരു ദിവാസ്വപ്നമാണെന്ന് കരുതി തള്ളിക്കളഞ്ഞിരുന്നു. 1917-ൽ റഷ്യൻവിപ്ലവം നടന്നപ്പോൾ മുതലാളിത്തത്തിന്റെ പ്രചരണയന്ത്രങ്ങൾ എല്ലാം റഷ്യയുടെ നേരെ തിരിഞ്ഞു. സോഷ്യലിസം സാദ്ധ്യമാണ് എന്ന ആശയം പ്രചരിക്കരുതെന്നു മാത്രമേ അവർക്ക് ആവശ്യമുണ്ടായിരുന്നുള്ളു. അതിനുവേണ്ടി റഷ്യാക്കാർ ഒരു ഭയങ്കരവർഗ്ഗമാണെന്ന് പറഞ്ഞുനോക്കി. റഷ്യൻവിപ്ലവം ഒരു യാദൃശ്ചികസംഭവമാണെന്ന് ചില “ശാസ്ത്രജ്ഞ

ന്മാർ" പറഞ്ഞു. അങ്ങിനെ വിജയകരമായ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെ കരിതേയ്ക്കുകയും സോഷ്യലിസ്റ്റ് ആദർശങ്ങളോടു് അനുകമ്പ ഭാവിക്കുകയും ചെയ്യുന്നതു് ഒരു നല്ല തന്ത്രമാണെന്നവർ കണ്ടു ഈ പ്രചരണം ഇടുങ്ങിയ ദേശീയവാദത്തിൽ നില്ക്കുന്ന ജനങ്ങളെയും, കൊളോണിയൻ ജനതയെയും വഞ്ചിക്കാൻ ഉപകരിക്കുന്നുണ്ടു്. ഈ വ്യാപാരമാണു് ലൂയിഫിഷർ മുതൽ മസാനിവരെ നടത്തിക്കൊണ്ടിരിക്കുന്നതു്. (ജർമ്മനിയിലും ഇറ്റലിയിലും സോഷ്യലിസം യഹൂദമേധാവിത്വമാണെന്നാണു് പ്രചരണം നടത്തിയിരുന്നതെന്നും, റഷ്യയിൽതന്നെ വിപ്ലവത്തിനുമുമ്പ്, സോഷ്യലിസം ജർമ്മൻചരക്കാണെന്നും ലെനിൻ ജർമ്മൻ ചാരനാണെന്നും പ്രചരണം നടത്തിയെന്നും ഓർമ്മിക്കേണ്ടതാണു്. ഗാന്ധിജിയെ ആദരിക്കുന്ന ഇന്ത്യാക്കാരുടെയിടയിൽ സോഷ്യലിസം അക്രമപരമാണെന്നാണല്ലോ ആക്ഷേപം.)

സോഷ്യലിസം ഒരു ശാസ്ത്രമാണു്. അതു് മനുഷ്യസമുദായചരിത്രത്തെ അപഗ്രഥിച്ചു് സമുദായത്തിലെ ഉച്ചനീചത്വങ്ങൾക്കു് ചില പ്രതിവിധികൾ നിർദ്ദേശിക്കുന്നു. അത്തരം ഒരു ശാസ്ത്രം ഒരു രാജ്യത്തിനു് പറ്റുകയില്ല എന്നു് പറയുന്നതു് കണക്കുശാസ്ത്രം ചൈനയ്ക്കു് പറ്റുകയില്ല എന്നു് പറയുന്നതുപോലെയിരിക്കും. ഇന്നത്തെ സമുദായഘടന മുതലാളിത്തമാണു്; ഇതിൽ മുതലാളി എന്നും തൊഴിലാളി എന്നും രണ്ടു് പ്രധാന വർഗ്ഗങ്ങൾ ഉണ്ടു്; മുതലാളി തൊഴിലാളിയെ ചൂഷണം ചെയ്യുന്നു; ഇതിൽനിന്നു് ഒരു പരിവർത്തനമുണ്ടായി വർഗ്ഗരഹിതമായ ഒരു സമുദായം ഉണ്ടാകും, എന്നു് സോഷ്യലിസം പറയും. ഈ വസ്തുത ഒരു രാജ്യത്തിനു് പ്രത്യേകിച്ചു് തെറ്റായിത്തീരുന്നതെങ്ങിനെയാണു്.

അന്യരാജ്യങ്ങളിലെ ആശയങ്ങൾ സ്വീകരിക്കുകയില്ലെന്നു് ശഠിക്കുന്നതുതന്നെ തെറ്റാണു്. അതു് കാപട്യവുമാണു്. ഇരുനൂറു വർഷങ്ങൾ നമ്മെ അടിമത്വത്തിൽ കിടത്തിയ ബ്രിട്ടനിൽനിന്നു കിട്ടിയ ജനാധിപത്യതത്വത്തെ നാം കൈക്കൂപ്പി സ്വീകരിച്ചു. വലസ്തീനി

ലും, മക്കത്തും, റോമിലും ഉണ്ടാക്കിയ മതങ്ങൾ നാം പൂവിട്ടു് പൂജിച്ചു അന്നൊന്നും ഈ കൊട്ടമ്പിരിക്കൊണ്ട ദേശാഭിമാനം കണ്ടില്ല. യജമാനവർഗ്ഗത്തിനു് ഇഷ്ടപ്പെടാത്തതെല്ലാം ബൌദ്ധമാവും, മ്ലേച്ഛമാവും, ചിലപ്പോൾ റഷ്യനും.

## മൂന്നു്: തൊഴിലാളിസർവ്വാധിപത്യമെന്നാലെന്തു്?

സോഷ്യലിസ്റ്റ് വിരോധികൾ ഒട്ടുവളരെ പെരുമ്പറയടിയ്ക്കുന്ന ഒരു ചോദ്യമാണിതു്. തൊഴിലാളി സർവ്വാധിപത്യമെന്നു വച്ചാൽ ഏകാധിപത്യമാണെന്നും, സോഷ്യലിസത്തിൽ ജനാധിപത്യമില്ലെന്നും പ്രസംഗിക്കുക ഒരു ഫാഷനായിത്തീർന്നിട്ടുണ്ടു്.

തൊഴിലാളി സർവ്വാധിപത്യം ഒരു വ്യക്തിയുടെ ഏകാധിപത്യമല്ല; ഒരു വർഗ്ഗത്തിന്റെ പരമാധികാരമാണു്. അതു് മുതലാളിവർഗ്ഗത്തെ അധികാരത്തിൽ നിന്നൊഴിച്ചുനിറുത്തുന്ന ഏർപ്പാടാണു്. പരിവർത്തനം പൂർത്തിയായി രാഷ്ട്രം അഭ്യന്തരശത്രുക്കളിൽനിന്നു് സുരക്ഷിതമായിത്തീരുന്നതുവരെ ശത്രുക്കളാകാനിടയുള്ള തല്പരകക്ഷികളെ അധികാരത്തിൽ നിന്നൊഴിച്ചുനിറുത്താതെ ഗത്യന്തരമില്ല അതു് ജനാധിപത്യവിരുദ്ധവുമാവുകയില്ല. ഏതായാലും ചില വ്യക്തികളുടെ സ്വാധീനശക്തി ഉപയോഗിച്ചു് ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ ലാഭത്തിനുവേണ്ടി മാത്രം നടത്തപ്പെടുന്ന ഇന്നത്തെ ഭരണക്രൂടങ്ങൾ എത്രമാത്രം ജനാധിപത്യപരമാണെന്നതോ പോകട്ടെ. ഭരണകൂടത്തെ വിമർശിക്കുന്നവരെ ജയിലിലിടക്കുന്ന സമ്പ്രദായത്തെ നീതീകരിക്കുന്നവരാണു് സോഷ്യലിസത്തിൽ തൊഴിലാളി സർവ്വാധിപത്യമുണ്ടെന്നു് പരാതി പറയുന്നതു്. ഇതുകേട്ടാൽ തോന്നും തൊഴിലാളിവർഗ്ഗമെന്നു പറഞ്ഞാൽ ഏതോ ഒരു

ചെറിയ സംഘമാണെന്നു്. ഈ തത്വത്തിന്റെ അർത്ഥം സമുദായത്തിൽ ന്യൂനപക്ഷത്തിന്റെ പരമാധികാരത്തിന്റെ സ്ഥാനത്തു് ബഹുഭൂരിപക്ഷം അധികാരമുറപ്പിക്കുന്നെന്നു മാത്രമാണു്. അതു തന്നെയാണു് യഥാർത്ഥ ജനാധിപത്യവും. സ്വത്തില്ലാത്ത തൊഴിലാളിവർഗ്ഗത്തെ രാഷ്ട്രീയാധികാരം വിശ്വസിച്ചേല്പിക്കാമെന്നും, നഷ്ടപ്പെട്ടുപോയ സ്ഥാപിതതാല്പര്യങ്ങളെ വീണ്ടെടുക്കാൻ വെമ്പൽകൊള്ളുന്ന വർഗ്ഗത്തെ അധികാരത്തിൽ നിന്നകററി നിറുത്തണമെന്നുള്ളതു് ഒരു വെറും സ്വയരക്ഷാപരിപാടിയാണു്.

തൊഴിലാളി സർവ്വാധിപത്യമെന്നതിൽ കർഷകനെ ഒഴിച്ചുനിറുത്തുന്നുവെന്ന ഒരു പരാതിയുണ്ടു്. റഷ്യൻ വിപ്ലവത്തിന്റെ അനുഭവം ഈ ആരോപണത്തിനു് മറുപടിയാണു്. കർഷകരുടെയും തൊഴിലാളികളുടെയും സോവിയററുകളാണു് അവിടെ അധികാരം പിടിച്ചെടുത്തതു്. അതിനിടയിലും അതിനെ തുടർന്നും ഉണ്ടായ തെരഞ്ഞെടുപ്പുകളിലും അവർ ആ പരമാധികാരം വച്ചുപുലർത്തുകയും ചെയ്തു.

## നാലു: സോഷ്യലിസ്റ്റുകാർ അക്രമത്തിൽ വിശ്വസിക്കുന്നുണ്ടോ?

തീർച്ചയായും. അക്രമമെന്ന പദംകൊണ്ടു് നിങ്ങളുദ്ദേശിക്കുന്നതു് ബലപ്രയോഗമാണു്. സ്വന്തം കുട്ടിയെ കടിക്കാൻ വരുന്ന ചെന്നായുടെ നേരേ ഗാന്ധിജിയുടെ 'സത്യാന്വേഷണ പരീക്ഷകൾ' എടുത്തു് വായിച്ചുകേൾപ്പിക്കുന്നതിലും നല്ലതു് അതുകൊണ്ടു് ചെന്നായെ എറിഞ്ഞോടിക്കുകയാണു്. അതു് ബലപ്രയോഗമാണു്, അല്ലം അക്രമമാണെന്നും പറയാം. അത്രത്തോളം, സോഷ്യലിസ്റ്റുകാരും അക്രമത്തിൽ വിശ്വസിക്കുന്നുണ്ടു് മുതലാളിവർഗ്ഗത്തിനു് മനഃപരിവർത്തനമുണ്ടായി വർഗ്ഗരഹിതമായ സമുദായം സൃഷ്ടിക്കാം എന്നവൻ വ്യാമോ

ഹിക്കുന്നില്ല. മുതലാളി ഇന്നു് സമരം ചെയ്യുകയാണു്, അതിക്രൂരമായി സമരം ചെയ്യുകയാണു്. ഫോർസിന്റെ ഗുണ്ടാകളും, ക്ളു ക്ലു ക്സ് ക്ലാനും, പട്ടാളവും, പോലീസും, ദിനപ്പത്രവും, സ്വതന്ത്രതൊഴിലാളിയൂണിയനും പള്ള മുടക്കം എല്ലാം അവന്റെ ആയുധങ്ങളാണു്. അവന്റെ താല്പര്യസംരക്ഷണത്തിനായി അവൻ ചെയ്യാത്ത പാതകങ്ങൾ മനുഷ്യചരിത്രത്തിലില്ല. "അക്രമ"മെന്ന പേപ്പിടിയും ഈ ലക്ഷ്യത്തിനുവേണ്ടിയുള്ള അവന്റെ പ്രചരണത്തിന്റെ ഭാഗമാണു്. അവരെ ഗളഹസ്തം ചെയ്യുവാൻ ബലപ്രയോഗം കൂടിയേതീരു എന്നു് സോഷ്യലിസ്റ്റു് വിശ്വസിക്കുന്നു. ലോകത്തിലെ ഏററവും വലിയ പുരോഹിതനേക്കാൾ ഹൃദയാലുവാണു് അവസാനത്തെ സോഷ്യലിസ്റ്റു്. പക്ഷെ ഒരു വഞ്ചകനോടു് കാരുണ്യം കാണിച്ചു് സമുദായത്തെ പൊതുവേ കഷ്ടതയിലേക്കു് നയിക്കാൻ അവൻ തയ്യാറല്ല, പുരോഗതിയുടെ മുമ്പിൽ വിലങ്ങടിച്ചു നില്ക്കുന്ന ഏതു ശക്തിയെയും തുടച്ചുമാററിക്കളയണമെന്നാണവന്റെ വിശ്വാസം. ഇതുതന്നെയാണു് എല്ലാ രാഷ്ട്രീയതത്വങ്ങളുടെയും അടിസ്ഥാനം. ഗാന്ധിജിയെ പിടിച്ചാണയിടുന്ന ഒരൊററ ഗവർമ്മെണ്ടിനെങ്കിലും പട്ടാളത്തെയും പോലീസിനെയും പിരിച്ചുവിടാൻ കഴിഞ്ഞിട്ടുണ്ടോ. അപ്പോൾ ബലപ്രയോഗത്തെപ്പററിയല്ല അഭിപ്രായഭിന്നത, അതെന്തിനുവേണ്ടിയെന്നതിനെപ്പററിയാണു്. തൊഴിലാളിയെ തകർക്കാൻ പ്രയോഗിക്കുന്ന ബലത്തെ മുതലാളി അനുഗ്രഹിക്കുന്നു. തൊഴിലാളി പ്രയോഗിക്കുന്ന ബലത്തെ "നിന്ദ്യമായ അക്രമ"മായി മുദ്രയടിക്കുകയും ചെയ്യുന്നു.

## അഞ്ചു്: സോവിയററു് എന്നാൽ എന്തു?

"സോവിയററു്" എന്നതിനു് സമമായി നമ്മുടെ ഭാഷയിലുള്ള പദം പഞ്ചായത്താണു്. റഷ്യയിലെ ഭര

ണ സമ്പ്രദായത്തിൻെറ അടിസ്ഥാനഘടകം പഞ്ചായത്തു് (സോവിയററു്) ആണു്. ഈ സമ്പ്രദായം ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കും ബാധകമാണു്. ഓരോ ഗ്രാമത്തിലെയും പ്രായപൂർത്തിയായ ജനങ്ങൾ കൂടി ഒരു പഞ്ചായത്തു് തെരഞ്ഞെടുക്കുന്നു. ഈ പഞ്ചായത്തിനാണു് ഉല്പാദനം, വിതരണം, ജീവിതസൗകര്യങ്ങൾ, നിയമപാലനം മുതലായ സംഗതികളെല്ലാം നടത്തുവാനുള്ള അധികാരം. പട്ടണങ്ങളിലെ സോവിയററുകൾ അവിടത്തെ വ്യവസായങ്ങളെ ക്രമീകരിക്കുവാൻ സഹായിക്കുന്നു റഷ്യയിലെ ജനാധിപത്യത്തിൻെറ യഥാർത്ഥ പ്രതിരൂപം ഈ സോവിയററുകളാണു്. സോവിയററു യൂണിയൻ എന്ന പേരുതന്നെ ഈ സംഘടനകളുടെ പ്രാധാന്യത്തെ കാണിക്കുന്നു.

പ്രായോഗിക ജനാധിപത്യത്തിൻെറ ഒരു സാധാരണ പ്രശ്നമാണു് അനാവശ്യമായ കേന്ദ്രീകരണം തടയുന്നതെങ്ങിനെയെന്നു്. തെരഞ്ഞെടുക്കപ്പെട്ട കുറെ അംഗങ്ങൾ മുഖാന്തിരം നിയമനിർമ്മാണം നടത്തുന്നതുകൊണ്ടുമാത്രം ജനാധിപത്യമാകുന്നില്ല. കൂടുതൽ ജനങ്ങൾ ഭരണത്തിൽ എങ്ങിനെ പങ്കെടുക്കും എന്നതാണു് പ്രശ്നം. അതിനു് ഇത്തരം സോവിയററുകളല്ലാതെ മാർഗ്ഗമില്ല. അവയ്ക്കു് വിപുലമായ അധികാരങ്ങളുള്ളതുകൊണ്ടു് തദ്ദേശ്യകാര്യങ്ങളിൽ ഉപരിമണ്ഡലങ്ങളെയും കേന്ദ്രഗവർമ്മെണ്ടിനെയും കൂടാതെ തന്നെ കാര്യങ്ങൾ നടത്തുവാൻ കഴിയും., വർഗ്ഗീയ, സാമുദായിക പ്രശ്നങ്ങൾക്കും ഇത്തരം സോവിയററുകളാണു് ഏക പ്രതിവിധി. പക്ഷെ ഇതു് സാധ്യമാവണമെങ്കിൽ ഫാക്ടററിയിൽ മുതലാളിയും തൊഴിലാളിയും ഉണ്ടായിരുന്നുകൂടാ. കൃഷിസ്ഥലത്തു് ജന്മി, കുടിയാൻ എന്ന വ്യത്യാസവും പാടില്ല.

# ആറ്: സോവിയറ്റ് യൂണിയനിൽ സ്ത്രീകളെ പൊതുസ്വത്താക്കിയില്ലേ?

ജനങ്ങളുടെ സന്മാർഗ്ഗബോധത്തെ പൊക്കിപ്പിടിച്ച് സോഷ്യലിസത്തെ ചെളിവാരി എറിയുവാൻ ഉള്ള ഈ പരിശ്രമത്തിന് മുതലാളിത്തത്തിലെ ദുഷിച്ച സദാചാരത്തെ എടുത്തുകാണിക്കുന്നത് മറുപടിയാവുകയില്ല. സോവിയറ്റ് യൂണിയനിൽ മാത്രമാണ് പരിശുദ്ധമായ കുടുംബജീവിതത്തിന് വേണ്ട അന്തരീക്ഷമുള്ളതെന്നും തെളിയിച്ചാൽ പോരാ. ചോദ്യത്തിന്റെ മൌഢ്യം ചോദ്യത്തിനുള്ളിൽ തന്നെയാണ് കിടക്കുന്നത്.

'കുടുംബത്തിന്റെ ഉത്ഭവം' എന്ന ഗ്രന്ഥത്തിൽ എംഗൽസ് മുതലാളിത്തകുടുംബത്തെ വിശകലനം ചെയ്തിട്ടുണ്ട്. മുതലാളിത്ത വിവാഹത്തിൽ പ്രണയബന്ധത്തിനോ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പൊരുത്തത്തിനോ സ്ഥാനമല്ലെന്നും അത് വെറുമൊരു കച്ചവടബന്ധം മാത്രമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇതിന് ഉടനെ ദുർവ്യാഖ്യാനമുണ്ടായി. സോഷ്യലിസത്തിൽ കുടുംബബന്ധമുണ്ടായിരിക്കുകയില്ല എന്ന് മുറവിളി തുടങ്ങി. ഇതോടൊപ്പം ഇതിലും വലിയ ഒരു ഫലിതവും കടന്നുകൂടി. സോഷ്യലിസത്തിൽ സ്വത്തെല്ലാം പൊതുമുതലാക്കുമെന്ന് ഈ വിമർശകന്മാർ കേട്ടിട്ടുണ്ട്. അവരാണെങ്കിൽ അവരുടെ സ്ത്രീകളെ അവരുടെ സ്വത്തായി (മറ്റു സുഖോപകരണങ്ങൾപോലെ) ഗണിക്കുന്നു. അതുകൊണ്ട് സ്ത്രീകളെ ദേശീയവൽക്കരിക്കുന്നുവെന്ന് തീരുമാനിക്കുവാൻ അവർക്കൊരു വിഷമവും ഉണ്ടായില്ല. മുതലാളിത്തത്തിന്റെ പ്രചരണയന്ത്രങ്ങളായി പ്രവർത്തിച്ച മതസംഘടനകൾ ഈ പ്രചാരവേല ഏറ്റുപാടി. "സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ"

എന്നും, "സ്ത്രീസ്സു് ആത്മാവില്ലാത്തതുകൊണ്ടു് ദേവാലയത്തിൽ കടക്കണ്ട" എന്നും വിധിച്ച മതങ്ങൾക്കു് ഇങ്ങിനെയല്ലാതെ ചിന്തിക്കുവാൻ കഴിയുകയില്ലല്ലോ. മനുഷ്യത്വത്തെ അധിക്ഷേപിക്കുന്ന ഈ നീചമനസ്ഥിതിക്കു് സോവിയററുയൂണിയനിൽ നിയമസാധുത്വം ലഭിക്കുകയില്ല. അവിടെ അവൾക്കു് "സഭയിൽ സംസാരിക്കാം" എന്നുമാത്രമല്ല സ്വന്തം ഭർത്താവിനെ തെരഞ്ഞെടുക്കുകയും ചെയ്യാം". പ്രണയം ഒരു പാതകമല്ലാത്ത നാട്ടിൽ വിവാഹത്തിനു് പ്രതിബന്ധമില്ലല്ലോ. കുട്ടികൾ ദാരിദ്ര്യത്തിൻെറ നിർമ്മാതാക്കളല്ലാത്ത നാട്ടിൽ കുടുംബങ്ങൾക്കു് പുലരാൻ സ്വാതന്ത്ര്യവുമുണ്ടല്ലോ. സോവിയററുയൂണിയനിൽ സ്ത്രീപുരുഷസമത്വമുണ്ടെന്നു മാത്രമല്ല, ശരീരശാസ്ത്രപരമായ അവശതകളെ പരിഗണിച്ചു് പ്രത്യേക അവകാശങ്ങളുമുണ്ടു്. അവിടെ സ്ത്രീ പൊതുമുതലുമല്ല, മുതലുമല്ല.

## ഏഴ്: ഏകകക്ഷിസമ്പ്രദായം ജനാധിപത്യപരമാണോ?

ജനാധിപത്യവും കക്ഷികളുടെ ബാഹുല്യവുമായി യാതൊരു ബന്ധവുമില്ല. എന്നാൽ ഇംഗ്ലണ്ടിൻെറ ഭരണരീതിയിൽനിന്നു് രാഷ്ട്രീയകാര്യം പഠിച്ചവരെല്ലാം രണ്ടുകക്ഷി വേണമെന്ന വാദക്കാരായിത്തീർന്നിട്ടുണ്ടു്. ഇതിൻെറ അർത്ഥം ഭിന്നതാല്പര്യങ്ങളെ സംരക്ഷിക്കാൻ ഭിന്നകക്ഷികൾ ഉണ്ടായിരിക്കണമെന്നും മററുമല്ല. സ്വയം ചിന്തിക്കാനുള്ള കഴിവുകുറവുകൊണ്ടു് മാനസികാടിമത്വത്തിൽ കിടന്നു് ഭ്രമിക്കുന്ന ചില പുസ്തകപ്പുഴുക്കൾ സൃഷ്ടിച്ചുവിട്ടതാണു് ഈ ദ്വികക്ഷിവാദം. ദ്വി, കക്ഷിവാദം എന്നു് പറഞ്ഞതു് ഒരു ലക്ഷ്യത്തോടുകൂടിയാണു്. ഏകകക്ഷിവാദത്തെ എതിർക്കുന്നവർ മൂന്നാമതൊരു കക്ഷിയെ അനുകൂലിക്കുന്നില്ല. ഇംഗ്ലണ്ടിലെ തൊഴിലാളിക

ക്ഷി മൂന്നാമതുണ്ടായ കക്ഷിയാണ്. അതിൻെറ ആരംഭകാലത്തു് അതു് അനാവശ്യമാണെന്നു് പലരും വാദിച്ചിരുന്നു. ആ വാദമുഖങ്ങൾ തന്നെയാണ് ഇന്നു് അമെരിക്കയിൽ ഹെൻറി വാലസിനെതിരായും ഉന്നയിക്കപ്പെടുന്നതു്. അതുകൊണ്ടു് കക്ഷിയുടെ എണ്ണവും ജനാധിപത്യത്തിൻെറ പൂൎണ്ണതയും തമ്മിൽ ബന്ധമൊന്നുമില്ല.

പിന്നെയെന്താണ് സോവിയററു് യൂണിയനിലെ ഏകകക്ഷി സമ്പ്രദായത്തെ ഇത്രയധികം വിമർശിക്കുന്നതു്. അതു് മനസ്സിലാക്കണമെങ്കിൽ ഭിന്നരാഷ്ട്രീയകക്ഷികളുടെ ഉത്ഭവം തിതന്നെ മനസ്സിലാക്കണം. ഇംഗ്ലണ്ടിലെ ജന്മിവർഗ്ഗത്തിൻെറ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായിട്ടാണ് യാഥാസ്ഥിതികകക്ഷി രൂപീകരിച്ചതു്. ഉയർന്നുവന്ന മുതലാളിത്തത്തിൻെറ ജിഹ്വയായി ലിബറൽകക്ഷിയും ഉണ്ടായി. തൊഴിലാളിവർഗ്ഗത്തിൻെറ സംഘടനാശക്തി വർദ്ധിച്ചതോടുകൂടി തൊഴിലാളികക്ഷിയും സ്ഥാപിതമായി. ഇങ്ങിനെ നോക്കിയാൽ മുതലാളിത്തത്തിൽ ഓരോ സാമ്പത്തികവർഗ്ഗത്തിൻെറയും താല്പര്യം സംരക്ഷിക്കുന്നതിനു് ഓരോ രാഷ്ട്രീയകക്ഷി കൂടിയേതീരു എന്നു് കാണാം. അതുകൊണ്ടാണു് ജനാധിപത്യത്തിനു് ഭിന്നകക്ഷികൾ ആവശ്യമാണെന്നു് വന്നിരിക്കുന്നതു്. എന്നാൽ സോവിയററു് യൂണിയനിൽ ഭിന്നസാമ്പത്തികവർഗ്ഗങ്ങളില്ല. അതുകൊണ്ടു് അവിടെ ഭിന്നരാഷ്ട്രീയകക്ഷികളുമില്ല. ഇതിൽ അത്ഭുതത്തിനു് അവകാശമില്ല. കാരണം സോഷ്യലിസത്തെത്തന്നെ നശിപ്പിക്കണമെന്നു് പറയുന്ന ഒരു കക്ഷിയെ അവിടെ അനുവദിക്കയുമില്ല. വിവിധ താല്പര്യങ്ങളെ പ്രകടിപ്പിക്കുവാൻ അവിടെ ഓരോ വിഭാഗത്തിനും സംഘടനകളുണ്ടു്. ഭരണാധികാരം സോവിയററുകൾവഴി വിഭജിച്ചു് ഭരണകൂടത്തിൻെറ പ്രാധാന്യം കുറയ്ക്കുക എന്നതാണ് സോവിയററിൻെറ ലക്ഷ്യം. മാത്രമല്ല സോവിയററുയൂണിയനിൽ മൂന്നിലൊന്നു് പാർലമെണ്ടറി സ്ഥാനങ്ങൾ കക്ഷിരഹിതരായവർക്കു് നീക്കിവച്ചിരിക്കുകയാണു്.

പ്രത്യേകിച്ചും ഓർമ്മിക്കേണ്ടതുണ്ട്. ഇന്ത്യയിൽ കോൺഗ്രസ്സ് ഗവർമ്മെണ്ടുകൾ അധികാരത്തിൽ വന്നതിൽ പിന്നീട് ഏകകക്ഷി ഭരണത്തെ അത്യധികം വിമർശിച്ചുകാണാറുമില്ല. കോൺഗ്രസ്സ് മററു രാഷ്ട്രീയകക്ഷികളോടെടുക്കുന്ന നയം കുപ്രസിദ്ധവുമാണല്ലോ.

## എട്ട്: സോഷ്യലിസം മതത്തിനെതിരാണോ?

അല്ല. മതം വ്യക്തിയുടെ സ്വന്തകാര്യമാണ്. മതത്തെ എതിർക്കുകയെന്നത് ഇന്നുവരെ ഒരു സോഷ്യലിസ്റ്റ് പരിപാടിയുടെയും ഭാഗമായിരുന്നിട്ടില്ല. റഷ്യയിലെ പുരോഹിതന്മാർ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുന്നത് ലെനിൻ അനുവദിച്ചിരുന്നു. പക്ഷേ മതത്തിന്റെ മറവിൽനിന്നുകൊണ്ട് സമുദായദ്രോഹം നടത്തുന്നവരെ സോഷ്യലിസം എതിർക്കും. സമുദായശത്രുക്കളെ നിയമപ്രകാരം ശിക്ഷിക്കുന്നത് മതദ്രോഹമായിത്തീരുകയില്ലല്ലോ. മുടക്കമുതലിൽനിന്ന് പലിശ പററാൻ മതസംഘടനകളെയും അനുവദിക്കുകയില്ല.

## ഒമ്പത്: സ്റ്റാലിൻ ഒരു സ്വേച്ഛാധിപതിയാണോ?

അതെ. മഹാത്മാഗാന്ധി എങ്ങിനെ ഇന്ത്യൻജനതയുടെ അധിപതിയായിരുന്നോ, റഷ്യൻജനതയ്ക്ക് അങ്ങിനെയൊരു രാഷ്ട്രപിതാവാണ് സ്റ്റാലിൻ. ഈ ചോദ്യം ചോദിക്കുന്നവർ സോഷ്യലിസത്തെപററി പഠിക്കാൻ ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല സ്റ്റാലിൻ എന്ന വ്യക്തിയുടെ രാഷ്ട്രീയപാരമ്പര്യത്തെപററി ഒന്നും അറിയു

നമില്ല. ഗാന്ധിജിയുടേതിലും ദീർഘമായ ഒരു ജനസേവന പാരമ്പര്യമാണദ്ദേഹത്തിനുള്ളത്. 1917-ലെ വിപ്ലവം മുതൽ അദ്ദേഹം റഷ്യയൊട്ടുക്ക് പ്രസിദ്ധനായി. അതിനെത്രയോ മുമ്പുമുതൽ അദ്ദേഹം രാഷ്ട്രീയപ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. ഇത്രയും നീണ്ട ഒരു കാലഘട്ടം മുഴുവനും തോക്കിന്റെ ബലംകൊണ്ടാണ് അദ്ദേഹം ഭരിക്കുന്നതെന്ന് ധരിക്കുന്നത് ബുദ്ധിഹീനതയായിരിക്കുകയില്ലേ. ഗാന്ധിക്കുണ്ടായിരുന്ന സ്വേച്ഛാസ്വാതന്ത്ര്യംപോലും സ്റ്റാലിനില്ല. ഒരുവശത്ത് മുതലാളിത്തരാഷ്ട്രങ്ങളുടെ ശത്രുത, മറുവശത്ത് വിപ്ലവപാരമ്പര്യമുള്ള ഒരു മഹനീയജനതയുടെ സ്വാതന്ത്ര്യബോധം; ഇതിനിടയിൽ ഒരു സ്വേച്ഛാധിപതിക്ക് പററിയ സ്ഥാനമില്ല. മാർക്സിസമെന്ന ശാസ്ത്രത്തെ അനുസരിക്കുന്ന സ്റ്റാലിന് പൊതുകാര്യങ്ങളിൽ സ്വേച്ഛയെന്നൊന്നു തന്നെയില്ല

## പത്ത്. സോവിയറ്റ് യൂണിയന് സാമ്രാജ്യത്വദുർമ്മോഹമില്ലേ?

സോവിയറ്റ് വിരോധികൾ ഈ ആരോപണത്തിന് തെളിവായിട്ടു ധരിക്കുന്നത് ഫിൻലാൻഡ്, പോളണ്ട്, റുമേനിയൻ ബെസ്സറബിയാ, പേർഷ്യ എന്നീ രാജ്യങ്ങളുമായിട്ടുണ്ടായിട്ടുള്ള കലഹങ്ങളാണ്. സോവിയറ്റ് യൂണിയന് ലോകത്തിലേക്കേററവും ശക്തിമത്തായ ഒരു പട്ടാളമുണ്ട്. ചിലപ്പോൾ മററു രാഷ്ട്രങ്ങളുമായി സോവിയറ്റ് കലഹത്തിലേർപ്പെടാറുണ്ട്. ശരിതന്നെ. പക്ഷെ അത് സാമ്രാജ്യത്വത്തിന്റെ തെളിവാണോ.

ഈ പ്രശ്നത്തിന്റെ പ്രതിപാദനത്തിൽ ആദ്യമായി മനസ്സിലാക്കേണ്ടത് സോഷ്യലിസത്തിൽ സാമ്രാജ്യത്വം അസാദ്ധ്യമാണെന്നും, സോവിയറ്റ് യൂണിയന

തീനാവശ്യമില്ലെന്നുമാണ്. സാമ്രാജ്യത്വത്തിന്റെ ലക്ഷ്യം നല്ലവിലയ്ക്ക് ഉല്പന്നങ്ങൾ വിററഴിക്കുകയും, കുറഞ്ഞവിലയ്ക്ക് അസംസ്കൃതസാധനങ്ങൾ വാങ്ങുകയും ചെയ്യാവുന്ന മാർക്കററുകൾ ലഭിക്കുകയാണ്. ലോകത്തിലേററവും കൂടുതൽ പ്രകൃതിവിഭവങ്ങൾ സ്വന്തം രാജ്യത്തിലുള്ള സോവിയററിനു, ആവശ്യമനുസരിച്ച് ഉല്പാദനം പ്ലാൻചെയ്യുന്നതുകൊണ്ട് വിററഴിക്കേണ്ട മിച്ചംചരക്കുകൾ ഇല്ലാത്ത സോവിയററിന് ഇതൊരു ആവശ്യമല്ല. അതുകൊണ്ടുതന്നെയാണ് സോവിയററ്യൂണിയന് സാമ്രാജ്യത്വലക്ഷ്യം ഇല്ലാത്തതു്. ഇനി, സോഷ്യലിസത്തിന്റെ പ്രചരണത്തിനു് വേണ്ടി രാജ്യങ്ങൾ പിടിച്ചടക്കി സോഷ്യലിസം സ്ഥാപിക്കുക എന്ന ലക്ഷ്യമാണുള്ളതെന്നു ചിലർ പറയുന്നു. പക്ഷെ അങ്ങിനെ പിടിച്ചടക്കി സ്ഥാപിക്കാവുന്ന ഒന്നാണ് സോഷ്യലിസം എന്നു് സോഷ്യലിസ്റ്റുകൾ വിചാരിക്കുന്നില്ല. പൊതുജനസഹകരണം ഇല്ലാതെ സോഷ്യലിസം സാധ്യമല്ല. അതുകൊണ്ട് അതതു് രാജ്യത്തിലെ ജനങ്ങളുടെ പ്രവർത്തനംകൊണ്ടല്ലാതെ മറെറാരു ശക്തിയുടെ ഇടപെടൽകൊണ്ട് സോഷിലിസമുണ്ടാകുന്നതല്ല.

പക്ഷെ ഇതുകൊണ്ട് സോവിയററ്യൂണിയൻ ഒരിക്കലും യുദ്ധംചെയ്യുകയില്ലെന്ന് അർത്ഥമാക്കേണ്ടതില്ല. സ്വന്തംനാടിനെ ശത്രുക്കളിൽനിന്നു് രക്ഷിക്കുവാൻ സോവിയററ് യുദ്ധംചെയ്യും. ഫിൻലാൻഡും, റഷ്യയുമായിട്ടുള്ള യുദ്ധമാണ് ഇതിനൊരു ഉദാഹരണം. ചേമ്പർലെയിൻഭരണകാലത്തു് ബ്രിട്ടീഷ് സാമ്രാജ്യത്വം ഫിൻലാൻഡിനെ കയ്യടക്കിവച്ചുകൊണ്ട് സോവിയററിനെ ആക്രമിക്കാൻ വട്ടം കൂട്ടി. 100,000 പേരുണ്ടായിരുന്ന ഒരു പട്ടാളത്തെ ഫിൻലണ്ടിലേക്കയിച്ചിട്ടുണ്ടെന്നും, ഇനിയും അയക്കുന്നുണ്ടെന്നും ചേമ്പർലെയിൻ പാർലമെണ്ടിൽ പ്രസ്താവിച്ചു. ഈ കുതന്ത്രത്തെ പൊളിച്ച് സ്വന്തം അതിർത്തി സുരക്ഷിതമാക്കാൻവേണ്ടിയാണ് സോവിയററു ഫിൻലാണ്ടിനോട് യുദ്ധം ചെയ്തതു്. ആ യുദ്ധത്തിലാകട്ടെ 563 സിവിലിയന്മാർ മാത്രമേ മരിച്ചിട്ടുള്ളു എന്ന്

ബ്രിട്ടീഷ് കണക്കുകൾ പറയുന്നു ഏതാണ്ട് വയലാറിൽ മരിച്ചിടത്തോളം. ഇതാണ് റഷ്യയുടെ സാമ്രാജ്യദുർമ്മോഹമായി കുത്തിപ്പൊക്കിക്കൊണ്ടുവരുന്ന ഒരു ഉദാഹരണം. മറെറാന്ന് പോളണ്ടാണ്. ഹിററ്ലർ പോളണ്ടിലേക്ക് പാഞ്ഞുകയറിയപ്പോൾ മറുവശത്തുനിന്ന് ചുവപ്പുപടയും പോളണ്ടിലേക്ക് കയറി. അന്ന് സോവിയററ് അതിർത്തികൾ സുരക്ഷിതമല്ലായിരുന്നു. എന്തുവന്നാലും പോളണ്ട് മുഴവനായി ഹിററ്ലരുടെ തോന്ന്യാസത്തിനു വിട്ടിട്ട് വിഢികളിക്കാൻ സോവിയററ് തയ്യാറായിരുന്നില്ല. ഈ പ്രവർത്തനം മൂലമാണ് ഹിററലറുടെ മുന്നേററത്തെ വാർസോയിൽ വച്ചെങ്കിലും തടയാൻ കഴിഞ്ഞത്. ബെസ്സറബിയയുടെ കാര്യമാണെങ്കിൽ അത് പല ശതാബ്ദങ്ങളായി റഷ്യയുടെ ഭാഗമായിരുന്നു. ഒന്നാംലോകമഹായുദ്ധത്തിന്റെയും വിപ്ലവത്തിന്റെയും സൗകര്യം നോക്കി റുമേനിയാ പിടിച്ചെടുത്തു എന്നു മാത്രമേ ഉള്ളൂ. അതു തിരിച്ച് റഷ്യയ്ക്ക് കൊടുത്തത് നീതിമാത്രമാണെന്ന് ലോകമൊട്ടാകെ സമ്മതിക്കപ്പെട്ട പരമാർത്ഥമാണ്. ഇനി പേർഷ്യയുടെ കാര്യമാണ്. ആംഗ്ലോ ഐറേനിയൻ ഓയിൽ കമ്പനിയിൽ ജോലിക്ക് പോയിട്ടുള്ള കേരളീയർക്കറിയാം പേർഷ്യൻ ഗവർമ്മെണ്ടിന്റെ ശക്തി. ആംഗ്ലോ അമേരിക്കൻ മുതലാളിമാരുടെ ഒരു കളിപ്പാവ മാത്രമാണ് പേർഷ്യൻ ഗവർമ്മെണ്ട്. സോവിയററിന്റെനേരെ ഒരു യുദ്ധമുണ്ടായാൽ പേർഷ്യ ഒരു പ്രവേശനദ്വാരമായിരിക്കണമെന്നും, പേർഷ്യയിലെ പെട്രോൾ തട്ടിക്കൊണ്ടുപോകണമെന്നും ആണ് സാമ്രാജ്യത്വത്തിന്റെ ലക്ഷ്യം. ഇതിന് കരുതൽനടപടി എന്ന നിലയ്ക്ക് പേർഷ്യൻ അതിർത്തിയിൽ സോവിയററു പട്ടാളം കാവല്പാർപ്പിച്ചിട്ടുണ്ട്. യുദ്ധകാലത്ത് ടെഹറാനുൾപ്പെടെയുള്ള പേർഷ്യൻ പ്രദേശങ്ങൾ സോവിയററധീനത്തിലായിരുന്നുവെന്നും, പിന്നീട് വിട്ടുകൊടുത്തതാണെന്നും ഇവിടെ സ്മരിക്കേണ്ടതാണ്. ഗ്രീസിൽനിന്നാണെങ്കിൽ ബ്രിട്ടീഷമേരിക്കൻ പട്ടാളങ്ങൾ ഇതുവരെ പിൻവാങ്ങിയിട്ടില്ല.

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നതു് സോവിയററ് യൂണിയൻ അവരുടെ രക്ഷയ്ക്കുവേണ്ടി മാത്രമേ യുദ്ധം ചെയ്യു എന്നാണു്. കഴിഞ്ഞ മുപ്പതുവർഷത്തെ സോവിയററ് വിദേശകാര്യനയം (ലീഗ് ഓഫ് നേഷൻസിൽ ലിററ്വിനോഫിന്റെ പ്രവർത്തനം, സ്പെയിൻകാര്യം ഫാഷിസത്തെ ചെറുക്കുവാനുള്ള സന്ധിസംഭാഷണങ്ങൾ, യൂനോവിൽ എടുക്കുന്ന നില) സമാധാനത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. പക്ഷേ സമാധാനവും, ആത്മരക്ഷയും വിപരീതമായിവരുമ്പോൾ സോവിയററ് ആത്മരക്ഷ സ്വീകരിക്കുമെന്നു് മാത്രം. ഇതിന്റെ നീതി മനസ്സിലാക്കുവാൻ കാഷ്മീറിലും, ജൂനഗാഡിലും ഇന്ത്യൻയൂണിയൻ ഗവമ്മെന്റു് നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. പണ്ഡിതനെഹ്രുവിന്റെ ഗവർമ്മെണ്ടിനു ഉള്ളിടത്തോളം സമാധാനാഭിലാഷമേ സോവിയററ് ഗവർമ്മെണ്ടനുമുള്ളു. സമരാസക്തിയും അത്രമാത്രം.

## പതിനൊന്നു്: യൂറോപ്പിലെ കോമിൻഫോം എന്താണു്?

കോമിൻഫോമിന്റെ പൂർണ്ണരൂപം കമ്യൂണിസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ എന്നാണു്. യൂറോപ്പിലെ ഒമ്പതു് രാജ്യങ്ങളിലെ കമ്യൂണിസ്റ്റ്പാർട്ടികൾ ചേർന്നാണു് ഈ സംഘടന ഉണ്ടാക്കിയിരിക്കുന്നതു്. ഇതു് പിരിച്ചുവിടപ്പെട്ട ഇന്റർനാഷനലിന്റെ പുതിയരൂപമല്ല. ഇതിന്റെ ലക്ഷ്യം സംഘടനാപരവുമല്ല. യൂറോപ്പിലെ വിവിധരാജ്യങ്ങളിലെ കമ്യൂണിസ്റ്റ്കക്ഷികൾ തമ്മിൽ പരസ്പരം ആശയകൈമാററം ചെയ്യുന്നതിനുള്ള ഒരേർപ്പാടാണു്. ഓരോ രാജ്യത്തിന്റെയും അനുഭവങ്ങളിൽ നിന്നു് മററു രാഷ്ട്രങ്ങൾക്കു് ഒട്ടുവളരെ പഠിക്കാനുണ്ടാകും. ഇങ്ങിനെ പരസ്പരം ആലോചിച്ചു് പ്രവർത്തിക്കേണ്ട ഒരു

പരിതസ്ഥിതിയാണു് ഇന്നു് യൂറോപ്പിലുള്ളതു്. യൂറോപ്പിനെ അമേരിക്കൻ കോളണിയാക്കിത്തീർക്കാനും, പശ്ചിമയൂറോപ്യൻ രാഷ്ട്രങ്ങളെക്കൊണ്ടു് സോവിയററിനോടു് ഒരു യുദ്ധം നടത്തിക്കാനും ഉള്ള പരിശ്രമമാണു് ഇന്നു് നടന്നുവരുന്നതു്. ഈ പരിപാടിയുടെ ഭാഗമാണു് മാർഷൽപദ്ധതി. വളരെ ഒച്ചപ്പാടുണ്ടാക്കിയ മാർഷൽപദ്ധതി തകരുന്ന കാഴ്ച ഇന്നുതന്നെ നമുക്കു് കാണാൻ കഴിയുന്നുണ്ടു്. യൂറോപ്പിലെ ജനങ്ങൾക്കതു വേണ്ട. ഇത്തരം പ്രശ്നങ്ങളെപ്പററി വിവരങ്ങൾ ശേഖരിക്കുക, പ്രചരണം നടത്തുക എന്നിവയായിരിക്കും കോമിൻഫോമിന്റെ പ്രവർത്തനം. കോമിൻഫോമിന്റെ മുഖപത്രത്തിന്റെ ആദ്യലക്കത്തിൽ അതിന്റെ ലക്ഷ്യം പ്രഖ്യാപനം ചെയ്തിരിക്കുന്നു:—

"യുദ്ധപ്രചാരകന്മാർക്കെതിരായും, ശാശ്വതസമാധാനത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള ജനങ്ങളുടെ ശബ്ദം ഈ പത്രത്തിൽ നിന്നു് മുഴങ്ങികേൾക്കുന്നതായിരിക്കും."

## പന്ത്രണ്ടു്: 1942-ൽ കമ്യൂണിസ്റ്റ്കാർ ഇന്ത്യയെ വഞ്ചിച്ചില്ലേ?

പറഞ്ഞാലൊടുങ്ങാത്ത ഒരു പ്രശ്നമാണിതു്. 1942-ൽ ഇന്ത്യയുടെ നയമെന്തായിരുന്നു. ഏതെങ്കിലുമൊരു നയമുണ്ടായിട്ടല്ലേ വഞ്ചിക്കുകയെന്ന പ്രശ്നമുത്ഭവിക്കുന്നതു്. ജനങ്ങൾ ജപ്പാനിൽനിന്നും ജർമ്മനിയിൽനിന്നും രക്ഷകിട്ടുമെന്നു് പ്രതീക്ഷിച്ചു. 1942-ൽ ഒരു സമരം നടത്തി. പക്ഷേ ആ സമരം ജപ്പാൻ ഇന്ത്യയെ ആക്രമിക്കാൻ ഒരു ക്ഷണനം മാത്രമായിട്ടേ തീരു എന്നുകണ്ട കമ്യൂണിസ്റ്റ്കാർ അതിൽ പങ്കെടുത്തില്ല. ഫാഷിസത്തെ നശിപ്പിക്കുവാനുള്ള സമരത്തിൽ ബ്രിട്ടന്റെ കൈകളെപോലും ശക്തിപ്പെടുത്തുന്നതിൽ തെ

ററില്ലെന്നു് അവർ പറഞ്ഞു. ഈ നയം തന്നെയാണ്, ബർമ്മയിലെ ഓങ്ങ് സാനും, ഇന്തോനേഷ്യയിലെ സുതൻഷാറിറും, വിയറ്റ്നാമിലെ ഹോചിൻമിങ്ങും സ്വീകരിക്കേണ്ടിവന്നതു്. അവരാരും രാജ്യവഞ്ചന ചെയ്തില്ലെങ്കിൽ കമ്യൂണിസ്റ്റുകാരും ചെയ്തിട്ടില്ല. 1942 ലെ ഇന്ത്യയിലെ രാഷ്ട്രീയപശ്ചാത്തലവും, സമരത്തിന്റെ ഗതിയും മനസ്സിലാക്കുവാൻ പണ്ഡിതനെഹ്രുവിന്റെ "ഇന്ത്യയുടെ കണ്ടുപിടുത്തം" എന്ന ഗ്രന്ഥവും, ശ്രീ. കെ. പി. കേശവമേനോന്റെ മാതൃഭൂമി ലേഖനങ്ങളും വായിക്കുക.

## പതിമൂന്ന്: വയലാർപുന്നപ്രസമരങ്ങൾ പരാജയമായിരുന്നില്ലേ?

ഈ ചോദ്യത്തിനു് ശ്രീ. കെ. സി. ജോർജ്ജ് എഴുതിയ "പുന്നപ്ര-വയലാർ" എന്ന പുസ്തകമാണ് മറുപടി. പക്ഷേ വയലാറിലും പുന്നപ്രയിലും നടന്നതു് സമരമായിരുന്നില്ലെന്നുമാത്രം ഇവിടെ പറയാം. മർദ്ദനം കൊണ്ടു് സഹികെട്ട തൊഴിലാളിവർഗ്ഗം ആത്മാഭിമാനസംരക്ഷണത്തിനുവേണ്ടി തിരിച്ചടിച്ചു. ധീരമായ ആ ചെറുത്തുനില്പും അതിനെ തുടർന്നുണ്ടായ സർ സി. പി. യുടെ രാജിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ചരിത്രം തെളിയിക്കും. നെയ്യാററിൻകരയ്ക്കും, കടക്കലിനും, വ. ഉളപ്പള്ളിക്കും, പേട്ടയ്ക്കും തിരുവിതാംകൂറിന്റെ ദേശീയചരിത്രത്തിൽ സ്ഥാനമുണ്ടെന്നും, പുന്നപ്രയ്ക്കും വയലാററിനും ഇല്ലെന്നും പറയുന്നതിന്റെ മൗഢ്യം വിശദീകരണമർഹിക്കുന്നതേയില്ല. ഒന്നുമാത്രം ഇവിടെ പറയേണ്ടതുണ്ടു്. തിരുവിതാംകൂറിലെ തൊഴിലാളിവർഗ്ഗം അന്നു നടത്തിയ പ്രക്ഷോഭണം ദിവാൻഭരണത്തിനെതിരായിരുന്നുവെന്നു് ഗവർമ്മെണ്ടും സമ്മതിക്കും. ഒരൊററ സോഷ്യലിസ്റ്റ് മുദ്രാവാക്യ

ങ്ങൾപോലും അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ അന്ന് മുഴങ്ങിക്കേട്ടില്ല. താലൂക്കുതോറുമാണ് സോഷ്യലിസം സ്ഥാപിക്കുന്നതെന്ന് ധരിക്കുന്ന ഭ്രാന്ത് തിരുവിതാംകൂറിലെ തൊഴിലാളിവർഗ്ഗത്തിനില്ല. പുന്നപ്രവയലാർ സമരങ്ങൾ അക്രമമായിരുന്നുവെന്ന് അധികാരികൾക്ക് വിശ്വാസമുണ്ടെങ്കിൽ അനേകം പേരെ ലോക്കപ്പിലിട്ട് മർദ്ദിച്ച്, പട്ടാളക്കോടതി മുഖാന്തിരം ശിക്ഷിക്കാതെ ഒരു പരസ്യാന്വേഷണത്തിന് തയ്യാറാകേണ്ടതായിരുന്നല്ലോ.

## പതിന്നാല്: ഇന്ത്യയും റഷ്യയുമായി ഒരു യുദ്ധമുണ്ടായാൽ കമ്യൂണിസ്റ്റുകാർ ആരുടെ ഭാഗത്ത് നിൽക്കും?

ഒന്നിടവിട്ട ദിവസങ്ങളിൽ മാർക്സിസവും, ഗാന്ധിസവും മാറിമാറി ഉരുവിടുന്ന ഒരു മഹാൻ കോട്ടയത്തുവച്ച് ചോദിച്ച ഒരു കടിച്ചാൽപൊട്ടാത്ത ചോദ്യമാണിത്. ഈ ഒരു ചോദ്യം മാത്രമേ ഉത്തരമില്ലാത്തതുള്ളൂ എന്ന് ധരിക്കുന്നതാണ് വങ്കത്തം. ഇനിയുമുണ്ട് അത്തരം ചോദ്യങ്ങൾ ഒരു അമ്മയും അച്ഛനുമായി അടിയുണ്ടായാൽ മകൻ ഏതുപക്ഷത്തു നില്ക്കും. പറയൂ. ഉത്തരം പറയൂ? നിങ്ങൾ വിഷമിക്കാതെ എന്തു ചെയ്യും.

ഇതിൽ വ്യക്തമായിട്ടൊന്ന് മനസ്സിലാക്കാനുള്ളത് ഇന്ത്യയും സോവിയറ്റ് യൂണിയനുമായി യുദ്ധമുണ്ടാവുകയില്ല എന്നതാണ്. അത് സോവിയറ്റ് യൂണിയന്റെയും, ഇന്ത്യയുടെയും വിദേശകാര്യനയം അറിവുള്ള ആരും സമ്മതിക്കും. പിന്നെ ഒരു യുദ്ധമുണ്ടാവാനുള്ള വഴി മതത്തിനും മടിശ്ശീലയ്ക്കുംവേണ്ടി സ്വന്തനാടിനെ ഒററി

കൊട്ടത്തവരുടെ കൈയിൽ (പെററയിൻ, ഡാർലൻ, ക്വിസ്ലിംഗ്, മനു, മിഹൈഹലോവിച്ച്) ഭരണകൂടം ചെന്നുചേരുക മാത്രമാണ്. നെഹ്രുവിനെ വധിച്ച് ഹിന്ദുഗവർമ്മെണ്ടുണ്ടാക്കാൻ പരിശ്രമിക്കുന്ന ഇന്ത്യൻഫാഷിസ്റ്റുകളുടെ കൈയിൽ അധികാരം ചെന്നുചേരുമ്പോഴാണ്. അന്ന് ഈ രാജ്യദ്രോഹികളെ സർവ്വശക്തിയുമുപയോഗിച്ച് സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരെല്ലാം എതിർക്കും. അത് സോവിയററിനെ സഹായിക്കയാണെന്ന് വ്യാഖ്യാനിക്കാൻ അമേരിക്കയിലോ ഇററലിയിലോ കേന്ദ്രങ്ങൾ ഉണ്ടായിയെന്നും വരും. പക്ഷേ ഇതിന്റെയും അവസാനം രണ്ടാംലോകമഹായുദ്ധത്തിന്റെ അവസാനംപോലെയിരിക്കും.

# പതിനഞ്ച്: സോഷ്യലിസത്തിൽ വ്യക്തിസ്വാതന്ത്ര്യമുണ്ടോ?

സോഷ്യലിസത്തിൽ മാത്രമാണ് പരിപൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യമുള്ളത്. അത് ഒരു ചെറിയ വിഭാഗത്തിനു മാത്രമായിരിക്കുകയില്ല. എല്ലാ വ്യക്തികൾക്കും ഉണ്ടായിരിക്കും എന്നതാണ് സോഷ്യലിസത്തിന്റെ പ്രത്യേകത. ഒരു സ്വാതന്ത്ര്യം മാത്രം സോഷ്യലിസം നിഷേധിക്കുന്നു: മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കുവാനുള്ള സ്വാതന്ത്ര്യം. വ്യക്തിയും സമുദായവുമായിട്ടുള്ള ബന്ധത്തെപററി മൂന്ന് ചിന്താഗതികളാണുള്ളത്. ഒന്നാമത്തേത് വ്യക്തിക്ക് എന്തുംചെയ്യാനും സ്വാതന്ത്ര്യം കൊടുക്കണമെന്നവാദം. ഇത് പരിപൂർണ്ണഅരാജകവാദമാണ്. എന്നാൽ മുതലാളിത്തലോകത്തിൽ ഉ അതരം സ്വാതന്ത്ര്യമുണ്ടെന്നാണ് ഇന്ന് പലരും ധരിച്ചുവച്ചിരിക്കുന്നത്. ഈ ചിന്താഗതിക്ക് കാരണം മനുഷ്യസമുദായത്തെ പൊതുവേ കാണാതിരിക്കുന്ന സ്വാർത്ഥലോലുപതയാണ്. രണ്ടാമത്തെ ചിന്താ

ഗതി ടോട്ടലിറ്റേറിയനിസത്തിന്റേതാണ്, അഥവാ ഫാഷിസത്തിന്റെ. ഇതനുസരിച്ച് വ്യക്തികൾക്ക് യാതൊരു സ്ഥാനവും ഇല്ല. രാഷ്ട്രം മാത്രമാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. വ്യക്തികൾ രാഷ്ട്രത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്. മൂന്നാമത്തെ ചിന്താഗതിയനുസരിച്ച് "മനുഷ്യൻ സമുദായത്തിലെ വ്യക്തി"യാണ്. വ്യക്തിക്കു വളരാനും, നന്നാവാനും ഉള്ള സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നതിനോടൊപ്പം തന്നെ സമുദായത്തെ ദ്രോഹിക്കുന്നതിനു് ഉള്ള ദുസ്വാതന്ത്ര്യത്തെ നിരോധിക്കുകയും ചെയ്യുന്നു. ഇതാണ് സോഷ്യലിസ്റ്റ് വ്യക്തിസ്വാതന്ത്ര്യം. ഇതിനെ ഫാഷിസത്തിന്റെ വാദവുമായി കൂട്ടിക്കുഴച്ചുപറയുന്നതു മുതലാളിത്തത്തിന്റെ ദുഷ്പ്രചരണത്തിന്റെ ഉദാഹരണം മാത്രമാണ്.

## പതിനാറ്: സ്വകാര്യസ്വത്തവകാശം നിഷേധിക്കുമോ?

സ്വകാര്യസ്വത്തവകാശം അത്രയ്ക്കു് സനാതനമാണെങ്കിൽ അതു് എന്നും ഉണ്ടായിരിക്കേണ്ടതായിരുന്നു. മുതലാളിത്തകാലഘട്ടത്തിനു മുമ്പ് സ്വകാര്യസ്വത്തുടമ എന്നൊന്നില്ലായിരുന്നു. 1108-ലെ ജന്മികുടിയാൻ നിയമത്തിനു് മുമ്പ് തിരുവിതാംകൂറിലെ കൃഷിക്കാരനു് എന്തു സ്വകാര്യസ്വത്തവകാശമാണുണ്ടായിരുന്നതു്. പണ്ടാരവക വസ്തുവിന്റെ കാര്യത്തിലും, അതു് രാജാവിന്റെ വകയാണെന്നാണു് നിയമം പറയുന്നതു്. അങ്ങിനെയാണു് ആ പേരുതന്നെ (ഭണ്ഡാരവക) ഉണ്ടായതു്: പ്രത്യേകിച്ചും ജനസമുദായത്തിൽ തൊണ്ണൂറു ശതമാനത്തിനും സ്വത്തവകാശം നിഷേധിക്കുന്ന ഒരു സ്വകാര്യസ്വത്തുടമ സമ്പ്രദായം അതിന്റെ ലക്ഷ്യത്തെത്തന്നെ നിഷേധിക്കുന്നു.

# പതിനേഴ്: ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ സോഷ്യലിസ്റ്റിന്റെ നില എന്താണ്?

ന്യൂനപക്ഷങ്ങളെ യഥാർത്ഥമായി ബഹുമാനിക്കുകയും അവരുടെ അവകാശങ്ങളെ വകവച്ചുകൊടുക്കുകയും ചെയ്യുന്നതു് സോഷ്യലിസത്തിൽ മാത്രമാണു്. പക്ഷേ മതപരമായ സംഘങ്ങളെ ന്യൂനപക്ഷമായി ഗണിക്കുക സോഷ്യലിസത്തിൽ പതിവില്ല ജാതി. വർഗ്ഗം മുതലായ അടിസ്ഥാനത്തിലുള്ള ന്യൂനപക്ഷങ്ങൾക്കു് വേണ്ട എല്ലാ സംരക്ഷണ വ്യവസ്ഥകളും സോഷ്യലിസം അനുവദിക്കും. ഉദാഹരണത്തിനു് സോവിയററ്‌യൂണിയനിലെ ഏഷ്യാററിക് രാജ്യങ്ങളെ നോക്കുക. സ്വന്തമായി ഒരു നാടില്ലാത്ത യഹൂദന്മാർക്കു് ഒരു രാജ്യം തന്നെ(ബൂറിയത്തു് മംഗോളിയാ) അവിടെ സ്ഥാപിച്ചുകൊടുത്തിട്ടുണ്ടു്. സാധാരണഗതിയിൽ ആനുപാതികപ്രാതിനിധ്യ വ്യവസ്ഥകൊണ്ടു് ന്യൂനപക്ഷതാല്പര്യങ്ങൾക്കു് സംരക്ഷണം കൊടുക്കാൻ കഴിയും. ഇക്കഴിഞ്ഞ യുദ്ധംവരെ സോവിയററ്‌യൂണിയനിൽ മാത്രമാണു് ന്യൂനപക്ഷപ്രശ്നത്തിനു് പരിഹാരം കണ്ടെത്തിയതെന്നും ഓർമ്മിക്കേണ്ടതാണു്. ബാൾക്കനിലെ ന്യൂനപക്ഷപ്രശ്നത്തിനു് ഇന്നു് പരിഹാരം കണ്ടെത്തിയിരിക്കുന്നതും സോഷ്യലിസ്റ്റ് രീതിയിലാണു്. ഇന്ത്യയിലെ ഹിന്ദു മുസ്ലീം പ്രശ്നത്തിനും ഇതല്ലാതെ മററു് പരിഹാരമാർഗ്ഗമില്ല

# സോഷ്യലിസത്തെപ്പററി പഠിക്കുന്നതിന് പററിയ ചില പുസ്തകങ്ങൾ.

1) സോവിയററ് നാട്:—സി. അച്യുതമേനോൻ
(സോവിയററ് യൂണിയനെപ്പററി പഠിക്കുന്നതിന് മലയാളത്തിലുള്ള ഏററവും നല്ല പുസ്തകം.)

2) കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ:—
മാർക്സ് എംഗൽസ്.
(ശാസ്ത്രീയ സോഷ്യലിസത്തിൻെറ അടിസ്ഥാനപ്രമാണം.)

3) സോഷ്യലിസം; സങ്കല്പികവും ശാസ്ത്രീയവും:—
എംഗൽസ്.
(സോഷ്യലിസ്റ്റ് ചിന്താഗതിയുടെ വളർച്ചയും ഉള്ളടക്കവും വിശദമായി പ്രതിപാദിക്കുന്ന ഗ്രന്ഥം)

4) നാട്ടിൻപുറത്തെ പട്ടിണിപ്പാവങ്ങളോട്:—
ലെനിൻ.
(കൃഷികജനതയുടെ പ്രശ്നങ്ങളും അവരുടെ വിപ്ലവപ്രസ്ഥാനത്തിൻെറ ഗതിയും)

5) സി. പി. എസ്. യു. (ബി)
(സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം)

6) മനുഷ്യൻ:—കെ. ദാമോദരൻ.
(ഭൗതികവാദത്തിൻെറ വെളിച്ചത്തിൽ മനുഷ്യപുരോഗതിയുടെ കഥ)

7) പുന്നപ്ര വയലാർ:—കെ. സി. ജോർജ്ജ്.
(തിരുവിതാംകൂർ സമരത്തിലെ ഏററവും ഉജ്ജ്വലത്തായ അദ്ധ്യായം)

---

# സോഷ്യലിസം

385
610.

NATIONAL BOOK ST
KOTTAYAM